# കരയോഗ സൗഹൃദം


സത്യം പരം ധീമഹി

Rs. 10


മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages - 80

വാല്യം - 7 | ലക്കം - 5 | ഇടവം - 1189 | ജൂൺ - 2014




സേവനം ജീവിത സാഫല്യം

വാല്യം 7 ❖ ലക്കം - 5 ❖ ജൂൺ - 2014

## ഉള്ളടക്കം — നം


| ഉള്ളടക്കം | നം |
|---|---|
| എഡിറ്റോറിയൽ | 1 |
| ക്ഷേത്രങ്ങളിലൂടെ | 2 |
| വ്യക്തിവിശേഷം | 2 |
| ജനറൽസെക്രട്ടറിയുടെ പംക്തി | 3 |
| വാസ്തു സംബന്ധമായ... | 4 |
| ബാലലോകം | 5 |
| മിനികഥ | 5 |
| രാഗപരിചയം | 6 |
| സാക്ഷി | 7 |
| ആദരാഞ്ജലി | 8 |
| സ്താനാർബ്ബുദം | 9 |
| അനീമിയ | 10 |
| സ്ത്രീ സമാജം | 10 |
| ലോക ഓട്ടിസദിനാചരണം | 11 |
| വിശേഷദിവസങ്ങൾ | 13 |
| ചാരിറ്റി | 13 |
| വർഷഋതുചര്യകൾ | 14 |
| സംസ്കൃതപാഠം | 15 |
| കർണ്ണൻ | 16 |
| വിമൻസ് ഫോറം | 18 |
| ആശാന്റെ കവിത | 19 |
| എൽഡർ ഫോറം | 21 |
| ആരാണ് ഞാൻ | 22 |
| നക്ഷത്രഫലം | 26 |
| മാംഗല്യം | 27 |



**പത്രാധിപസമിതി**

**കെ.പി. കൃഷ്ണമേനോൻ**
**(മാനേജിംഗ് എഡിററർ)**

**എം. ശ്രീവല്ലഭൻ നായർ**
**(എഡിററർ)**

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**

**എ. മുരളീധരൻ**

**കെ.വി. രാമചന്ദ്രൻ**

**എം. രാജലക്ഷ്മി**


# എഡിറ്റോറിയൽ...



## സനാതന ധർമ്മ സംരക്ഷണം

സനാതന ധർമ്മവും നമ്മുടെ സംസ്കാരവും നേരിടുന്ന അപചയങ്ങളെക്കുറിച്ചു തന്നെ നമുക്ക് വീണ്ടും ചിന്തിക്കാം.

ആദികാലം മുതൽ തന്നെ സമൂഹത്തിന്റെ വളർച്ചയ്ക്കും, പുരോഗതിക്കും വിഘാതം സൃഷ്ടിക്കുന്ന ദുഷ്ടാന്മാക്കൾ സമൂഹത്തിലുണ്ടായിട്ടുണ്ട്. എണ്ണത്തിൽ ഇവർ വളരെ കുറവായിരിക്കും. പക്ഷെ ഒരു സമൂഹത്തെയോ,ദേശത്തെയോ മുഴുവനായും കളങ്കപ്പെടുത്തുവാനും , നശിപ്പിക്കുവാനും ഇക്കൂട്ടർക്ക് കഴിയും. നന്മകൾ വിളയുന്ന മണ്ണിലും ഇവർ വിതയ്ക്കുന്നത് വിനാശത്തിന്റെ വിത്തുകളായിരിക്കും; അതിൽ നിന്ന് മുളച്ച് വളരുന്നതോ വിഷവൃക്ഷങ്ങളും. ഇന്നും ഇക്കൂട്ടർ എയ്തുവിടുന്ന വിഷശരങ്ങൾ സമൂഹത്തെ എത്രമാത്രം മലീമസമാക്കുന്നുണ്ട് എന്നുള്ളത് സമുദായസ്നേഹമുള്ള, സംസ്കാര മേന്മയുള്ള ഒരാൾക്കും ചിന്തിക്കാതിരിക്കാൻ സാധിക്കില്ല. ഒന്നു ചിന്തിച്ചാൽ മഹാഭാരതയുദ്ധത്തിനുപോലും കാരണമായത് ധൃതരാഷ്ട്രരുടെ അന്ധമായ പുത്രവാത്സല്യത്തെക്കാളും, ദുര്യോധനദുശ്ശാനാദികളുടെ അഹങ്കാരത്തെക്കാളും കൂടുതൽ ശകുനിമാമന്റെ കുടില തന്ത്രങ്ങളായിരുന്നില്ലേ.? അസൂയയും അഹങ്കാരവും മൂത്ത ദുര്യോധനാദികൾക്ക് ശകുനി കൊടുക്കുന്ന ധൈര്യം പാണ്ഡവരെ കള്ളച്ചൂതിൽ തോല്പിച്ച് തരാമെന്നാണല്ലോ. അതിനായുള്ള ശകുനിയുടെ കള്ളച്ചൂത് കളിയല്ലെ പിന്നീടുണ്ടായ എല്ലാ ദുരന്തങ്ങൾക്കും, അവരുടെ തന്നെ സർവ്വ നാശത്തിനും കാരണമായത്.

മഹാഭാരതത്തിൽ പറഞ്ഞിരിക്കുന്നതുപോലെ തന്നെ നന്മയിലൂടെ പുരോഗതിയിലേക്ക് മുന്നേറുന്ന നമ്മെ, അധർമ്മത്തിന്റെയും, സംസ്കാര ശൂന്യതയുടെയും പര്യായമായറിയപ്പെടുന്ന ചില ശകുനിമാർ അസൂയയും. അപകർഷതാബോധവും മൂത്ത് സമചിത്തതയില്ലാതെ അസഭ്യങ്ങളും അപവാദങ്ങളും പ്രചരിപ്പിച്ച് നടക്കുന്നുണ്ട്. ഗീതയിൽ ഭഗവാൻ ഇത്തരക്കാരെക്കുറിച്ച് പറഞ്ഞിട്ടുണ്ട്.

**ക്രോധാദ് ഭവതി സമ്മോഹഃസമ്മോഹാൽ സ്മൃതി വിഭ്രമഃ**
**സ്മൃതി ഭ്രംശാദ് ബുദ്ധിനാശോ, ബുദ്ധിനാശാൽ പ്രണശ്യതി**

ക്രോധം വിവേകത്തെ നശിപ്പിക്കുന്നു, വിവേകം നശിക്കുമ്പോൾ ഓർമ്മ ശക്തി ക്ഷയിക്കുകയും, അത് ബുദ്ധിനാശത്തിനും,ബുദ്ധിനാശം ആത്മ നാശത്തിനും കാരണമാവുകയും ചെയ്യുന്നു.

എത്ര കൃത്യമായാണ് ഭഗവാൻ വസ്തുതകൾ നിരത്തിയിരിക്കുന്നത്. ഇക്കൂട്ടർ സ്വയം കുഴിക്കുന്ന കുഴിയിൽ വീണ് സ്വയം നശിക്കുകയും ചെയ്യുന്നു.

വീണ്ടും ഭഗവാന്റെ വാക്കുകൾ ശ്രദ്ധിക്കാം.


**മോഘാശാ മോഘകർമാണോ മോഘജ്ഞാനാ വിചേതസഃ**
**രാക്ഷസീ മാസുരീം ചൈവ പ്രകൃതീം മോഹിനീം ശ്രീതാഃ**

നിഷ്ഫലമായ ആഗ്രഹങ്ങളോടും, പ്രവർത്തികളോടും, അറിവോടും കൂടിയ അവിവേകികൾ രാക്ഷസവും, രാജസവുമായ ഭാവത്തോടു കൂടിയവരായിരിക്കും.

അപ്പോൾ ഇത്തരക്കാരിൽ നിന്നും ഇതൊക്കെ ഉണ്ടാകുന്നതിൽ അത്ഭുതപ്പെടാനില്ല. ആസുര, രാക്ഷസസ്വഭാവമുള്ളവരിൽ നിന്നും മറ്റെന്ത് പ്രതീക്ഷിക്കാൻ. എന്നാൽ ഇങ്ങനെ സ്വഭാവവൈകൃതമുള്ളവരുടെ ദുഷ്പ്രവൃത്തികൾക്ക് തടയിട്ട് നമ്മുടെ സമുദായത്തേയും, പൊതുസമൂഹത്തെയും രക്ഷിക്കേണ്ടത് ധർമ്മരക്ഷയുടെ ഭാഗമായി കരുതി ആ കർമ്മം നാം ഏറ്റെടുക്കേണ്ടതുണ്ട്. ഹൈന്ദവരുടെ പൊതുവേയും, നായരുടെ പ്രത്യേകിച്ചും വളർച്ചയെ തളർത്തുന്നത് ഇത്തരം കുബുദ്ധികളാണ്. പൊതുസമൂഹം ഒരു ഉടലെങ്കിൽ ആ ഉടലിനെ ബാധിക്കുന്ന അർബുദമാണ് ഇത്തരക്കാർ. ചികിത്സകൊണ്ട് ഫലമില്ലെന്നു വന്നാൽ പിന്നെ രോഗം ബാധിച്ച ഭാഗം നീക്കം ചെയ്യുകയല്ലെ നിർവ്വാഹമുള്ളൂ! സമൂഹത്തെ വിഷലിപ്തമാകാതെ, രോഗഗ്രസ്ഥമാകാതെ കാത്തുസൂക്ഷിക്കേണ്ടതുള്ളതുകൊണ്ട് സമുദായ സ്നേഹികൾ ജാകരൂഗരായിരിക്കണം. നമ്മെ തളർത്താൻ വരുന്ന ക്ഷുദ്രശക്തികളെ ഒറ്റപ്പെടുത്തുക. അങ്ങനെ ഭഗവാൻ ഗീതയിൽ പറഞ്ഞതുപോലെ സ്വധർമ്മം നിറവേറ്റുക.

**കെ.പി. കൃഷ്ണമേനോൻ**
മാനേജിങ്ങ് എഡിറ്റർ

# തേവരക്കാവ് ഭദ്രകാളിക്ഷേത്രം



**തൃ**പ്പൂണിത്തുറയിൽ നിന്ന് എരൂർക്ക് പ്രവേശിക്കുന്ന ഭാഗത്ത് ഏറെ പൊക്കത്തിൽ നില്ക്കുന്ന ജലസംഭരണിക്ക് പുറകിലാണ് തേവരക്കാവ് ദേവിക്ഷേത്രം. ഇതിനോടടുത്ത് വലിയൊരു കുളവും മൈതാനവും ഉണ്ട്. നിബിഡമായ വനങ്ങളാൽ മൂടപെട്ടു കിടന്ന ഒരു ക്ഷേത്രമായിരുന്നു ഒരു കാലത്തിത്. ഈ ക്ഷേത്രം ശക്തൻ തമ്പുരാൻ നിർമ്മിച്ച താണെന്നും അദ്ദേഹം ശത്രുക്കളിൽനിന്നു രക്ഷനേടിയ ഇട മായിരുന്നു ഇതെന്നും വിശ്വസിക്കപ്പെടുന്നു. 1973ൽ കോഴിക്കോട് വാണരുളിയിരുന്ന സാമൂതിരിപ്പാടിനെ ഹൈദരാലി പടനീക്കത്തിലൂടെ പരാജയപ്പെടുത്തി. സാമൂതിരിയും കുടുംബവും തിരുവിതാംകൂർ രാജ്യത്തി ലേയ്ക്ക് ഓടി രക്ഷപ്പെട്ടു. ഹൈദരുടെ തെക്കോട്ടുള്ള പടനീക്കത്തിനെതിരെ യുദ്ധവൈദഗ്ദ്ധ്യം ഏറെയുള്ള സമർത്ഥനായ ശക്തൻതമ്പുരാൻ സർവ്വസന്നാഹങ്ങളോടും പടനീക്കം തുടങ്ങി. അചഞ്ചലമായ ധൈര്യവും, ആത്മവിശ്വാസവും ഉള്ള പടനായകനെ കണ്ടതോടെ ഹൈദരുടെ ആത്മവിശ്വാസം തകർന്നു. അദ്ദേഹം സന്ധി നടത്താനായി കൊച്ചി മഹാരാജാവിനെ ക്ഷണിക്കുകയും യുദ്ധം ഒഴിവാക്കാനുള്ള തീരുമാനം എടുക്കുകയും ചെയ്തു.

ശക്തൻതമ്പുരാൻ എല്ലാ തീരുമാനങ്ങളും മന്ത്രിയെ ഏൽപിച്ച് തൃപ്പൂണിത്തുറയ്ക്ക് വന്നു. നിബിഡവനങ്ങളാൽ മൂടപ്പെട്ടു കിടന്ന കോടംകുളങ്ങരയിൽ എത്തി. വഴിമദ്ധ്യേ അതിസുന്ദരിയായ ഒരു യക്ഷിയെ കണ്ടു. അവളാൽ ആകർഷിക്കപ്പെട്ട സന്ദർഭത്തിൽ തന്നെ ഭഗവതി അദ്ദേഹത്തിന് മുൻപിൽ പ്രത്യക്ഷപ്പെട്ട് തമ്പുരാനെ രക്ഷിച്ചു എന്നാണ് ഐതിഹ്യം. പിറ്റേന്നു തന്നെ രാജാവ് ആ സ്ഥലത്ത് വരികയും കുറ്റിക്കാടുകൾക്കിടയിൽ നിന്നു ഒരു ദേവിവിഗ്രഹം കണ്ടെടുക്കുകയും ചെയ്തു. ആ സ്ഥലത്ത് ഒരു ക്ഷേത്രവും പണിതു ദേവിയെ പ്രതിഷ്ഠിച്ചു. മഹാരാജാവ് കുളിയും തേവാരവും നടത്തിയിരുന്നത് ഇതിനടുത്തുള്ള കുളത്തിലായിരുന്നു. അങ്ങിനെയാണ് തേവരക്കാവ് എന്ന പേരു സിദ്ധിച്ചത്.

എല്ലാ വർഷവും എമ്പ്രാമഠത്തിന് പടിഞ്ഞാറെ അറ്റത്തു റോഡിനോടു ചേർന്ന് കുടിയിരിത്തിയിരിക്കുന്ന കൊച്ചാരാശാൻ എന്ന രാജമന്ത്രിക്ക് കലശം നടത്തുക പതിവാണ്. അദ്ദേഹം ഏരൂർ പരദേശത്തെ രക്ഷാധികാരിയും, ശക്തനായ മന്ത്രവാദിയും ആയിരുന്നുവെന്ന് കരുതപ്പെടുന്നു.

*****

വ്യക്തിവിശേഷം

## കെ.എൻ. ശങ്കുണ്ണിപ്പിള്ള (1885–1959 )

**വ്യ**വസായരംഗത്തും പത്രപ്രവർത്തനരംഗത്തും ഒരു കാലഘട്ടത്തിന്റെ ചൈതന്യമായി ജ്വലിച്ചു നിന്ന തികഞ്ഞ സമുദായാഭിമാനിയായിരുന്നു കെ.എൻ. ശങ്കുണ്ണിപ്പിള്ള. ദേശബന്ധു പത്രം ഒരു കാലത്ത് രാഷ്ട്രീയ സാമൂഹിക മണ്ഡലങ്ങളിൽ ശക്തിവർഷം തന്നെയായിരുന്നു. ദേശ ബന്ധുവിന്റെ മാനേജിംഗ് എഡിറ്ററായിരുന്ന കെ.എൻ. ശങ്കുണ്ണിപ്പിള്ള ഉദ്ദേശ ശുദ്ധിയുള്ള സാമുദായിക സംഘടനയ്ക്ക് രാഷ്ട്രീയത്തിന്റെ ലേബലില്ലാതെതന്നെ ഉറച്ചു നിൽക്കാൻ കഴിയുമെന്ന വിശ്വാസക്കാരനായിരുന്നു. എൻ.എസ്സ്.എസ്സ് രാഷ്ട്രീയ വിമുക്തമായിത്തന്നെ പ്രവർത്തി ക്കണമെന്ന പ്രമേയം 1921 ൽ അവതരിപ്പിക്കുകയും പാസ്സാക്കി യെടുക്കുകയും ചെയ്ത കെ.എൻ. ശങ്കുണ്ണിപ്പിള്ളയുടെ വീക്ഷണവും നയവും സമുദായത്തിന് പുരോഗതി ആർജ്ജിച്ചു കൊടുത്തു എന്ന് പിൽക്കാലചരിത്രം തെളിയിച്ചു. നിയമബിരുദധാരിയായിരുന്ന അദ്ദേഹം വ്യവസായ സംരംഭങ്ങളുടെ ആസൂത്രണത്തിലും നടത്തിപ്പിലും അസാമാന്യവൈദഗ്ദ്ധ്യം പ്രദർശിപ്പിച്ചിരുന്നു. ഒപ്പം സമുദായകാര്യങ്ങളിലും ശ്രദ്ധാലുവായിരുന്നു. ദേശബന്ധു പത്രഉടമ എന്ന നിലയിൽ സമാരാധ്യനായിരുന്ന അദ്ദേഹം രാജ്യപുരോഗതിക്കുവേണ്ടി വഹിച്ച പങ്ക് നിസ്സീമമായിരുന്നു. എൻ.എസ്സ്.എസ്സിന്റെ കാര്യനിർവ്വഹണ സമിതിയിലെ ഒരു സുപ്രധാന കണ്ണി ആയിരുന്നു പിള്ള. 1946– 47 കാലഘട്ടത്തിൽ എൻ. എസ്.എസ് ഒരു പരീക്ഷണ ഘട്ടത്തിലായിരുന്നു. സർവ്വീസ് സൊസൈറ്റിയുടെ നായകസഭാംഗങ്ങളെ തന്റെ ഇംഗിതത്തിനനുസരിച്ച് നയിക്കാൻ സർ. സിപി. രാമസ്വാമി അയ്യർ ശക്തമായ സമ്മർദ്ദം ചെലുത്തിയെങ്കിലും ശങ്കുണ്ണിപിള്ളയുടെ ശക്തവും ധീരവുമായ നിലപാടിനു മുമ്പിൽ സി.പി.യുടെ യത്നം ഫലപ്രാപിതിയിലെത്താതെ പോയി. അന്ന് ജനറൽ സെക്രട്ടറിയായിരുന്ന വി. ഗംഗാധരനും എം.പി. മന്മഥൻ, എം.ആർ.ജി. പണിക്കർ എന്നിവരും ശങ്കുണ്ണിപ്പിള്ളയുടെ പിന്നിൽ അണിനിരന്നു. എന്തും തുറന്നടിച്ചു പറയുന്ന പ്രകൃതമാണ് പിള്ളയുടേത്. എൻ.എസ്സ്.എസ്സിന്റെ ആത്മാഭിമാനം നിലനിർത്തുന്നതിലും അന്തസ്സു പാലിക്കുന്നതിലും സാഹസികമായി യത്നിച്ച അപൂർവ്വം ചില സമുദായനേതാക്കളിൽ ശങ്കുണ്ണിപിള്ളയും പെടും. മന്ന-ശങ്കരൻമാർ യോജിച്ച് ഡമോക്രാറ്റിക് പാർട്ടിക്ക് രൂപം കൊടുത്തപ്പോൾ അഭിപ്രായവ്യത്യാസങ്ങൾ പറഞ്ഞൊതുക്കുന്നതിന് സർദാർ പട്ടേലുമായി സംസാരി ക്കുവാൻ നിയോഗിക്കപ്പെട്ടവരിൽ ശങ്കുണ്ണിപിള്ളയും ഉണ്ടായിരുന്നു. സർദാർ പട്ടേലിനോടുപോലും തുറന്നടിച്ച് കേരളത്തിലെ കാര്യങ്ങൾ ഇവിടുത്തെ ജനങ്ങൾ തീരുമാനിച്ചുകൊള്ളുമെന്നും അതിന് ഡൽഹിയിലിരി ക്കുന്നവർ സാഹസം അനുഭവിക്കേണ്ടതില്ലെന്നും പറഞ്ഞ പ്പോൾ പട്ടേലിനുപോലും അത്ഭുതമാണനുഭവപ്പെട്ടത്. ദീർഘവീക്ഷണത്തിലും നയതന്ത്രജ്ഞതയിലും ആരേയും അതിശയിപ്പിച്ചിരുന്ന ആ ഉന്നതാശയൻ 1959 മാർച്ച് 19 ന് ദിവംഗതനായി.

♦

**പ്രിയ കരയോഗാംഗങ്ങളെ,**

എറണാകുളം കരയോഗത്തിൻെറ 89–ാമത് വാർഷികപൊതുയോഗം ജൂൺ മാസം 29–ാം തീയതി ഞായറാഴ്ച രാവിലെ 10 മണിക്ക് ടി.ഡി.എം.ഹാളിൽ വച്ച് നടത്തുന്നതാണ്. അന്നേ ദിവസം തിരഞ്ഞെടുപ്പ് ആവശ്യമായി വരുന്ന പക്ഷം 2 മണി മുതൽ 6 മണി വരെ വോട്ടെടുപ്പ് നടത്തുന്നതായിരിക്കും. തിരഞ്ഞെടുപ്പ് സംബന്ധിച്ച് വരണാധികാരിയുടെ നോട്ടീസും, വിശദവിവരങ്ങളും ഈ ലക്കം സൗഹൃദത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഈ വർഷത്തെ പൊതുയോഗം എറണാകുളം കരയോഗത്തെ സംബന്ധിച്ച് വളരെ നിർണായകവും, ഈ പ്രസ്ഥാനത്തിൻെറ ഭാവിപ്രവർത്തനങ്ങളിലേക്ക് വിരൽചൂണ്ടുന്നതുമാണ്. ആയതുകൊണ്ട്, അംഗങ്ങൾ സജീവമായി പൊതുയോഗത്തിൽ പങ്കെടുക്കുകയും ഭരണസമിതിയുടെ ഭരണറിപ്പോർട്ട് വിലയിരുത്തുകയും, ക്രിയാത്മകമായും, സത്യസന്ധമായും മുൻവിധികളില്ലാതെയും പ്രസ്ഥാനത്തിൻെറ വളർച്ചയെ ലക്ഷ്യമാക്കിക്കൊണ്ട് നിങ്ങളുടെ വിലപ്പെട്ട അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും രേഖപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. 2025 ൽ എറണാകുളം കരയോഗം സെൻറിനറി ആഘോഷിക്കുകയാണ്. 100 വർഷം പൂർത്തിയാക്കുന്ന ഒരു പ്രസ്ഥാനം എന്ന നിലയ്ക്ക് എറണാകുളത്തെ എല്ലാ സാമൂഹ്യ, സാംസ്ക്കാരിക, ആദ്ധ്യാത്മികരംഗങ്ങളിലും ശക്തമായി സാന്നിദ്ധ്യമറിയിച്ചുകൊണ്ട് എന്നും എറണാകുളം കരയോഗം മുൻപന്തിയിലാണ്.

കൂടുതൽ കെട്ടുറപ്പോടെ ശക്തമായ നിയന്ത്രണങ്ങളും അച്ചടക്കവും പാലിച്ചുകൊണ്ട് മാത്രമേ ഇത്തരം പ്രസ്ഥാനങ്ങൾക്ക് മുന്നോട്ടു പോകുവാൻ കഴിയൂ. ഒരു ഭരണസമിതി എന്ന നിലയിൽ എടുത്ത തീരുമാനങ്ങളും, നടപ്പിലാക്കിയ പരിപാടികളും, നൂറു ശതമാനവും സുതാര്യവും സത്യസന്ധവുമാണെന്ന് ഉറപ്പിച്ചു പറയുവാൻ കഴിയും. എന്നാൽ എല്ലാ തീരുമാനങ്ങളും എല്ലാവരെയും തൃപ്തിപ്പെടുത്തുവാൻ ഒരു പക്ഷെ മുഴുവനായി കഴിഞ്ഞിട്ടുണ്ടാവില്ല. അത് ഒരു പോരായ്മയായി കണക്കാക്കേണ്ടതില്ല. ജനാധിപത്യ രിതിയിൽ പ്രവർത്തിക്കുമ്പോൾ വ്യത്യസ്തമായ അഭിപ്രായങ്ങളും, ആവശ്യങ്ങളും സ്വന്തം താൽപ്പര്യങ്ങളും പലപ്പോഴും ഉയർന്നു വന്നേക്കാം. എന്നാൽ ആയത് മുഴുവനായോ, ഭാഗികമായോ അംഗീകരിക്കുക എന്നത് അസാധ്യമാണ്.

കരയോഗം ജനറൽ സെക്രട്ടറി എന്ന നിലയിൽ നാളിതുവരെയുള്ള പ്രവർത്തനം പ്രസ്ഥാനത്തിൻെറ അഭിവൃദ്ധിയ്ക്കും കരയോഗം നിയമാവലിക്കും വിധേയമായിക്കൊണ്ട് മാത്രമാണെന്ന് ഉറപ്പിച്ചു പറയുവാനാഗ്രഹിക്കുന്നു. ഏതെങ്കിലും തരത്തിൽ പോരായ്മകൾ വന്നിട്ടുണ്ടെങ്കിൽ അതിൻെറ ഉത്തരവാദിത്വം പൂർണ്ണമായും ജനറൽ സെക്രട്ടറി എന്ന നിലയിൽ ഞാനേറ്റെടുക്കുകയും ഈ പ്രസ്ഥാനത്തിൻെറ പുരോഗതിയുടെയും ഇതിൻെറ വളർച്ചയുടെയും എല്ലാ ഖ്യാതിയും പൊതുയോഗത്തിനും, ഭരണസമിതിക്കും നൽകിക്കൊണ്ടും ശ്രീ രാമകൃഷ്ണപരമഹംസർ ഉദ്ധരിച്ച വാക്കുകൾ കടമെടുത്തുകൊണ്ട് ഒന്നു പറയുവാനാഗ്രഹിക്കുന്നു. ഭയവും, വിദ്വേഷവും ലജ്ജയും ഉള്ളിടത്ത് ഈശ്വരനൊരിക്കലും പ്രത്യക്ഷപ്പെടുകയില്ല. അതുകൊണ്ട് ഭയരഹിതമായി ആരോടും വിദ്വേഷമില്ലാതെ എറണാകുളത്തപ്പൻെറ അനുഗ്രഹത്താൽ ഈ മഹാപ്രസ്ഥാനത്തിൻെറ വളർച്ചയ്ക്കൊപ്പം ഒരു എളിയ പ്രവർത്തകനായി നിങ്ങളോടൊപ്പം ഉണ്ടാവും. എല്ലാ കരയോഗാംഗങ്ങളെയും 89 –ാമത് വാർഷികപൊതുയോഗത്തിലേക്ക് സ്വാഗതം ചെയ്തുകൊള്ളുന്നു.

എറണാകുളം കരയോഗത്തിൻെറ സഹകരണത്തോടെ ബീം നടത്തുന്ന പ്രതിമാസ പരിപാടിയിൽ ശ്രീമതി. ഉഷ നങ്ങ്യാരുടെ, നങ്ങ്യാർകൂത്ത് 13.6.2014 വൈകിട്ട് 6.30 മണിക്ക് ടി. ഡി. എം.ഹാൾ ഗംഗയിൽ ഉണ്ടായിരിക്കുന്നതാണ്.

കരയോഗത്തിൻെറ തുടർന്നുള്ള പ്രവർത്തനങ്ങളിൽ എല്ലാ അംഗങ്ങളുടെയും സഹകരണം അഭ്യർത്ഥിച്ചു കൊണ്ട്,

ജനറൽ സെക്രട്ടറി

# വേദാന്ത ക്ലാസ്സ്

എറണാകുളം കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ വേദാന്തപ്രകരണ ഗ്രന്ഥമായ വിവേക ചൂഢാമണിയെ (ശ്രീശങ്കരവിരചിതം) ആസ്പദമാക്കി എല്ലാ ശനിയാഴ്ചയും രാവിലെ 10.30 മുതൽ 12.00 മണിവരെ വേദാന്ത ക്ലാസ്സുകൾ നടത്തപ്പെടുന്നതാണ്. ആചാര്യൻ ശ്രീ. കെ.ആർ. നമ്പ്യാ രാണ് വേദാന്തക്ലാസ്സുകൾക്ക് നേതൃത്വം നൽകുന്നത്. ഈ വേദാന്ത പഠനം ഉപനിഷത്തുകൾ, ശ്രീമദ്ഭാഗ വതം, ശ്രീമദ്ഭഗവദ്ഗീത തുടങ്ങിയ ഗ്രന്ഥങ്ങൾ ഉൾക്കൊള്ളുവാൻ വളരെയധികം സഹായകരമാകും. വേദാന്ത ക്ലാസ്സുകളിൽ പങ്കെടു ക്കുവാൻ താല്പര്യപ്പെടുന്നവർ കരയോഗം ഓഫീസുമായി ബന്ധ പ്പെടുക.

ജനറൽ സെക്രട്ടറി





**ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്**
റിട്ടയേർഡ് എഞ്ചിനീയർ,
വാസ്തു വിദഗ്ദ്ധൻ

# വാസ്തു സംബന്ധമായ . . .

**വീ**ടു പണിയുമ്പോൾ പല മൂലകളും തള്ളി നിൽക്കുന്നത് ഇപ്പോഴത്തെ പുതിയ ഫാഷനായി പലരും കരുതുന്നു. ഇതു കൊണ്ട് പലപ്പോഴും പല മൂലകളും മുറിഞ്ഞു പോകുന്നുണ്ട്. വീടിന്റെ പ്ളാനുകൾ പരിശോധിക്കുമ്പോൾ ഒരു ചതുരത്തിനകത്താക്കിയിട്ടാണ് ദിശകൾ പരിശോധിക്കുന്നത്.

കഴിയുന്നതും മൂലകൾ മുറിയാതെ നോക്കണം. പ്രത്യേകിച്ച് തെക്കുപടിഞ്ഞാറും, വടക്കു കിഴക്കും മുറിയരുത്. തെക്കുപടിഞ്ഞാറെ മൂല മുറിച്ചു പണിത വീടുകൾക്ക് പല തരം പ്രശ്നങ്ങളും കാണുന്നുണ്ട്. ആ മൂല ചതുരമാക്കി മണ്ണിട്ട് ശരിയാക്കിയാൽ പല ഗുണങ്ങളും കാണുന്നുണ്ട്. അതുപോലെ ചെറിയ പ്ളോട്ടുകളിൽ വീടു പണിയുമ്പോൾ വടക്കു നോക്കി വച്ച് വടക്കിനു സമാന്തരമായി കുറ്റിയടിക്കരുത്.

തെക്കുവടക്ക് നീളം കൂടിയ പ്ളോട്ടിൽ പടിഞ്ഞാറിനു സമാന്തരമായും, കിഴക്കുപടിഞ്ഞാറ് നീളം കൂടിയ പ്ളോട്ടിന് തെക്കിന് സമാന്തരമായും വീടു പണിയണം.

വലിയ പ്ളോട്ടിൽ വീടു പണിയുമ്പോൾ പറമ്പിന്റെ മദ്ധ്യത്തിൽ കൂടി വടക്കുകിഴക്കും, കിഴക്കുപടിഞ്ഞാറും തിരിച്ച് നാലു പ്ളോട്ടാക്കി തിരിച്ച ശേഷം തെക്കുപടിഞ്ഞാറെ പ്ളോട്ടിൽ വീടു പണിയണം. അതായത് വീട് മൊത്തം പ്ളോട്ടിന്റെ തെക്കുപടിഞ്ഞാറെ ഭാഗത്തായിരിക്കും.

മറ്റൊരു കാര്യം ശ്രദ്ധിക്കേണ്ടത് എല്ലാ മുറികളുടെയും ഫ്ളോർലെവൽ ഒരേ നിരപ്പായിരിക്കണം. പല വീടുകളിലും ലീവിങ്ങ് റൂം, താഴ്ത്തിയിട്ട് കാണുന്നുണ്ട്. ലീവിങ്ങ് റൂം പടിഞ്ഞാറും തെക്കും താഴ്ന്നു കിടക്കരുത്. വടക്കു പടിഞ്ഞാറു ഭാഗത്താണെങ്കിൽ ലീവിങ്ങ് റൂം താഴ്ത്തിയിടുന്നതു കൊണ്ട് കുഴപ്പമില്ല.

വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ **9447032434** എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. കാണേണ്ടവർ അതിനായി മുൻകൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.



ജ്യോതിഷസംബന്ധമായ എല്ലാ പ്രശ്നങ്ങൾക്കും സംശയങ്ങൾക്കും ജ്യോതിഷ ഭൂഷണം ശ്രീ. എം. എസ്. ഹരിഹരന്റെ സേവനം എറണാകുളം കരയോഗത്തിൽ ലഭ്യമാണ്. ചൊവ്വയും ഞായറും എന്നീ ദിവസങ്ങൾ ഒഴികെ ബാക്കിയെല്ലാ ദിവസങ്ങളിലും രാവിലെ 9.30 മുതൽ 12.30 വരെ കരയോഗാംഗങ്ങൾക്കും പൊതുജനങ്ങൾക്കും അദ്ദേഹത്തെ കാണുവാനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

എന്ന്

ജനറൽ സെക്രട്ടറി



എറണാകുളം കരയോഗം മെഡിക്കൽ സെന്ററിൽ ആയുർവേദ ചികിത്സാ വിഭാഗം തുടങ്ങുന്നു. തിങ്കൾ , ചൊവ്വ ദിവസങ്ങളിൽ രാവിലെ **10** മുതൽ **2** വരെ ഡോ. ശങ്കർ മോഹൻ B.A.M.S ന്റെ സൗജന്യ സേവനം കരയോഗ അംഗങ്ങൾക്കും പൊതുജനങ്ങൾക്കും ഉപകാരപ്പെടുത്താവുന്നതാണ്. എറണാകുളം കരയോഗം മെഡിക്കൽ സെന്ററിൽ ഹോമിയോ, അലോപ്പതി, ആയുർവേദം എന്നീ മൂന്നു വിഭാഗങ്ങളുടെയും സേവനം ഇപ്പോൾ ലഭ്യമാണ്.

ജനറൽ സെക്രട്ടറി

# ബാലലോകം



ലക്ഷ്മി ദേവി

**കളിക്കൂ, രസിക്കൂ, സൗഹൃദം പങ്കുവെയ്ക്കൂ**

പ്രിയപ്പെട്ട കൂട്ടുകാരെ വായിക്കൂ, വളരൂ.




എല്ലാവരും പരീക്ഷ കഴിഞ്ഞ സന്തോഷത്തിലായിരിക്കുമല്ലോ.? ഈ മധ്യവേനലവധിക്ക് നിങ്ങൾ എന്തൊക്കെയാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്. ഇഷ്ടംപോലെ കളിച്ചാലും ധാരാളം സമയം ബാക്കി കാണും. ഈ സമയത്ത് പല ഹോബികളും വളർത്തിയെടുക്കാം. അച്ഛനമ്മമാരെ സഹായിക്കാം. അവരോടൊപ്പം യാത്രകൾ ആവാം. യാത്ര ചെയ്യുമ്പോൾ കാണുന്ന കാഴ്ചകൾ ഒരു ചെറിയ പുസ്തകത്തിൽ കുറിച്ചു വെയ്ക്കാം. കുറെ കൂട്ടുകാർ ചേർന്ന് ഏതെങ്കിലും ഒരു പുതിയ ഭാഷ പഠിക്കാം. പെയിന്റിംഗ്, കളിമൺ പാവനിർമ്മാണം എന്നിവ പഠിക്കാം. ഇങ്ങിനെ സൗഹൃദത്തിന്റെ സന്തോഷം കൂട്ടുകാർക്ക് ആസ്വദിക്കാം. ഇതിനു പുറമെ ഭഗവത്ഗീതയിലെ ഒന്നോ രണ്ടോ ശ്ലോകങ്ങൾ സ്വായത്തമാക്കൂ, മുന്നോട്ടുള്ള ജീവിതവിജയത്തിനു ഇത് നിങ്ങളെ ഏറെ സഹായിക്കും.

വിലപ്പെട്ട സമയങ്ങൾ ആരെയും കാത്തു നിൽക്കാതെ
കടന്നുപോകും അവയെ നാം സ്വന്തമാക്കേണം

എം. എ. കേശവമേനോൻ

മേടം ഒന്നിന് വിഷുവാണെ
കണികണ്ടുണരും ദിനമാണെ
കൈനീട്ടത്തിൻ ദിനമാണെ
സദ്യയൊരുക്കും ദിനമാണെ
കൂട്ടരുമൊത്തു കളിച്ചീടാം
ആടിപ്പാടി നടന്നീടാം.




അക്ഷയ - ഭവൻസ് ഗിരിനഗർ

പരോപകരാർത്ഥമിദം ശരീരം എന്ന് നിങ്ങൾ കേട്ടിട്ടില്ലേ?
ഇതെക്കുറിച്ച് ചിന്തിക്കൂ.
സൂര്യൻ ഉദിക്കുന്നതാർക്കുവേണ്ടി?
മരങ്ങൾ പുഷ്പിക്കുന്നതാർക്കുവേണ്ടി?
പശുക്കൾ പാൽതരുന്നതാർക്കുവേണ്ടി?
നദികളെന്തിനുവേണ്ടി?
മനുഷ്യജന്മം എന്തിനുവേണ്ടി?

എല്ലാം മറ്റുള്ളവരുടെ ഗുണത്തിനല്ലേ ?ഇതുപോലെ നമുക്കും മറ്റുള്ളവരെ സഹായിക്കാനാവില്ലേ? കൂട്ടുകാർ തന്നെ ചിന്തിക്കൂ.

കൂട്ടുകാരെ നിങ്ങൾ വരയ്ക്കുന്ന ചിത്രങ്ങൾ, പെയിന്റിങ്ങുകൾ, രചനകൾ എന്നിവ കരയോഗ സൗഹൃദത്തിന് അയച്ചു തരിക.
വിലാസം : എഡിറ്റർ, കരയോഗസൗഹൃദം, എറണാകുളം കരയോഗം, കൊച്ചി-682016
നിങ്ങളുടെ സംശയങ്ങൾക്ക് വിളിക്കുക . ഫോൺ : 9947736071

**മിനിക്കഥ**

## ഭാരം



ഉണ്ണി വാരിയത്ത്

വൃദ്ധസദനത്തിലാക്കപ്പെട്ട അയാളും ഭാര്യയും മുഖത്തോടു മുഖം നോക്കി. കരഞ്ഞില്ലവർ.

മൂത്ത മകൻ ഡോക്ടറാണ്. ഇളയമകൾ വക്കീലും. മക്കളെ പഠിപ്പിച്ച് ആ നിലയിലെത്തിക്കാൻ ആ ദമ്പതികൾ സഹിച്ച ത്യാഗം ചെറുതല്ല. എങ്കിലും കരഞ്ഞില്ലവർ.

ഡോക്ടറോടും വക്കീലിനോടും കടം പറയരുതെന്നുണ്ടല്ലോ. എങ്കിലും രണ്ടു മക്കളും സ്വന്തമല്ലെന്നും അനാഥാലയത്തിൽ നിന്നും ദത്തെടുത്തു വളർത്തിയതാണെന്നുമുള്ള സത്യം അവരോടു പറഞ്ഞു ജയിക്കേണ്ടെന്ന് ദമ്പതികൾ തീരുമാനിച്ചു.

കരഞ്ഞില്ലവർ......ചിരിച്ചില്ലവർ.

# യമുനാകല്ല്യാണി



ഡോ: ജയലക്ഷ്മി നന്ദകുമാർ

കർണ്ണാടകസംഗീതത്തിൽ ഇന്നു പ്രചാരത്തിലുള്ള യമുനാകല്ല്യാണി രാഗം 65-ാ മത്തെ മേളകർത്താരാഗമായ കല്ല്യാണിയുടെ ജന്യരാഗമാണ്. ഹിന്ദുസ്ഥാനി സംഗിതത്തിൽ നിന്നും പരിചയടുത്തിയ രാഗമായതിനാൽ ഇത് ഒരു ദേശ്യ രാഗമാണ്.

ആരോഹണം ః സ രി ഗ പ മ പ ധ സ

അവരോഹണം ః സ ധ പ മ ഗ രി സ

സ്വരസ്ഥാനങ്ങൾ ః ഷഡ്ജം, ചതുഃ ശ്രുതി രിഷഭം, അന്തരഗാന്ധാരം, പ്രതിമദ്ധ്യമം, പഞ്ചമം, ചതുഃ ശ്രുതിധൈവതം, കാകളിനിഷാദം

ചില പ്രയോഗങ്ങളിൽ ശുദ്ധമദ്ധ്യമം അന്യസ്വരമായി വരുന്നതുകൊണ്ട് ഇത് ഒരു ഭാഷാംഗ രാഗമാണ്. ഹിന്ദുസ്ഥാനി സംഗീതത്തിൽ യമുനാകല്ല്യാണിയോടു സാമ്യത ഉള്ള രാഗമാണ് യമൻ കല്ല്യാൺ. യമൻകല്ല്യാണിൽ ശുദ്ധമദ്ധ്യമം ഉപയോഗിക്കുന്നില്ല എന്നതാണ് ഈ രണ്ടു രാഗങ്ങൾ തമ്മിലുള്ള വ്യത്യാസം.

ഗുരുമുഖത്തു നിന്നു തന്നെ പഠിച്ചു ആലപിക്കേണ്ട ഒരു രാഗമാണ് യമുനകല്ല്യാണി. സവിശേഷമായ പല പ്രയോഗങ്ങളും കൃത്യതയോടെ ആലപിക്കുവാൻ ഇത് സഹായകരമാകും.

ഇത് ഒരു മൈനർരാഗമായതിനാൽ സംഗീതകച്ചേരികളിൽ മുഖ്യരാഗമായി പരിഗണിക്കപ്പെടാറില്ല. എന്നിരുന്നാലും ആസ്വാദകരെ ഭക്തിയിൽ ആഴ്ത്തുവാൻ കഴിവുള്ള രാഗമാണ് യമുനാകല്ല്യാണി.

## ഈ രാഗത്തിലുള്ള കൃതികൾ

1. ജംബൂപതേ – തിശ്രഏകതാളം – മുത്തുസ്വാമി ദീക്ഷിതർ
2. കൃഷ്ണാ നീ ബേഗനേ – മിശ്രചാപ്പ് – കനകദാസർ
3. ദയസേയവയ്യ – ആദി – ത്യാഗരാജസ്വാമി
4. നാരായണ ഹരി – ആദി – ത്യാഗരാജസ്വാമി
5. നാമശ്രവണ – ആദി – തുളസീവനം

## ചലച്ചിത്ര ഗാനങ്ങൾ

1. ശരദിന്ദു മലർ ദീപ — ഉൾക്കടൽ
2. സ്വപ്നങ്ങളേ വീണുറങ്ങൂ — തകിലുകൊട്ടാമ്പുറം
3. ശ്രുതിയിൽ നിന്നുയരും — തൃഷ്ണ
4. കൺമണി നീയെൻ കരം — കുപ്പിവള
5. കുങ്കുമപ്പൂവുകൾ പൂത്തു — കായംകുളം കൊച്ചുണ്ണി
6. നദികളിൽ സുന്ദരി യമുനാ — അനാർക്കലി
7. മധുരപ്രതീക്ഷ തൻ — ഭാഗ്യമുദ്ര
8. ഇന്നലെ മയങ്ങുമ്പോൾ — അന്വേഷിച്ചു കണ്ടെത്തിയില്ല.
9. എൻ പ്രാണനായകനെ — പരീക്ഷ
10. പാവാട പ്രായത്തിൽ — കാർത്തിക
11. ജാനകീ ജാനേ — ധ്വനി
12. ചീരപ്പൂവുകൾക്കുമ്മ — ധനം
13. ഉണ്ണികളേ ഒരു കഥ — ഉണ്ണികളേ ഒരു കഥ പറയാം
14. എന്തേ നീ കണ്ണാ — സസ്നേഹം സുമിത്ര
15. ശ്രീലവസന്തം — നന്ദനം
16. പുതുമഴയായ് പൊഴിയാം — മുദ്ര
17. യവന സുന്ദരി — പേൾവ്യൂ
18. അന്നു നിന്റെ നുണക്കുഴി — പരീക്ഷ
19. കടലേ നീലക്കടലേ — ദ്വീപ്
20. ജബ് ദീപ് ജലേ ആനാ — ചിറ്റ്ചോർ
21. ശ്രീരാമചന്ദ്ര് കൃപാലു ഭജ്മന് — (ഭജൻ)

♦♦ ♦ ♦♦

# സാക്ഷി



– ചന്ദ്രികാ രാമചന്ദ്രൻ

തറവാടിനടുത്തുള്ള ശിവക്ഷേത്രത്തിൽ തൊഴുതു മടങ്ങുമ്പോൾ ഭാർഗ്ഗവിയുടെ പഴയ വീട്ടിൽ കയറി. അസ്ഥികൂടം മാത്രമായി മുഖമെക്കെ ചുക്കി ചുളിഞ്ഞ ഒരസ്ഥിപഞ്ജരം. എന്താ ഭാർഗ്ഗവി അറിയോ? സ്വരം തിരിച്ചറിഞ്ഞ് ഭാർഗ്ഗവി ചോദിച്ചു , കുട്ടിയമ്മ എന്താ ഇതു വഴി? എത്രനാളായി കണ്ടിട്ട് കണ്ണിന് അല്പം മങ്ങലുള്ളതുകൊണ്ടാണ് എന്നു തോന്നുന്നു ഭാർഗ്ഗവി അവളുടെ കയ്യിൽ പിടിച്ചു. ഇപ്പോൾ തറവാട്ടിലാണ് താമസം. അവൾ പറഞ്ഞു. ഭാർഗ്ഗവിയുടെ കണ്ണു നിറഞ്ഞു. ഭാർഗ്ഗവിയുടെ കയ്യിൽ നൂറു രൂപ വച്ചു കൊടുത്തു. സന്തോഷമായി ഭാർഗ്ഗവിക്ക്. ഇനി എന്നാ കാണുന്നേ, ഭാർഗ്ഗവി ചോദിച്ചു. ഇടയ്ക്കൊക്കെ വരാം. കേട്ടോ. യാത്ര പറഞ്ഞിറങ്ങി. ഇനി പതിനഞ്ചു മിനിറ്റ് വേണം വീട്ടിലെത്താൻ. ശരീരം മുമ്പോട്ടും മനസ്സ് പുറകോട്ടും യാത്ര തുടർന്നു. അത്ര വലിയ തറവാടൊന്നുമായിരുന്നില്ല അവളുടേത്. സാധാരണനിലയിലുള്ള ഒരു പഴയ നായർ കുടുംബം. അമ്മാവന്മാരായ ശേഖരമേനോന്റേയും കൃഷ്ണമേനോന്റെയും നിയന്ത്രണത്തിലായിരുന്നു തറവാട്ടിലെല്ലാവരും. അമ്മ ഒരു സ്ക്കൂൾ ടീച്ചറായിരുന്നു. അച്ഛൻ ഒരു സ്വകാര്യസ്ഥാപനത്തിൽ ഗുമസ്തൻ. ചെറിയ വരുമാനക്കാരായിരുന്നു അച്ഛനും അമ്മയും. അമ്മേയ്ക്ക് കിട്ടുന്ന ശമ്പളം അമ്മയുടെ ചികിത്സയ്ക്കു് തികയാതെയായി.

അമ്മൂമ്മ, അമ്മ, മൂന്നു ചെറിയമ്മമാർ, ശേഖരമ്മാവൻ, കൃഷ്ണമ്മാവൻ, വലിയമ്മായി, ചെറിയമ്മായി അമ്മയുടെ ഒൻപതു മക്കൾ, ഒരു ചെറിയമ്മയുടെ നാലു മക്കൾ ഇത്രയും പേരായിരുന്നു തറവാട്ടിൽ താമസിച്ചിരുന്നത്. എല്ലാ മക്കളേയും നോക്കിയിരുന്നത് ജോലിയില്ലാത്ത ചെറിയമ്മമാരാണ്. ചേട്ടന്മാർക്കും ചേച്ചിക്കുമൊക്കെ സ്നേഹം ചെറിയമ്മമാരോടായിരുന്നു. അച്ഛന്റെ പ്രൈവറ്റ് സെക്രട്ടറി എന്ന പേരിലാണ് അവർ അറിയപ്പെട്ടിരുന്നത്. സ്കൂളിൽ നിന്നു വന്നു കഴിഞ്ഞാൽ അമ്മ എന്നും കിടക്കുന്നത് അവൾ കണ്ടിട്ടുണ്ട്. അമ്മയ്ക്ക് ശരീര സുഖമില്ലാതിരുന്നതു കൊണ്ടാണ് എന്ന് പിന്നീട് മനസ്സിലാക്കി.

തറവാട്ടിലെ അംഗസംഖ്യകൾ കൂടുതലായിക്കണ്ട് വലിയമ്മാവന്റെ നിർദ്ദേശപ്രകാരം തറവാടിന്റെ വടക്കു ഭാഗത്തുള്ള ഔട്ട്ഹൗസിലേയ്ക്ക് മൂത്ത സഹോദരിയായ അമ്മയും കുടുംബവും താമസം മാറ്റി.

ഒരു വ്യാഴാഴ്ച സന്ധ്യയ്ക്കാണ് അമ്മ മരിച്ചത്. അമ്മയുടെ മരണം ഒരു വലിയ സംഭവമായാണ് ഓർക്കാൻ കഴിയുന്നത്. അമ്മ മരിക്കുന്നതിന്റെ തലേ ദിവസം രാത്രി വളരെ വൈകിയാണ് അവൾ ഉറങ്ങാൻ കിടന്നത്. ചേട്ടന്മാരും ചേച്ചിയുമൊക്കെ ഊണ് കഴിഞ്ഞ് നേരത്തെ ഉറങ്ങിയിരിക്കുന്നു. അമ്മ കിടപ്പിലായതു മുതൽ കേവലം പത്തു വയസ്സുകാരിയായ അവൾ കുടുംബത്തിന്റെ അടുക്കള ഭാരം എടുക്കേണ്ടി വന്നു. പാത്രങ്ങളെല്ലാം കഴുകി വച്ച് പിറ്റെ ദിവസത്തേയ്ക്കുള്ള കൂട്ടാന്റെ കഷ്ണങ്ങൾ എല്ലാം അരിഞ്ഞു വച്ച് കഴിഞ്ഞപ്പോൾ സമയം പതിനൊന്ന് മണിയായി. ഉറങ്ങാനായി അമ്മ കിടക്കുന്ന മുറിയിൽ ചെന്നപ്പോൾ അച്ഛനും അമ്മയും ഉറങ്ങിയിട്ടില്ല. അവളോട് കിടന്നോളാൻ അച്ഛൻ പറഞ്ഞു. അമ്മയുടെ സംസാരത്തിൽ എന്തൊ പന്തികേടുണ്ടെന്ന് അവൾക്കു തോന്നി. അമ്മയുടെ സംസാരം തിരിയില്ലായിരുന്നു. ഇടയ്ക്ക് അമ്മ അച്ഛനോട് വളരെ പതുക്കെ പറയുന്നത് അവൾ ശ്രദ്ധിച്ചു.

അതേയ്! ഞാൻ പറയുന്നത് കേൾക്കണില്ലെ? നമ്മുടെ മക്കളുടെ കാര്യമാണ് പറയുന്നത്. പെൺകുട്ടികളെ മൂന്നു പേരേയും അധികം പഠിപ്പിക്കണ്ട. അവരെ ജോലിക്ക് വിടരുത്. അവരുടെ ജീവിതം ശരിയാവില്ല. കുട്ടികളെ വേഗം കല്യാണം കഴിച്ചു കൊടുക്കണം. ഒരു മോളെങ്കിലും ഈ വീട്ടിൽ താമസിക്കണം. പിന്നേയും അമ്മ എന്തൊക്കെയൊ പറഞ്ഞുകൊണ്ടിരുന്നു. അന്നു രാത്രി അമ്മ ഉറങ്ങിയില്ല. അച്ഛനും. അമ്മയുടെ കട്ടിലിനോട് ചേർന്ന് താഴെയാണവൾ കിടന്നിരുന്നത്. കോഴി കൂകുന്ന ശബ്ദം കേട്ടാണ് അവൾ ഉണർന്നത്. അപ്പോഴും അമ്മ സംസാരിച്ചു കൊണ്ടിരുന്നു.

ഇടയ്ക്ക് അച്ഛൻ അമ്മയോട് പറയുന്നത് അവൾ ശ്രദ്ധിച്ചു. ഇങ്ങിനെയൊക്കെ എന്തിനാ പറേണത്!

ഞാൻ വേണ്ടതു പോലെ ചെയ്തോളാം. സമാധാനമായി ഉറങ്ങൂ. തെക്കെ പറമ്പിൽ നായ്ക്കൾ കടിപിടി കൂടി കുരയ്ക്കുന്നു. അവൾക്ക് പേടിയായി. അച്ഛാ ! അമ്മ എന്താ പറേണെ? അമ്മയ്ക്ക് എന്താ വിഷമം. 'അമ്മയ്ക്ക് ഒന്നുമില്ല മോളേ.'

അമ്മയ്ക്കു കൊടുക്കാൻ കുറച്ചു കാപ്പി എടുക്കുമോ നീ. അവൾ ചുമരിലെ ക്ലോക്കിൽ നോക്കി. സമയം നാലു മണി. തെക്കെ പറമ്പിൽ നായ്ക്കൾ അപ്പോഴും കുരച്ചു കൊണ്ടിരുന്നു. അടുക്കളയിൽ പോയി കട്ടൻ കാപ്പി യുണ്ടാക്കി. ഒരു ഗ്ലാസ്സിൽ കുറച്ചു കാപ്പി നല്ലതുപോലെ പഞ്ചസാര ചേർത്ത് ആറ്റി അമ്മയുടെ വായിൽ ഒഴിച്ചു കൊടുത്തു. അമ്മ ഇമവെട്ടാതെ അവളുടെ മുഖത്തു നോക്കി. അവൾക്കൊന്നും മനസ്സിലായില്ല.

അച്ഛന് കാപ്പി വേണ്ടെ?

വേണ്ടാ മോളെ. നേരം വെളുക്കട്ടെ. അമ്മ പിന്നെയും എന്തൊക്കെയൊ അച്ഛനെ പറഞ്ഞേൽപ്പിച്ചു. റാന്തൽ വിളക്കിന്റെ നേരിയ വെളിച്ചത്തിൽ അമ്മയുടെ മുഖം ശ്രദ്ധിച്ചു. പതുക്കെ പതുക്കെ അമ്മയുടെ സംസാരം കുറഞ്ഞു വന്നു. നേരം വെളുത്തു. മുറ്റമടിക്കാൻ ഭാർഗ്ഗവി വന്നു. ഭാർഗ്ഗവിയെ വിളിച്ച് അച്ഛൻ പറഞ്ഞു. ഭാർഗ്ഗവി നീ തറവാട്ടിൽ ചെന്ന് ശേഖരനോട് ദേവകിക്ക് തീരെ വയ്യ എന്നു പറയണം. അതു വരെ വീട്ടിനകത്തേയ്ക്ക് കയറാത്ത ഭാർഗ്ഗവി അമ്മയുടെ മുറിയിൽ വന്ന് എന്തൊക്കെയോ അമ്മയോട് ചോദിച്ചു. ഒന്നിനും മറു

പടിയില്ല. ഭാർഗ്ഗവി ഒന്നും മിണ്ടാതെ തറവാട്ടിലേയ്ക്ക് പോയി.

തറവാട്ടിൽ നിന്ന് അമ്മൂമ്മയും ചെറിയമ്മമാരും വന്നു. അമ്മൂമ്മ അമ്മയുടെ കട്ടിലിൽ ഇരുന്നു. രണ്ടാം മുണ്ടിന്റെ തുമ്പു കൊണ്ട് അമ്മൂമ്മ കണ്ണു തുടയ്ക്കുന്നത് കണ്ടു. എന്നിട്ടും അവൾക്ക് ഒന്നും മനസ്സിലായില്ല. അന്ന് അവൾ സ്കൂളിൽ പോയില്ല. വൈകുന്നേരം ചേച്ചിയും ചേട്ടനും കോളേജിൽ നിന്നു വന്നു. അനിയത്തി മുറ്റത്ത് ഓടിക്കളിക്കുന്നു.

അന്ന് അച്ഛൻ ജോലി സ്ഥലത്തു നിന്ന് നേരത്തെ വന്നു. അച്ഛന്റെ കയ്യിൽ അമ്മയ്ക്ക് കൊടുക്കാനുള്ള പുതിയ മരുന്നുണ്ടായിരുന്നു. ചേച്ചിയെ വിളിച്ച് അമ്മയ്ക്ക് മരുന്നു കൊടുക്കാൻ ഏല്പിച്ചു. പക്ഷെ അമ്മ മരുന്ന് കഴിച്ചില്ല. ചേച്ചി കരഞ്ഞപ്പോൾ അച്ഛൻ ഓടി വന്നു. അമ്മയുടെ കവിളത്ത് തട്ടി. ഒരനക്കവുമില്ല. തറവാട്ടിൽ നിന്ന് എല്ലാവരും എത്തി. അയൽപക്കത്തുള്ളവരും വന്നു. വീട് നിറയെ ആൾക്കാർ. ഒന്നും മനസ്സിലാവാതെ പകച്ചു നിന്നപ്പോൾ അച്ഛൻ മാറോട് ചേർത്ത് പിടിച്ചു പറഞ്ഞു. അമ്മ പോയി മക്കളെ. ഉറക്കെ കരഞ്ഞത് ഓർമ്മയുണ്ട്.

അന്ന് വീട്ടിൽ സന്ധ്യയ്ക്ക് വിളക്ക് കത്തിച്ചില്ല. ഇനി മുതൽ അമ്മയില്ല എന്ന സത്യം മനസ്സിലാക്കി. വീടിന്റെ കിഴക്കു ഭാഗത്തുണ്ടായിരുന്ന മൂവാണ്ടൻ മാവാണ് അമ്മയെ ദഹിപ്പിക്കാൻ വെട്ടിയത്. കാലം കുറെ കടന്നു പോയി. പെൺമക്കൾ മൂന്നു പേരും അവർക്കു കിട്ടാവുന്ന പരമാവധി വിദ്യാഭ്യാസം നേടി ഗവൺമെന്റ് ജോലിക്കാരായി. വൈകിയാണെങ്കിലും എല്ലാവരുടേയും വിവാഹവും കഴിഞ്ഞു. രണ്ടു മക്കളുടെ അമ്മയായ അവൾക്ക് ഉദ്യോഗവും കുടുംബവും ഭംഗിയായി കൊണ്ടു പോവാൻ കഴിഞ്ഞു.

അമ്മയുടെ അവസാന വാക്കു

കൾക്ക് സാക്ഷിയായ അവൾക്ക് അമ്മയുടെ ആഗ്രഹങ്ങളുടെ പൊരുൾ എന്താണെന്ന് ഉത്തരം കിട്ടാത്ത ഒരു ചോദ്യചിഹ്നമായി തന്റെ മനസ്സിനെ അലട്ടിയിരുന്നു.

ഒമ്പതു മക്കളെ പ്രസവിച്ചതിലുള്ള ദുഃഖമായിരുന്നില്ല അമ്മയുടേത്. അവരെ ലാളിച്ചു വളർത്താൻ പറ്റിയില്ലല്ലോ എന്ന വിഷമം അമ്മയ്ക്കുണ്ടായിരുന്നിരിക്കാം. ഉദ്യോഗത്തിൽ നിന്നു വിരമിക്കുന്നതിന് മുമ്പ് തന്നെ മരണത്തിനടിപ്പെട്ട ഒരമ്മയുടെ മനോവേദനയായിരിക്കാം ആ അവസാന വാക്കുകൾ എന്ന് അവൾ പിന്നിട് സ്വയം സമാധാനിച്ചു.

അറുപതു വർഷങ്ങൾക്കു ശേഷം. പട്ടണത്തിലെ ഇരുനില കെട്ടിടവും അതിലെ എല്ലാ സൗകര്യങ്ങളും മകനെ ഏല്പിച്ച്, അമ്മ ദാനം തന്ന സ്ഥലത്തെ ചെറിയ വീട്ടിലേയ്ക്ക് അവളും ഭർത്താവും താമസം തുടങ്ങി. അമ്മയുടെ ഒരാഗ്രഹമെങ്കിലും നിറവേറ്റി എന്ന സംതൃപ്തിയോടെ

♦


## ആദരാഞ്ജലി



എൽ/1522
**എം.എൻ.ഗോപിനാഥൻ നായർ**
39/5647 എ, കുരിശുപള്ളി റോഡ്,
കൊച്ചി 682015,



എൽ/1550
**വിലാസിനി അമ്മ,**
ശങ്കർ നിവാസ്,
കെഴുപ്പിള്ളി ക്രോസ് റോഡ്,
കടവന്ത്ര, കൊച്ചി 682020



എൽ/4650
**കെ. രാമചന്ദ്രൻ**
41/952, പുഷ്യരാഗം
പുല്ലേപ്പടി റോഡ്, മാസ്റ്റർ
കോമ്പൗണ്ട്ലെയിൻ
കൊച്ചി 682018


## ERNAKULAM KARAYOGAM

**TDM HALLS**

1. **TDM HALL GANGA a/c**
2. **TDM HALL KAVERY a/c**
3. **TDM HALL YAMUNA a/c**
4. **TDM HALL PERIYAR a/c (GROUND FLOOR)**
5. **TDM HALL NILA a/c (DINING HALL)**
6. **TDM HALL PAMBA a/c (ROOF HALL)**
7. **TDM HALL NARMADA a/c (SEMINAR HALL)**
8. **TDM HALL GODAVARY a/c (CONFERENCE HALL)**
9. **TDM HALL SOORYA a/c (DINING HALL)**
10. **TDM HALL KRISHNA a/c (EXHIBITION HALL)**


## കരയോഗം എൽഡർ സിറ്റിസൺ ഫോറം

എറണാകുളം കരയോഗത്തിലെ മുതിർന്ന പൗരന്മാരുടെ യോഗം എല്ലാ വ്യാഴാഴ്ചയും വൈകുന്നേരം 4 മണിക്ക് ടി.ഡി.എം. ഹാളിൽ നടന്നുവരുന്നു. 55 വയസ്സ് പൂർത്തിയായ എല്ലാ കരയോഗാംഗങ്ങളും എൽഡർ സിറ്റിസൺ ഫോറത്തിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സമകാലിക വിഷയങ്ങൾ ചർച്ച ചെയ്യാനും, മുതിർന്ന പൗരന്മാരുടെ സർഗ്ഗവാസനകൾ പ്രകടിപ്പിക്കുവാനും കരയോഗാംഗങ്ങൾക്ക് ഒത്തുകൂടി ചായകുടിച്ച് സന്തോഷം പങ്കുവച്ച് പോകുവാനുള്ള അവസരം ഉപയോഗപ്പെടുത്തണം. മുതിർന്ന പൗരന്മാരായ കരയോഗാംഗങ്ങളെ എൽഡർ സിറ്റിസൺ ഫോറത്തിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

**ജനറൽ സെക്രട്ടറി**
എറണാകുളം കരയോഗം

# സ്തനാർബ്ബുദം ചികിത്സ തുടർച്ച



–ഡോ: കല്ല്യാണി മേനോൻ

സ്തനാർബുദം കണ്ടുപിടിക്കുന്ന സമയത്തെ STAGE അനുസരിച്ചാണ് ചികിത്സ നിശ്ചയിക്കുന്നത്.

TUMOUR, NODE, METASTASIS - TNM CLASSIFICATIONന്റെ ആധാരം, T മുഴയുടെ വലുപ്പം, N- LYMPH NODESí ൽ കാൻസർ കോശങ്ങളുടെ സാന്നിദ്ധ്യം, M ശരീരത്തിലെ മറ്റു ഭാഗങ്ങളിലേയ്ക്ക് കാൻസർ പടരുന്നത് എന്ന 3 കാര്യങ്ങളാണ്.

ആദ്യത്തെ രണ്ട് STAGES ൽ ഉള്ള കാൻസർ, ശസ്ത്രക്രിയ ചെയ്തു മാറ്റാവുന്നവയാണ്. രോഗനിവാരണമാണ് ലക്ഷ്യം. III & IV STAGES ശസ്ത്രക്രിയ ചെയ്യാൻ പറ്റാത്തവയാണ്. മറ്റു വിധത്തിൽ ഉള്ള ചികിത്സകൾ ആണ് അപ്പോൾ കൊടുക്കുന്നത്. ഓരോ രോഗിയുടേയും രോഗാവസ്ഥ, ശാരീരികവും മാനസികവുമായ അവസ്ഥകൾ അനുസരിച്ച് കാൻസർ SPECIALISTS ന്റെ TEAM ആണ് ഓരോ രോഗിയ്ക്കും പറ്റിയ ചികിത്സ നിശ്ചയിക്കുന്നത് (MEDICAL AND SURGICAL ONCOLOGISTS, RADIOTHERAPY SPECIALISTS)

STAGE I & II ൽ ശസ്ത്രക്രിയ ചെയ്ത ശേഷം RADIATION ചെയ്യുന്നു. കക്ഷത്തിലെ കഴലകൾ ശസ്ത്രക്രിയ സമയത്ത് എടുത്ത് പരിശോധിക്കുന്നു. കാൻസർ മുഴയുടെ HORMONE RECEPTOR STATUS, കക്ഷത്തിലെ കഴലകളിൽ കാൻസർ കോശങ്ങളുടെ സാന്നീദ്ധ്യം എന്ന 2 കാര്യങ്ങൾ ആണ് ചികിത്സയുടെ വിജയം (CURE RATE) നിശ്ചയിക്കുന്നത്. ശസ്ത്രക്രിയക്കു ശേഷം RADIATION ചെയ്യുന്നത് അവിടെ ബാക്കി ഉണ്ടാവുന്ന കാൻസർ കോശങ്ങളെ നശിപ്പിക്കാൻ ആണ്.

RADIATION കഴിഞ്ഞശേഷം ADJUANT TREATMENT കൊടുക്കുന്നു. CHEMOTHERAPY AND HORMONE TERAPY ഇതിൽ പെടുന്നു. ശരീരത്തിലെ മറ്റു ഭാഗങ്ങളിൽ ഒളിഞ്ഞിരിക്കുന്ന കാൻസർ കോശങ്ങളെ നശിപ്പിക്കുവാനും അവ വീണ്ടും തലപൊക്കാതിരിക്കാനും ആണ് ഇവ രണ്ടും ചെയ്യുന്നത്. ഒന്നിൽ കൂടുതൽ മരുന്നുകൾ ചേർത്ത് ചെയ്യുന്ന COMBINATION CHEMOTHERAPY, ANTI CANCER EFFECT കൂട്ടുവാനും, പാർശ്വഫലങ്ങൾ കുറയ്ക്കാനും സഹായിക്കുന്നു.

പുതിയ RADIATION DELIVARY TECHNIQUES, RADIATIONന്റെ പാർശ്വഫലങ്ങൾ വളരെ കുറച്ചിട്ടുണ്ട്. ADJUANT TREATMENT ന്റെ പാർശ്യഫലങ്ങൾ കുറയ്ക്കാൻ (ശർദ്ദി, മനംപുരട്ടൽ,ക്ഷീണം, രക്താണുക്കളുടെ കുറവ്) വളരെ ഫലപ്രദമായ മരുന്നുകൾ ഉണ്ട്. തലമുടി കൊഴിച്ചിൽ ഒരു താത്കാലിക അവസ്ഥയാണ്. തലമുടി സാധാരണപോലെ വീണ്ടും വളരും.

HORMONE TREATMENT ന് കൂടുതലും ഉപയോഗിക്കുന്നത് ANTI OESTROGENS ആണ്. TAMOXIFEN എന്ന മരുന്ന് 3 വർഷം മുടങ്ങാതെ കഴിക്കണം.

കാൻസർ ശരീരത്തിൽ പടർന്നു കഴിഞ്ഞ അവസ്ഥയിൽ PALLIATIVE ചികിത്സ ചെയ്യുന്നു. RADIATION, CHEMO, HORMONES ചിലപ്പോൾ ശസ്ത്രക്രിയ, വേദന സംഹാരികൾ എന്നിവ കൊണ്ട് രോഗിയുടെ പ്രയാസങ്ങൾ കുറയ്ക്കാനും QUALITY OF LIFE മെച്ചപ്പെടുത്താനും ആണ് ശ്രമിക്കുന്നത്. രോഗിയുടെ ശാരീരികവും മാനസികവുമായ അവസ്ഥകൾ, ശുഭാപ്തി വിശ്വാസം, ദൈവവിശ്വാസം, മനോധൈര്യം എന്നിവ പ്രതിരോധ ശക്തിയേയും അതുവഴി TREATMENT RESPONSE നേയും വളെര അധികം ബാധിക്കുന്നു.

FOLLOW UP ന് ശസ്ത്രക്രിയ കഴിഞ്ഞ് ആദ്യത്തെ,

1) 3 വർഷമാണ്. RECURRANCE വരാൻ ഏറ്റവും കൂടുതൽ സാധ്യത. അതുകൊണ്ട് ഈ കാലയളവിൽ 6 മാസം ഇടവിട്ട് CHECK UP വേണം അതിനു ശേഷം വർഷത്തിൽ ഒരിക്കൽ മതി.

2) ഗർഭധാരണം പാടില്ല. ഗർഭനിരോധത്തിനു ഹോർമോൺ ഗുളികകളും പാടില്ല.

BREAST RECONSTRUCTION ON SALINE BREAST

PROSTHESIS ഉപയോഗിച്ചോ, ശരീരത്തിൽ നിന്ന് തന്നെ FLAPS എടുത്തോ BREAST RECONSTRICTION ചെയ്യാവുന്നതാണ്.

ശസ്ത്രക്രിയയ്ക്ക് താല്പര്യമില്ലാത്തവർക്ക്

COSMETIC BRASSIERS ഉപയോഗിക്കാം.

പുരുഷൻമാരിൽ BREASTCANCER

വളരെ വിരളമാണെങ്കിലും, പുരുഷൻമാരിലും ഉണ്ടാവാം. പ്രായമായവരിൽ ആണ് കൂടതലും കാണുന്നത്. സ്തനങ്ങളിൽ വലുപ്പ വ്യത്യാസം, മുഴ എന്നിവ ഉണ്ടെങ്കിൽ ഡോക്ടറെ കാണണം.

MALE BREASTCANCER ഉള്ളവരിൽ BRCA 2 GENE MUTATION ഉള്ളതുകൊണ്ട് അവരുടെ മക്കൾക്കും RELATIVES നും BREAST CANCER RISK കൂടുതൽ കണ്ടു വരുന്നു.

♦

# അനീമിയ



– ഡോ. പാർവ്വതി

**ചു**വന്ന രക്താണുക്കൾക്ക് (Red blood cells) ആ നിറം പ്രദാനം ചെയ്യുന്ന ഹീമോഗ്ലോബിന്റെ (Hameglobin) വൈകല്യമാണ് വിളർച്ചയ്ക്ക് കാരണം. ചുവന്ന രക്താണുക്കൾ മജ്ജയിൽ ഉത്ഭവിച്ച് രക്തത്തിൽ 120 ദിവസത്തോളം നിലനിന്ന് പ്ലീഹയിൽ വച്ച് നശിപ്പിക്കപ്പെടുന്നു. രക്തകോശങ്ങളുടെ എണ്ണത്തിലെ കുറവ്, കോശങ്ങളുടെ ഘടനയിലെ മാറ്റം കാരണം വളരെ വേഗം നശിക്കൽ, ഹിമോഗ്ലോബിന്റെ ഘടനയിലെ വ്യതിയാനങ്ങൾ, രക്താണുക്കളുണ്ടാവാൻ ആവശ്യമായ പോഷകങ്ങളുടെ കുറവ് എന്നിവയെല്ലാം അനീമിയയുടെ കാരണങ്ങളാണ്. ഇതിന്റെ അടിസ്ഥാനത്തിൽ വിളർച്ചയെ നാലായി തരം തിരിച്ചിരിക്കുന്നു.

1. ന്യൂട്രീഷണൽ അനീമിയ (Nutritional Anaemia) (പോഷക കുറവുമൂലമുണ്ടാകുന്നത്) ഇതിൽ ഹീമോഗ്ലോബിന്റെ ഏറ്റവും പ്രധാന ഘടകമായ ഇരുമ്പിന്റെ കുറവുമൂലമുള്ള അനീമിയയും, വിറ്റാമിൻ ബി 12 ന്റേയോ (Vitamin B 12), ഫോളിക് ആസിഡിന്റേയോ (Folic Acid) കുറവമൂലമുണ്ടാകുന്ന മെഗാലോബ്ലാഡ്റ്റിക് അനീമിയയും.
2. ഹീമോഗ്ലോബിന്റെ ഘടനാ തകരാറുകൾ സിക്കിൾ സെൽ അനീമിയ, താലസീമിയ.
3. രക്തകോശങ്ങൾ പെട്ടെന്നു നശിക്കുന്നതു മൂലമുള്ള ഹീമോലൈറ്റിക് അനീമിയ
4. എപ്ലാസ്റ്റിക് അനീമിയ ഃ മജ്ജയുടെ തകരാറുമൂലം രക്തകോശങ്ങൾ ഉൽപ്പാദിപ്പിക്കപ്പെടാത്ത അവസ്ഥ.

കാരണങ്ങൾ ഏതായാലും രോഗലക്ഷണങ്ങൾ ഏകദേശം ഒന്നു തന്നെയാണ്. രക്തത്തിന്റെ ഓക്സിജൻക്ഷമത കുറയുന്നതുമൂലം തളർച്ച, ക്ഷീണം, കിതപ്പ്, ശ്വാസതടസ്സം, ഹീമോഗ്ലോബിന്റെ കുറവുമൂലം വിളറിയ നിറം, നെഞ്ചിടിപ്പ് എന്നിവയാണ് പ്രധാന ലക്ഷണങ്ങൾ.

**മെഗലോബ്ലാസ്റ്റിക് അനീമിയ (Megaloblastic anaemia)**

ഫോളിക്ആസിഡ് വിറ്റാമിൻ ബി 12 എന്നീ പോഷകഘടകങ്ങൾ രക്തകോശങ്ങളുടെ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്. മാംസം, മുട്ട, മത്സ്യം, പാൽ എന്നിവയിൽ വിറ്റാമിൻ ബി12 ധാരാളമുണ്ടെങ്കിലും അമിതമായി പാചകം ചെയ്യുന്നത് ഈ ജീവകം നശിക്കാൻ ഇടയാക്കും. കൂടാതെ ആമാശയത്തിന്റെയോ, കുടലിന്റെയോ തകരാറുമൂലം ഈ പോഷകങ്ങൾ വേണ്ടവിധം ആഗീരണം ചെയ്യപ്പെടാതിരിക്കാം. (ഉദാ. പെരിണീഷ്യഡ് അനീമിയ/Pernicious anaemia) ഈ ജീവകക്കുറവ് ഞരമ്പുകളെയും ബാധിക്കുന്നതിനാൽ കൈകാലുകളിൽ പെരുപ്പ്, തളർച്ച, കാഴചക്കുറവ്, ഓർമ്മക്കുറവ് എന്നിവയുമുണ്ടാകും.

വായുടെ കോണുകളിലും നാക്കിലും കാണുന്ന (Glossitis and Stomatitis) വ്രണങ്ങൾ ഈ ജീവകങ്ങളുടെ കുറവ് കാണിക്കുന്നു. ഈ അനീമയയിൽ ചുവന്ന രക്താണുക്കൾക്ക് വലിപ്പക്കൂടുതൽ കാണപ്പെടുന്നു. ഗർഭാവസ്ഥയിലും പ്രായമേറിയവരിലും മുലയൂട്ടുന്നവരിലുമാണ് ഫോളിക്ക് ആസിഡിന്റെ കുറവുകൾ കൂടുതൽ കാണുന്നത്. മദ്യപാനികളിലും ഈ തകരാറ് കൂടുതൽ കണ്ടു വരുന്നു.

**അയൺ ഡെഫിഷ്യൻസി അനീമിയ (Iron deficiency Anaemia)**

രക്തസ്രാവത്തിലൂടെ അമിതമായി രക്തം നഷ്ടപ്പെടുന്നതാണ് ഇതിനു കാരണം. സ്ത്രീകളിൽ ആർത്തവ സമയത്തുണ്ടാകുന്ന അമിതമായ രക്തംപോക്ക്, ആമാശയത്തിലേയോ, കുടലിലേയോ വ്രണങ്ങൾ , അർശസ് തുടങ്ങിയവയും ഇതിന് കാരണമാകാം. ആഹാരത്തിലൂടെ ലഭിക്കുന്ന ഇരുമ്പിന്റെ അംശം തീരെ കുറയുമ്പോഴും കൊക്കോ പുഴുവിന്റെ (ഇവ രക്തം ഊറ്റി കുടിക്കുന്നു) ശല്യം മൂലവും കുടലിലെ ചില രോഗങ്ങൾ മൂലം ഇരുമ്പിന്റെ ആഗീരണം കുറയുമ്പോഴും ഇതു സംഭവിക്കാം. രക്തപരിശോധന, മജ്ജപരിശോധന എന്നിവ വഴിയാണ് രോഗനിർണ്ണയം നടത്തുന്നത്. ഇരുമ്പിന്റെ അംശം ധാരാളമുള്ള ആഹാരപദാർതഥങ്ങൾ ഭക്ഷണത്തിൽ ഉൾപ്പെടുത്തുക. ഇലക്കറികൾ, നെല്ലിക്ക, ഈന്തപ്പഴം, മാതളനാരങ്ങ, സപ്പോട്ട, ബീറ്റ്റൂട്ട്, മാംസം, മുട്ട, പാൽ, ധാന്യങ്ങൾ മുതലായവ ധാരാളം കഴിക്കുക. ഇതിനുതകുന്ന മരുന്നുകൾ ഹോമിയോപ്പതിയിൽ ലഭ്യമാണ്.

****

## സ്ത്രീ സമാജത്തിലെ ജൂൺ മാസത്തെ പരിപാടികൾ

| തീയ്യതി | പരിപാടി | സമയം |
|---|---|---|
| 17.6.2014 (ചൊവ്വാഴ്ച) | പൊതുയോഗം (യമുന ഹാൾ) | 3.00 pm |

സ്ത്രീസമാജത്തിന്റെ തിരുവാതിരക്കളിയും കോലുകളിയും ജൂൺ 7– ാം തീയതി 7 മണിക്ക് ഗുരുവായൂർ അമ്പലത്തിൽ വച്ച് നടത്തുന്നു.

# ലോക ഓട്ടിസദിനാചരണം ഏപ്രിൽ 2

- യു.എസ് രവീന്ദ്രൻ ശ്രീമംഗലം

**ഏ**പ്രിൽ 2-ാം തീയതി ഓട്ടിസബോധവല്കരണദിനമായി ആചരിക്കുവാൻ യുണൈറ്റഡ് നേഷൻസ് ജനറൽ അസംബ്ലി തീരുമാനിച്ചിട്ടുണ്ട്. ഓട്ടിസം ഒരു രോഗമല്ലെന്നും സാധാരണ സ്വഭാവങ്ങളിൽ നിന്നും വ്യത്യസ്തമായ ഒരു സ്വാഭാവവിശേഷമാണ് ഓട്ടിസമെന്നും സമൂഹത്തെ ബോധവൽക്കരിക്കേണ്ട ആവശ്യകത ഉള്ളതുകൊണ്ട് ഈ ദിവസം ഓട്ടിസം ബോധവൽക്കരണ ദിനമായി ആചരിക്കപ്പെടുന്നു. ഓട്ടിസം എന്ന സ്വാഭാവവിശേഷമുള്ള കുട്ടികൾ സാമൂഹിക ഇടപെടലുകളിലും ആശയവിനിമയത്തിലും വ്യത്യസ്ഥത പുലർത്തുന്നു. കഴിഞ്ഞ രണ്ടു ദശാബ്ദങ്ങളായി ഓട്ടിസമുള്ള കുട്ടികളുടെ എണ്ണം കൂടി വരുന്നതായി കണക്കുകൾ കാണിക്കുന്നു. പെൺകുട്ടികളേക്കാൾ കൂടുതൽ ആൺകുട്ടികളിലാണ് ഓട്ടിസം കണ്ടു വരുന്നത്.

**എന്താണ് ഓട്ടിസം?**

കുട്ടികളുടെ നാഡിവ്യൂഹവ്യവസ്ഥിതി വികാസത്തിലുള്ള ചില ക്രമക്കേടുകളാണ് അവരെ വ്യത്യസ്ഥരാക്കി മാറ്റുന്നത്. ഓട്ടിസം ബാധിച്ചവർ ആശയവിനിമയത്തിലും, സാമൂഹ്യബന്ധങ്ങളിലും, പ്രതികരണസ്വഭാവങ്ങളിലും, വിനോദോല്ലാസ കാര്യങ്ങളിലും മറ്റുകുട്ടികളിൽനിന്നും വിഭിന്നരായിരിക്കും; ഒരേ പ്രവർത്തി തന്നെ ആവർത്തിച്ചു കൊണ്ടിരിക്കുക, മാറ്റങ്ങളെ ഇഷ്ടപ്പെടാതിരിക്കുക, പെട്ടെന്ന് ദേഷ്യപ്പെടുക, ഇഷ്ടം നടന്നു കിട്ടാൻ സ്വന്തം ശൈലിയിലുള്ള ചില തന്ത്രങ്ങൾ കാണിക്കുക എന്നിവ ഇവരുടെ പ്രത്യേകതയാണ്. ഈ തന്ത്രങ്ങൾ മൃദുലസ്വഭാവങ്ങൾ മുതൽ അക്രമാസക്തമായ നിലവരെ എത്താറുണ്ട്. ഇതിനെ ഓട്ടിസം സ്പെക്ട്രം ഡിസോർഡർ എന്നു പറയുന്നു. (ASD)

**എന്താണ് ഓട്ടിസത്തിനുള്ള കാരണം?**

ഇതിന്റെ വ്യക്തമായ കാരണം കണ്ടുപിടിക്കപ്പെട്ടിട്ടില്ല. ഇവരുടെ നാഡിവ്യൂഹ വ്യവസ്ഥിതിയുടെ ക്രമക്കേട് തലച്ചോറിന്റെ സാധാരണ പ്രവർത്തനത്തെ ബാധിക്കുന്നതായി കണ്ടു വരുന്നു. വ്യത്യസ്ഥ ജീനുകളുടെ സംയോഗംകൊണ്ടോ പരിസ്ഥിതിപ്രശ്നങ്ങൾകൊണ്ടോ ഇങ്ങനെ ഉണ്ടാവാം എന്നതിന് ശക്തമായ തെളിവുകളുണ്ട്. ജനിക്കുന്ന കുഞ്ഞിന് ഓട്ടിസം വരാതിരിക്കാൻ മാതാപിതാക്കൻമാർക്ക് മുൻകൂട്ടി ഒന്നും ചെയ്യുവാൻ സാധിക്കുകയില്ല. മോശമായ രക്ഷാകർതൃത്വം കൊണ്ടാണ് ഓട്ടിസം വരുന്നതെന്ന മുൻധാരണ ശരിയല്ല എന്ന് ഇപ്പോൾ തെളിയിക്കപ്പെട്ടിരിക്കുന്നു.

**ഇതിനു ചികിത്സയുണ്ടോ?**

ഫലപ്രദമായ ചികിത്സകളൊന്നും തന്നെ ഇതുവരെ കണ്ടുപിടിക്കപ്പെട്ടിട്ടില്ല. ജനിച്ച് 6 മാസം മുതൽക്കേ ഇതിന്റെ ലക്ഷണങ്ങൾ കാണാം. നേരത്തേ തന്നെ കണ്ടുപിടിച്ച് ചില ചിട്ടകൾ ഏർപ്പെടുത്തിയാൽ ദീർഘകാല പരിശീലനം കൊണ്ട് ഒരു പരിധിവരെ കുഞ്ഞിനെ മുഖ്യധാരയിലേയ്ക്ക് കൊണ്ടു വരുവാൻ സാധിക്കും.

നിങ്ങളുടെ കുഞ്ഞ്

1. ആറുമാസം പ്രായമുള്ളപ്പോൾ

   ചുറ്റും കേൾക്കുന്ന ശബ്ദങ്ങൾക്ക് പ്രതികരിക്കാറുണ്ടോ?

   പേരു വിളിക്കുമ്പോൾ പ്രതികരിക്കാറുണ്ടോ?

   നിങ്ങൾ പുഞ്ചിരിക്കുമ്പോൾ തിരിച്ചും പുഞ്ചിരിക്കാറുണ്ടോ?

   മറ്റുള്ളവരുടെ മുഖത്തേയ്ക്ക് നോക്കുവാൻ താല്പര്യം കാണിക്കാറുണ്ടോ?

   ഏതെങ്കിലും തരത്തിലുള്ള ശബ്ദങ്ങൾ പുറപ്പെടുവിക്കാറുണ്ടോ?

   ഏതെങ്കിലും തരത്തിലുള്ള ആശയവിനിമയങ്ങൾ നടത്താറുണ്ടോ?

മേൽപറഞ്ഞവയിൽ ഒന്നോ അതിൽകൂടുതലോ ചോദ്യങ്ങൾക്ക് ഉത്തരം ഇല്ല എന്നാണെങ്കിൽ കുഞ്ഞിന് ആശയവിനിമയപ്രശ്നങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുണ്ട്.

2. 18 മാസം പ്രായമാകുമ്പോൾ

ചെറിയ ചെറിയ ആംഗ്യങ്ങൾ കാണിക്കാറുണ്ടോ ഉദാഹരണത്തിന് ഇല്ല എന്ന് കാണിക്കുവാൻ തലയാട്ടുക തുടങ്ങിയവ.

പുതിയ പുതിയ വസ്തുക്കളെ നിരീക്ഷിക്കുവാൻ താല്പര്യം കാണിക്കാറുണ്ടോ?

കളിപ്പാട്ടങ്ങൾ എടുത്ത് ശരിയാംവണ്ണം കളിക്കാറുണ്ടോ?

മറ്റു കുട്ടികളുമായി കളിക്കാൻ താല്പര്യം കാണിക്കാറുണ്ടോ?

അമ്മ അച്ചൻ തുടങ്ങിയ ചെറിയ വാക്കുകൾ പറയാറുണ്ടോ?

3. 24 മാസം പ്രായമുള്ളപ്പോൾ

നിങ്ങളുടെ ശ്രദ്ധ പിടിച്ചുപറ്റുവാൻ കരയുകയല്ലാതെ വേറെ എന്തെങ്കിലും രീതികൾ ഉപയോഗിക്കാറുണ്ടോ

ഇല്ല എന്ന് കാണിക്കുവാൻ ഏതെങ്കിലും രീതികൾ ഉപയോഗിക്കാറുണ്ടോ

വസ്തുക്കളെ അലസതയോടെയല്ലാതെ താല്പര്യപൂർവ്വം നോക്കാറുണ്ടോ

പുതിയ വസ്തുക്കളോട് താല്പര്യം പ്രകടിപ്പിക്കാറുണ്ടോ

മറ്റു കുട്ടികളുമൊത്ത് കളിക്കാറുണ്ടോ

ചെറിയ ചെറിയ ഏതെങ്കിലും വാക്കുകൾ പറയാറുണ്ടോ

മേൽപ്പറഞ്ഞ ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിൽ കൂടുതൽ ചോദ്യത്തിന് ഇല്ല എന്ന ഉത്തരമാണെങ്കിൽ ഓട്ടിസം സ്പെക്ട്രം ഡിസ്ഓർഡർ ഉണ്ടെന്ന് അനുമാനിക്കാം.

4. 36 മാസം പ്രായമുള്ളപ്പോൾ

ചെറിയ ചെറിയ നിർദ്ദേശങ്ങൾ അനുസരിക്കാറുണ്ടോ? ഉദാഹരണത്തിന് ആ പുസ്തകം എടുക്കൂ, ആ മേശ തുറക്കൂ തുടങ്ങിയവ. ചോദ്യങ്ങൾ ചോദിക്കാറുണ്ടോ ഉദാഹരണത്തിന് ആരാ എന്താ എങ്ങിനെയാ തുടങ്ങിയവ

ചെറിയ ചെറിയ വാചകങ്ങൾ പറയാറുണ്ടോ ഉദാഹരണത്തിന് എനിക്ക് പാൽ തരൂ തുടങ്ങിയവ

എപ്പോഴും പേരുപറയാതെ ഞാൻ എന്റെ എന്നീ വാക്കുകൾ ഉപയോഗിക്കാറുണ്ടോ?

കൂട്ടുകാരുമായി അവരുടെപോലെ കളിക്കാറുണ്ടോ?

ഒരുപോലെയുള്ള വസ്തുക്കൾ കണ്ടാൽ തിരിച്ചറിയുവാൻ കഴിയാറുണ്ടോ?

മേൽപറഞ്ഞ ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിൽകൂടുതൽ ചോദ്യങ്ങൾക്ക് ഉത്തരം ഇല്ല എന്നാണെങ്കിൽ കുട്ടിക്ക് വളർച്ചാക്രമക്കേടുകൾ ഉണ്ട്. (Developmental disorder)

5. 6 വയസ്സുള്ള കുട്ടി

മറ്റുള്ളവരുമായി ഇടപഴകുമ്പോൾ വരൂ, പോകൂ, താങ്ക്യൂ തുടങ്ങിയ സാധാരണവാക്കുകൾ ഉപയോഗിക്കാറുണ്ടോ

കുടുംബത്തിലുള്ളവരോടും കൂട്ടുകാരോടും സംസാരിക്കുവാൻ ഇഷ്ടമാണോ?

നീണ്ട സംസാരത്തിനും, ചോദ്യങ്ങൾ ചോദിക്കാനും ഇഷ്ടമാണോ?

മുഖഭാവങ്ങളും ശരീരചലനങ്ങളും , ശബ്ദത്തിന്റെ വ്യതിയാനങ്ങളും പറയുന്ന വിഷയത്തിന് അനുസൃതമാണോ?

മുകളിൽ പറഞ്ഞ ചോദ്യങ്ങൾക്ക് ഒന്നിൽ കൂടുതൽ ഇല്ല എന്ന ഉത്തരമാണെങ്കിൽ കുട്ടിക്ക് വളർച്ചാ വൈകല്യമുണ്ട്. (Developement disorder)

എങ്ങനെ നേരിടാം

2 വയസുമുതൽ കുട്ടിയുടെ പ്രത്യേകത ശരിയായി വിലയിരുത്തി ഓരോ കുട്ടിക്കും യോജിച്ച വിധത്തിൽ തിരുത്തൽ പ്രക്രിയ നടത്തികൊണ്ടിരുന്നാൽ ഓരോ പ്രായത്തിനുവേണ്ടുന്ന കാര്യക്ഷമത (age appropriate skills) വളർത്തികൊണ്ടു വരുവാൻ സാധിക്കും. പല കുട്ടികൾക്കും വേണ്ട തിരുത്തൽ പല വിധത്തിലായിരിക്കും. ഇത് തുടർച്ചയായ ഒരു പ്രക്രിയയാണ്. പ്രത്യേകം പരിശീലനം ലഭിച്ച അദ്ധ്യാപകരും മാതാപിതാക്കളും ഒരുമിച്ച് ഒരു ടീം പോലെ പ്രവർത്തിച്ചാൽ 80 ശതമാനം ഓട്ടിസം ഉള്ള കുട്ടികളേയും മുഖ്യധാരയിലേയ്ക്ക് കൊണ്ടു വരുവാൻ സാധിക്കും. ഇതിന് ഒരു ഒക്യുപ്പേഷണൽ തെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ് , സ്പെഷ്യൽ എഡ്യൂക്കേറ്റർ എന്നിവരുടെ സേവനം ആവശ്യമാണ്. ആദ്യം അവർ കുട്ടികളുടെ ക്ഷമത വിലയിരുത്തുകയും, കുട്ടിയുടെ സ്വഭാവവിശേഷണത്തിനനുസരിച്ച് ഒരു പ്രോഗ്രാം തയ്യാറാക്കുകയും ചെയ്യുന്നു. മാതാപിതാക്കന്മാരെ കുട്ടിക്കു കൊടുക്കേണ്ട പ്രത്യേക ശ്രദ്ധകൾ എന്തൊക്കെയാണെന്ന് മനസ്സിലാക്കി കൊടുക്കുന്നു. കുട്ടികളുടെ പുരോഗതിക്കനുസരിച്ച് പ്രോഗ്രാം പരിഷ്കരിച്ചു കൊണ്ടിരിക്കുന്നു. കുട്ടിയുടെ സ്വഭാവവിശേഷത്തിന്റെ തീവ്രതക്കനുസരിച്ച് 1 മുതൽ 3 വരെ വർഷം ഈ തിരുത്തൽ പ്രക്രിയ നടത്തിക്കൊണ്ടിരിക്കണം.

ഒന്നാം ക്ലാസ്സിൽ കുട്ടി ചേർന്നു കഴിഞ്ഞാൽ സ്കൂളിലെ സ്പെഷ്യൽ എഡ്യൂക്കേറ്റർ ഇങ്ങനെയുള്ള കുട്ടികൾക്ക് പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്. കുട്ടികൾക്കു കൊടുക്കേണ്ട ഭക്ഷണത്തെപ്പറ്റി ഇങ്ങനെ പറയുന്നുണ്ട്. കോഡ് ലിവർ ഓയിൽ, കൊളസ്ട്രം, ഒട്ടകപ്പാൽ, എന്നിവ ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നത് നല്ലതാണെന്ന് പറയപ്പെടുന്നു. ഗോതമ്പ് മൈദ തുടങ്ങിയവ ഒഴിവാക്കാൻ നിർദ്ദേശിക്കുന്നു. പ്രിസർവേറ്റിവ് ചേർത്ത എല്ലാ ഭക്ഷണങ്ങളും ഒഴിവാക്കുവാൻ പ്രത്യേകം നിർദ്ദേശിക്കുന്നു. സൂര്യപ്രകാശം ഏൽക്കുന്നത് ഇങ്ങനെയുള്ള കുട്ടികൾക്ക് നല്ലതാണത്രെ.

കുട്ടികൾ വികാരാധീനരാകുന്ന സാഹചര്യം ഒഴിവാക്കുക.

മൈക്രോവേവ് ഓവൻ, വൈദ്യുതപ്രസരണയന്ത്രങ്ങൾ എന്നിവയോട് അകലെ മാത്രം പെരുമാറുക. മൊബൈൽഫോൺ ഓട്ടിസം ഉള്ള കുട്ടികൾക്ക് ഒരിക്കലും കൊടുക്കാതിരിക്കുക.

ഓട്ടിസത്തെപ്പറ്റി അധികം അറിവില്ലാതിരുന്ന 1960 കളിൽ ഒരു തീവ്ര ഓട്ടിസം ബാധിതയായി ജനിച്ച ടെമ്പിൾഗ്രാന്റിൻ 4 വയസുവരെ സംസാരിക്കല്ലായിരുന്നു. അച്ഛനമ്മമാരുടെ അർപ്പണബോധത്തോടു കൂടിയുള്ള ശ്രദ്ധയും, ടെമ്പിൾ ഗ്രാന്റിന്റെ അതീവമായ ആർജ്ജവത്വവും, ബുദ്ധിയും അവരെ ഒരു ലോകോത്തര ഓട്ടിസം വിദഗ്ദ്ധയാക്കി മാറ്റി. ഇന്നവർ കോളറാഡോ യൂണിവേഴ്സിറ്റിയിൽ പ്രൊഫസറാണ്. നോബൽ ജേതാവായ ആൽബർട്ട് ഐൻസ്റ്റിൻ ഓട്ടിസം ബാധിച്ച ആളായിരുന്നു.

ഓട്ടിസം ബാധിച്ച ഒരു കുട്ടി മനസ്സിൽ ഇങ്ങിനെയായിരിക്കും വിചാരിക്കുക

ഞാൻ നിങ്ങളുടെ ഓമനപുത്രി/ പുത്രൻ അല്ലേ.? എന്റെ വ്യക്തിത്വത്തിന്റെ ഒരു ഭാഗം മാത്രമാണ് ഓട്ടിസം.

എന്റെ ഇന്ദ്രിയാനുഭവങ്ങൾ ക്രമം തെറ്റിയതാണ്. അതുകൊണ്ട് ഒരു ഇന്ദ്രിയ സമന്വയം എനിക്ക് ബുദ്ധിമുട്ടാണ്.

ഞാൻ നിങ്ങളെ ശ്രദ്ധിക്കാഞ്ഞിട്ടല്ല. എനിക്ക് മനസ്സിലാകാഞ്ഞിട്ടാണ്.

കളിയും തമാശയും എനിക്ക് നഷ്ടപ്പെട്ടവയാണ്.

എന്നോട് ക്ഷമിക്കൂ എനിക്ക് വാക്കുകൾ പരിമിതമാണ്.

ഭാഷ എനിക്ക് ബുദ്ധിമുട്ടാണ്. പക്ഷേ കണ്ടാൽ മനസ്സിലാകും. അതുകൊണ്ട് മനസ്സിലാക്കാൻ വേണ്ടി കാണിച്ചു തരൂ.

എനിക്ക് എന്താണ് ചെയ്യാൻ പറ്റുക എന്ന് നോക്കൂ. അല്ലാതെ എനിക്ക് എന്തു ചെയ്യാൻ പറ്റില്ല എന്നല്ല നോക്കേണ്ടത്.

സാമൂഹ്യബന്ധങ്ങൾക്കെന്നെ സഹായിക്കൂ.

എന്നെ കലവറയില്ലാതെ സ്നേഹിക്കൂ.

ഞാൻ വാക്കു തരുന്നു. ഞാൻ അത്രയും വിലപ്പെട്ടതാണ്.

കുറിപ്പ്. ബാംഗ്ലൂരിലെ National Centre for Biological Science ൽ ഓട്ടിസത്തിനുള്ള മരുന്നിന്റെ ഗവേഷണം പുരോഗമിച്ചു വരുന്നു. തലച്ചോറിന്റെ സാധാരണ പ്രവർത്തനത്തിനുവേണ്ട (FMRP) പ്രോട്ടീനിന്റെ അഭാവത്തിലാണ് ഓട്ടിസം തുടങ്ങിയ വൈകല്യങ്ങൾ ഉണ്ടാകുന്നതത്രെ. ഈ പ്രോട്ടീനിന്റെ അഭാവത്തെ വേറൊരു പ്രോട്ടീൻകൊണ്ട് ക്രമീകരിക്കയും (കള്ളനെ കള്ളനെകൊണ്ടു തന്നെ നേരിടുക എന്ന തന്ത്രം) ഓട്ടിസവൈകല്യങ്ങൾ തരണം ചെയ്യാൻ സാധിക്കുവാനും കഴിയുമെന്നാണ് വാദം. മരുന്ന് പരീക്ഷണഘട്ടത്തിലാണ്. വിപണിയിൽ ഇറങ്ങിയിട്ടില്ല. ♦

### ശ്രീവിദ്യാധിരാജാവചനം

സ്വന്തം സുഖത്തേയും സന്തോഷത്തേയും കാത്തു സൂക്ഷിക്കുവാനുള്ള അഭിവാഞ്ഛയും, ഭീഷണിയോട് പ്രതിക്രിയ ചെയ്യുവാനുള്ള അഭിലാഷവും, മനുഷ്യന് ഉള്ളിടത്തോളം കാലം കലഹത്തിന് ബാഹ്യകാരണങ്ങളെ ആശ്രയിക്കേണ്ടി വരില്ല.

### വിശേഷദിവസങ്ങൾ

**ജൂൺ 15 മുതൽ ജൂലായ് 14 വരെ**

| | |
|---|---|
| ജൂൺ 24. | കൂർമ്മാവതാര ജയന്തി |
| 29 | കരയോഗം വാർഷിക പൊതുയോഗം/ തെരഞ്ഞെടുപ്പ് |
| ജൂലൈ 4 | സ്വാമി വിവേകാനന്ദന്റെ ചരമദിനം |
| ജൂലൈ 6 | ഡോ. ശ്യാമപ്രസാദ മുഖർജിയുടെ ജന്മദിനം |

## എറണാകുളം കരയോഗം

**ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2014 മെയ് മാസത്തിൽ സംഭാവന നൽകിയവർ**

| | |
|---|---|
| 1. ശ്രീ. കെ. ശങ്കരൻ, 42/ 847, ഹരിവരം, കാരോളിൽ ലെയ്ൻ, തമ്മനം, കൊച്ചി 32 | ₹ 30,000 |
| 2. ശ്രീ. സേതുമാധവൻ യു.കെ. ഗൗരി, എസ്പെരാൻസാ, വി.കെ.എൻ, ബാംഗ്ലൂർ | ₹ 10,000 |
| 3. ശ്രീ. വേണുഗോപാൽ, F 1, എക്സ്പ്രസ് ടൗവർ, ജഡ്ജസ് അവന്യൂ, കലൂർ,കൊച്ചി 18 | ₹ 10,000 |
| 4. ശ്രീ. സി. മോഹൻദാസ്, ആതിര, എസ്.ആർ.എം. റോഡ്, എറണാകുളം | ₹ 10,000 |
| 5. ശ്രീ. നരേന്ദ്രൻ, മീന മന്ദിർ, കാച്ചപ്പിള്ളിൽ റോഡ്, വൈറ്റില, കൊച്ചി 19 | ₹ 5,387 |
| 6. ശ്രീ. കെ.പി. രമേശ്, നമ്പർ 10, കലിക അപ്പാർട്ട്മെന്റ്സ് , II nd ക്രോസ്, ചെറുപറമ്പത്തു ക്രോസ് റോഡ് , കൊച്ചി 20 | ₹ 5,001 |
| 7. ശ്രീമതി. കൊച്ചമ്മിണി കൃഷ്ണൻകുട്ടി, ശ്രീഹരി, കളത്തിൽ പറമ്പു ക്രോസ് റോഡ്, കൊച്ചി 16 | ₹ 5.000 |
| 8. ശ്രീ. പി.ആർ. സുഭാഷ് , പി.ജെ.ആർ.എ 33, ന്യൂ കലവത്ത് റോഡ്, പാലാരിവട്ടം | ₹ 5,000 |
| 9. ശ്രീ. വജയകുമാർ, 49 38J, ഉഷസ്സ്, ഇളമക്കര, കൊച്ചി | ₹ 5,000 |

# വർഷഋതുചര്യകൾ ആയുർവ്വേദത്തിൽ



- ഡോ: ദേവിദാസ് വെള്ളോടി, ഫോൺ : 9747480903

**ശി**ശിരം, വസന്തം, ഗ്രീഷ്മം, വർഷം, ശരത്ത്, ഹേമന്തം എന്നിങ്ങനെ ഒരു വർഷത്തെ ആറു ഋതുക്കളാക്കി തിരിച്ചിരിക്കുന്നു. ഓരോ ഋതുക്കളിലും നമ്മുടെ ത്രിദോഷങ്ങൾക്ക് ഏറ്റക്കുറച്ചിലുണ്ടാകുന്നതിനാൽ ഓരോ ഋതുവും നമ്മുടെ ആരോഗ്യത്തെ സ്വാധീനിക്കുന്നുണ്ട്. അതിനാൽ ഓരോ ഋതുവിലും നാം ശീലിക്കേണ്ട അഥവാ പാലിക്കേണ്ട ചര്യകളെ ഋതുചര്യ എന്ന പേരിലറിയപ്പെടുന്നു. ഇവിടെ വർഷഋതുചര്യയെക്കുറിച്ചാണ് പ്രതിപാദിക്കാൻ പോകുന്നത്.

**വർഷഋതു :**

ഇടവപ്പാതി മുതൽ വൃശ്ചികം പകുതിവരെയാണ് കേരളീയർക്ക് വർഷഋതു. ഇതിൽ ആദ്യപകുതിയെ കാലവർഷമെന്നും രണ്ടാമത്തെ പാതിയെ തുലാവർഷമെന്നും പറയുന്നു. ശിശിരം, വസന്തം, ഗ്രീഷ്മം എന്നീ മൂന്നു ഋതുക്കൾ ചേർന്നത് ഉത്തരായനമെന്നും വർഷം, ശരത്ത്, ഹേമന്തം എന്നീ മൂന്നു ഋതുക്കൾ ചേർന്നത് ദക്ഷിണായനമെന്നും അറിയപ്പെടുന്നു.

ഉത്തരായന കാലത്തിൽ നമ്മുടെ ശരീരത്തിന്റെ ബലം ഏറ്റവും കുറഞ്ഞിരിക്കും. ശരീരബലത്തെ എടുത്തു കളയുന്നത് എന്നർത്ഥത്തിൽ ഉത്തരായനത്തെ ആദാനം എന്നും പറയാറുണ്ട്. ശരീരബലം തണുപ്പുകാലത്ത് ഏറ്റവും കൂടുതലും വർഷഋതുവിലും ഉഷ്ണകാലത്തും അൽപമായും വസന്തഋതുക്കളിൽ മധ്യമമായും ഇരിക്കുന്നു.

**വർഷകാലത്ത് ത്രിദോഷങ്ങൾക്ക് എന്തു സംഭവിക്കുന്നു**

ഉഷ്ണക്കാലത്ത് ജഠരാഗ്നി മന്ദീഭവിച്ചിരിക്കുകയും, വാതം വർദ്ധിച്ചിരിക്കുകയും ചെയ്യും എങ്കിലും ഉഷ്ണാധിക്യമുള്ളതിനാൽ വാതം കോപിക്കുന്നില്ല. വർഷകാലത്ത് പെട്ടെന്ന് അന്തരിക്ഷം മേഘാവൃതമായതിനാലും തണുക്കുന്നതിനാലും, ചുട്ടുപഴുത്ത ഭൂമിയിൽ മഴപെയ്യുമ്പോൾ അമ്ലവാകമായ ഭൂബാഷ്പത്താലും ജലം ദുഷിക്കുന്നതിനാൽ പിത്തവും കഫവും ദുഷിക്കുന്നു. ദുഷ്ടങ്ങളായ പിത്തകഫങ്ങൾ വാതത്തെ ദുഷിപ്പിക്കുന്നു. ഈ വിധത്തിൽ ദോഷങ്ങൾ ദുഷിക്കുകയും പരസ്പരം ദുഷിപ്പിക്കുകയും ചെയ്യുന്നതിനാലും ജഠരാഗ്നി മന്ദീഭവിച്ചിരിക്കുന്നതിനാലും വർഷഋതുവിൽ ഏറ്റവും മോശമായ ആരോഗ്യമാണ് നമുക്കുണ്ടാകുന്നത്. അതിനാൽ മൂന്നുദോഷങ്ങൾക്കും വൈഷമ്യത്തെ ഉണ്ടാക്കാത്തതും അഗ്നിദീപ്തിയെ ഉണ്ടാക്കുന്നതുമായ ആഹാരവിഹാരങ്ങളാണ് നാം ശീലിക്കേണ്ടത്.

**ഏതു ഭക്ഷണമാണ് അനുയോജ്യം**

പഴക്കം ചെന്ന ധാന്യങ്ങളും, സംസ്കരിച്ച് കറിയാക്കിയ മാംസ രസങ്ങളും, ചെറുപയർ, ഉഴുന്ന് തുടങ്ങിയവയാലുള്ള സൂപ്പുകളും, മോര്, പുളി, ഉപ്പ് എന്നിവ ചേർന്നതുമായുള്ള ഭക്ഷണങ്ങളുമാണ് അഭികാമ്യം. ചുരുക്കത്തിൽ വർഷകാലത്ത് മധുരം, അമ്ലം, ലവണം എന്നീ രസങ്ങളെ ശീലിക്കണം.

**കർക്കിടക മാസചര്യകൾ**

കേരളത്തിൽ തുടർന്നു വരുന്ന കർക്കിടക മാസചര്യകൾ ധാരാളമുണ്ട്. ഓരോദേശത്തും തനതായ സമ്പ്രദായങ്ങളുണ്ട്. വേനലിൽ നഷ്ടപ്പെട്ട ശരീരത്തിന്റെ ബലം വീണ്ടെടുക്കുന്നതിനും വാതകോപത്തെ ചെറുക്കുന്നതിനുമുള്ള ഭക്ഷണക്രമവും എണ്ണതേച്ചു കുളിയും നാം അനുവർത്തിച്ച് വരുന്നു. ചില പ്രധാനപ്പെട്ട ഭക്ഷണക്രമങ്ങളെ ഇനി വിവരിക്കാം.

**1. പത്തിലക്കറി**

മത്തനില, കുമ്പളങ്ങയില, മുള്ളൻ ചീരയില, മടത്തക്കാളിയില, പയറ്റില, അഞ്ചിലച്ചിയില, ഉപ്പഞ്ഞൽ, തഴുതാമയില, തകരയില, കൊടങ്ങൽ (വെള്ള മുത്തിൽ) ഇല, എന്നിവയാണ് സുപ്രസിദ്ധമായ പത്തിലകൾ. പത്തിലക്കറി ഒരു വർഷത്തേയ്ക്കുള്ള അപൂർവ്വമായ ഋതുലവണങ്ങൾ ശരീരത്തിന് നൽകുന്നു എന്നാണ് വിശ്വാസം. ചൊവ്വ, വെള്ളി ദിവസങ്ങളിലാണ് പത്തിലക്കറി കഴിക്കാൻ നിർദ്ദേശിച്ചിരിക്കുന്നത്. മുരിങ്ങയിലയ്ക്ക് വർഷക്കാലത്ത് വിഷാംശമുണ്ടാകുമെന്ന കാരണത്താൽ കർക്കിടക മാസത്തിൽ വർജ്ജിച്ചിരിക്കുന്നു.

**2. ഔഷധസേവ :**

വൃശ്ചികമാസത്തിൽ വിഷത്തിന് ശക്തികൂടുമെന്നാണ് ശാസ്ത്രം പറയുന്നത്. അതിനാൽ ചെറുവിഷങ്ങളെ പ്രതിരോധിക്കുന്നതിനുള്ള ശേഷി വർദ്ധിക്കുന്നതിന് കൊടുവേലികിഴങ്ങ് നെയ്യിൽ ചാലിച്ച് വിരൽകൊണ്ട് തൊട്ട് നാവിൽ വെയ്ക്കുന്നു. ഇതിന് ഔഷധസേവ എന്ന് പറയുന്നു. ഇതും കർക്കിടക മാസത്തിലെ പ്രത്യേകതയാണ്.

**3. തവിടപ്പം**

നമ്മുടെ പഴയ തലമുറക്കാർ നിർദ്ദേശിച്ചിരിക്കുന്ന മറ്റൊരു അനുഷ്ഠാനമാണ് തവിടപ്പം. ശരീരത്തിനാവശ്യമാണ് ബി12 വിറ്റാമിൻ ഏറ്റവും കൂടുതൽ തവിടിൽ അടങ്ങിയിരിക്കുന്നു. ഇത് ചേർത്തുണ്ടാക്കുന്ന തവിടപ്പം കർക്കിടകമാസത്തിന്റെ മറ്റൊരു പ്രത്യേകതയാണ്.

**തവിടപ്പം ഉണ്ടാക്കുന്ന വിധം**

കുത്തരി (മട്ടയരി) യുടെ തവിട്,കുറച്ച് നാളികേരം ചിരകിയത്, കുറച്ച് കറുത്ത ശർക്കര എന്നിവയാണ് തവിടപ്പത്തിന്റെ ചേരുവകൾ. മേൽ പറഞ്ഞ ചേരുവകൾ വെള്ളമധികം ചേർക്കാതെ നന്നായി കുഴച്ച്, കുറച്ച് കനത്തിൽ ഒരു പപ്പടത്തിന്റെ വട്ടത്തിൽ പരത്തി വാഴയിലയിൽ പൊതിഞ്ഞ് കനലിൽ ചുട്ടെടുക്കുക. അല്ലെങ്കിൽ എണ്ണ പുരട്ടാതെ ദോശക്കല്ലിൽ ചുട്ടെടുത്താലും മതി. തവിടപ്പം റെഡി.

**പത്തിലക്കറി തയ്യാറാക്കുന്ന വിധം**

നേരത്തെ പറഞ്ഞ പത്തിലകൾ (ലഭ്യമായത്) നന്നായി കഴുകി വൃത്തിയാക്കി ചെറുതായി അരിഞ്ഞതും കുറച്ച് ഇഞ്ചിയും

പച്ചമുളക് അരിഞ്ഞതും കുറച്ച് തേങ്ങാ ചിരകിയതും കൂട്ടിചേർത്ത് ഒരു ചീനിച്ചട്ടിയിൽ ഇട്ട് പാകത്തിന് ഉപ്പും ചേർത്ത് അൽപാൽപമായി വെള്ളം തളിച്ച് കൊടുത്ത് വഴറ്റിയെടുക്കുക. എണ്ണ ഉപയോഗിക്കരുത്. പത്തിലക്കറി റെഡിയായി.

**മരുന്നു കഞ്ഞി**

മധ്യതിരുവിതാംകൂറിലും തിരുവിതാംകൂറിലും ഏറെ പ്രചാരമുള്ള ഒരു ചര്യയാണ് മരുന്നു കഞ്ഞി കുടിക്കൽ. മലബാറിൽ അത്ര ശീലിച്ചു കണ്ടു വരുന്നില്ല.

**ദശപുഷ്പങ്ങൾ**

കറുക, വിഷ്ണുക്രാന്തി, ഉഴിഞ്ഞ, തിരുതാളി, പൂവ്വാകുരുന്നില, മുക്കൂറ്റി, കയ്യൂന്നി, നിലപ്പന, ചെറൂള, മുയൽചെവിയൻ എന്നിവയാണ് ദശപുഷ്പങ്ങൾ. എല്ലാം വളരെയധികം ഔഷധഗുണമുള്ള സസ്യങ്ങളാണ്. ദശപുഷ്പങ്ങൾ, കുരുമുളക്, മോര് ഇവ ചേർന്നുള്ള മുക്കൂട്ട് (മുക്കിടിയെന്നും പറയും) എല്ലാവിധ രോഗങ്ങളും അകറ്റുന്നതിനും ജഠരാഗ്നിയെ ഉദ്ദീപിക്കുന്നതിനും പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനും കഴിവുള്ളതുമാണെന്നാണ് വിശ്വാസം. ഇത് ഒരു ആചാരമായി മാറിയിരിക്കുന്നു. ഇപ്പോൾ ദശപുഷ്പങ്ങൾ ചേർത്ത മരുന്ന് കഞ്ഞിക്കിറ്റുകൾ വിപണിയിൽ ലഭ്യമാണ്.

**കർക്കിടക ഉഴിച്ചിൽ**

വാതകോപത്തെ അകറ്റുന്നതിനും രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനുമായി കേരളത്തിൽ വർഷകാലത്ത് പ്രത്യേകിച്ച് കർക്കിടകത്തിൽ അനുഷ്ഠിച്ചു വരുന്ന ചര്യയാണ് കർക്കിടക ഉഴിച്ചിൽ. അഭ്യംഗം (എണ്ണതേച്ചുകുളി) ശരീരത്തിലെ പേശികൾക്ക് ശക്തി നൽകുന്നു. ഞരമ്പുകളെ ഉദ്ദീപിക്കുന്നു. രക്തചംക്രമണം കൂട്ടുന്നു. വാതഹരങ്ങളായ മരുന്നുകളിട്ട് കാച്ചിയെടുത്ത ധാന്വന്തരം, സഹചരാദി , വലിയനാരായണതൈലം തുടങ്ങിയ തൈലങ്ങൾ കൊണ്ട് 7,14 തുടങ്ങിയ ദൈർഘ്യത്തിൽ ദിവസേന ചെയ്യുന്ന ഉഴിച്ചിലാണിത്. തലയിൽ എണ്ണ തേയ്ക്കുന്നത് സുഖനിദ്രയ്ക്കും മുടിവളരുന്നതിനും കാരണമാകുന്നു. എണ്ണതേച്ചു കുളി തൊലിക്ക് മാർദ്ദവമേകുന്നു. വർണ്ണം നൽകുന്നു. വാതഹരങ്ങളായ കഷായങ്ങളോ മറ്റു മരുന്നുകളോ ഉഴിച്ചിൽ സമയത്ത് കഴിക്കുന്നത് കൂടുതൽ ഗുണപ്രദമാണ്. നമ്മുടെ മുൻതലമുറക്കാർ പരീക്ഷിച്ച് ബോധ്യംവന്ന ചര്യകളെ പഴമ എന്ന പേര് പറഞ്ഞ് പുച്ഛിച്ച് തള്ളാതെ അതിന്റെ അന്തസത്ത മനസ്സിലാക്കി അവയെ കാലാനുസൃതമായി പരിഷ്കരിച്ച് ശീലിക്കുന്നത് ഒരു ആരോഗ്യപൂർണ്ണമായ സമൂഹത്തെ കെട്ടിപ്പടുക്കുവാൻ സഹായിക്കുന്നു. ഇത്തരം ആരോഗ്യപരമായ പഴമകളെ ശീലിക്കുകയും പുതിയ തലമുറയ്ക്ക് പകർന്ന് കൊടുക്കുകയും ചെയ്യേണ്ടത് നമ്മുടെ കടമയാണ്.

ആരോഗ്യം ആയുർവ്വേദത്തിലൂടെ

♦



പാഠം 15

# വദതു സംസ്കൃതം (സംസ്കൃതം പറയൂ)

ആർ. കിരൺകുമാർ
9447704532

കഥം എങ്ങനെ ?

നിത്യജീവിതത്തിൽ നാം പലപ്പോഴും പലതിനെകുറിച്ചും അഭിപ്രായം ചോദിക്കാറുണ്ട്. അപ്പോഴാണ് സാധാരണയായി എങ്ങനെ എന്ന വാക്ക് ഉപയോഗിക്കാറുള്ളത്. സംസ്കൃതത്തിൽ എങ്ങനെ എന്ന് ചോദിക്കാൻ കഥം എന്ന ചോദ്യവാക്കാണ് ഉപയോഗിക്കേണ്ട് !

| | | |
|---|---|---|
| ആരോഗ്യം എങ്ങനെയുണ്ട് | - | ആരോഗ്യം കഥം അസ്തി |
| നന്നായിരിക്കുന്നു | - | സമ്യക് അസ്തി |
| പഠനം എങ്ങനെ നടക്കുന്നു | - | പഠനം കഥം അസ്തി ? |
| നന്നായി നടക്കുന്നു | - | സമയക് പ്രചലതി. |
| എന്റെ ഡ്രസ് എങ്ങനെയുണ്ട് | - | മമ വസ്ത്രം കഥം അസ്തി ? |
| നിറം നന്നായിട്ടുണ്ട് | - | വർണ്ണഃ സമ്യക് അസ്തി |
| പായസം എങ്ങനെയുണ്ട് | - | പായസം കഥം അസ്തി ? |
| പായസം രുചികരമാണ് | - | പായസം രുചികരം ഭവതി |
| ആ പാട്ട് എങ്ങനെയുണ്ട് | - | തത് ഗീതം കഥം അസ്തി ? |
| ആ ചലച്ചിത്രം എങ്ങനെയുണ്ട് | - | തത് ചലച്ചിത്രം കഥം അസ്തി? |
| കഥ നല്ലതല്ല | - | കഥാ സമ്യക് നാസ്തി |
| സംസ്കൃതം ക്ലാസ്സ് എങ്ങനെയുണ്ട് | - | സംസ്കൃത കക്ഷ്യ കഥം അസ്തി |
| ഒരുവിധം നന്നായി നടക്കുന്നു | - | പ്രായേണ സമ്യക് പ്രചലതി. |
| യേശുദാസ് എങ്ങനെ പാടുന്നു | - | യേശുദാസഃ കഥം ഗായതി ? |
| വണ്ടി എങ്ങിനെ പോകുന്നു? | - | യാനം കഥം ഗഛതി |
| വണ്ടി പതുക്കെയാണ് പോകുന്നത് | - | യാനം മന്ദം ഗഛതി ? |

എങ്ങനെ എന്ന ചോദ്യത്തിന് ഉത്തരമായി വരാവുന്ന ചില വാക്കുകൾ കൂടി പഠിക്കാം.

| | | | | | |
|---|---|---|---|---|---|
| ശീഘ്രം | - | വേഗത്തിൽ | മന്ദം | - | പതുക്കെ |
| ഉച്ചൈഃ | - | ഉറക്കെ | ശനൈഃ | - | ശബ്ദം കുറച്ച് |
| സമ്യക് | - | നന്നായി | വേഗേന | - | വേഗത്തിൽ |

# കർണ്ണൻ

– വി. കെ. ശങ്കരൻ കുട്ടി

**മ**ഹാഭാരതയുദ്ധത്തിന് ശേഷം, മരിച്ചു വീണ വീരയോദ്ധാക്കൾക്ക്, പരലോക പ്രാപ്തിക്ക് വേണ്ടി, യുധിഷ്ഠിരന്റെ കല്പന പ്രകാരം ശവദാഹകർമ്മം നടത്തുവാൻ, വിദൂരരെ എല്പിക്കുന്നു. വിദുരൻ അത് യഥാവിധി നിർവഹിച്ചു. ഈ സമയത്ത് പെട്ടെന്ന് ഇണ്ടൽ മുഴുത്ത്, തേങ്ങിക്കരഞ്ഞു കൊണ്ട് വീരമാതാവായ കുന്തി മന്ദമായി മക്കളോട് പറഞ്ഞു. ആര് ശൂരനും, മഹേഷ്വാസനും രഥയൂഥപയൂഥപനും ആയിരുന്നു, ആര് യുദ്ധക്കളത്തിൽ അർജ്ജുനനാൽ കൊല്ലപ്പെട്ടവനും, വീരലക്ഷണം ഒത്തവനും ആയിരുന്നു, സൌതി രാധേയൻ എന്ന് നിങ്ങൾ ആരെ പറ്റി ഓർക്കുന്നു, സൂര്യനെപ്പോലെ പ്രഭുവായി യുദ്ധക്കളത്തിൽ ആർ ശോഭിച്ചിരുന്നു, ദുര്യോധനബലം മറ്റും വഹിച്ച് കൂട്ടത്തോടെ നിങ്ങളോട് ആര് എതിർത്ത് വിളങ്ങിയിരുന്നു, മന്നിൽ വീര്യം കൊണ്ട് കിടയറ്റവനായി ആര് ശോഭിച്ചു, ആ സത്യസന്ധനും, പോരിൽ പിൻതിരിയാത്ത ശൂരനും, പ്രാണൻ കളഞ്ഞും കീർത്തി വരിച്ചവനും അക്ലിഷ്ടകർമ്മാവും നിങ്ങളുടെ ഭ്രാതാവുമായ കർണ്ണന് ഹേ പാണ്ഡുപുത്രന്മാരെ നിങ്ങൾ ശേഷക്രിയ ചെയ്യുവിൻ! അവൻ നിങ്ങൾക്ക് അഗ്രജനാണ്. എന്നിൽ ആദിത്യന്ന് പിറന്നവനാണ്. അവൻ കുണ്ഡലവും ചട്ടയുമായി പിറന്ന ശൂരനും അർക്കസമപ്രഭനുമാണ്. പാണ്ഡവന്മാരെല്ലാവരും അമ്മയുടെ ഈ വാക്കു കേട്ട് നടുങ്ങിപ്പോയി. പിന്നെ പുരുഷവ്യാഘ്രനായ യുധിഷ്ഠിരൻ പാമ്പിനെപ്പോലെ ചീറ്റിക്കൊണ്ട് പറഞ്ഞു. ശരമാകുന്ന തിരമാലയും ധ്വജമാകുന്ന ചുഴിയും മഹാഭുജമാകുന്ന ഗ്രാഹവും ചേർന്നവനും തലനാദം മുഴക്കുന്നവനും ആയ ആ തേരാളിയാകുന്ന ഹ്രദം ഏതൊരുത്തനാണോ, ആര് എയ്യുന്ന ദിക്കിൽ അർജ്ജുനനൊഴികെ മറ്റാർക്കും നിൽക്കുവാൻ കഴിയാതിരിന്നുവോ, ദേവഗർഭനായ അവൻ ഭവതിക്ക് സൂര്യദേവനിൽ നിന്നും മുമ്പുണ്ടായ പുത്രനാണെന്നോ? ആരുടെ ബാഹുബലത്താൽ ഞങ്ങളൊക്കെ തപിച്ചുവോ, വസ്ത്രം കൊണ്ട് തീയിനെ എന്നപോലെ ഭവതിക്കവനെ എങ്ങിനെ, എന്തിന് മറച്ചു?. ഇപ്രകാരം വിലപിച്ച് യുധിഷ്ഠിരൻ ദുഃഖിച്ച് ഉദകക്രിയ ചെയ്യുന്ന സമയത്ത്, നാരദ മഹർഷിയും, വേദവ്യാസനും അവിടെ എത്തി. വ്യാസൻെറ ചോദ്യത്തിന്ന് ഉത്തരമായി കുന്തിദേവി തൻെറ ബാല്യ ചരിത്രം പറയുന്നു. തപസ്വിയും മഹാകോപിയും വിപ്രനുമായ ദുർവ്വാസാവ് ഒരു മാസത്തെ താമസത്തിനായി കുന്തീഭോജന്റെ രാജധാനിയിൽ എത്തി. വളരെ ശുദ്ധമായ മനസ്സോടെ യാതൊരു തെറ്റും കൂടാതെ കുന്തി അദ്ദേഹത്തെ ശുശ്രൂഷിച്ചു, പ്രീതനാക്കി. രാജധാനിയിൽ നിന്ന് പോകുവാനൊരുങ്ങുന്ന സമയത്ത്, മഹർഷി കൊടുത്ത വരം, ഭയം മൂലം അവൾ സ്വീകരിച്ചു. വേണ്ടെന്നു പറഞ്ഞാൽ മുനി കോപിക്കുമെന്ന് അവൾക്കറിയാമായിരുന്നു. ഭദ്രേ, നീ ധർമ്മത്തിന്റെ അമ്മയായി വരും. ശുഭാനനെ, നീ ആഹ്വാനം ചെയ്യുന്ന ദേവന്മാർ നിന്റെ പാട്ടിൽ നിൽക്കും എന്നു പറഞ്ഞു മുനി മറഞ്ഞു. ഒരു ദിവസം ഹർമ്മ്യത്തിൽ അവൾ നിൽക്കുമ്പോൾ മനോഹരനായി ഉദിച്ചു വരുന്ന സൂര്യനെ കണ്ടു. അപ്പോൾ മുനി പറഞ്ഞ മന്ത്രം ഓർത്ത് അവൾ ദിനേശനെ ആഗ്രഹിച്ച് ആഹ്വാനം ചെയ്തു. ഉടനെ ദേവനായ സഹസ്രാംശു കുന്തിയുടെ അടുത്തു വന്ന് വരം വാങ്ങാൻ ആവശ്യപ്പെട്ടു. വിറച്ചു കൊണ്ട് തല കുമ്പിട്ട് അവൾ ദേവനോട് തിരിച്ചു പോകുവാൻ ആവശ്യപ്പെട്ടു. തന്നെ വിളിച്ചുവരുത്തിയതിന് ശേഷം പോകുവാൻ പറഞ്ഞവളേയും വരം തന്ന ദ്വിജനെയും ദഹിപ്പിച്ചു കളയും എന്നു പറഞ്ഞപ്പോൾ, തെറ്റ് ചെയ്യാത്ത മുനിയെ ശാപത്തിൽ നിന്നും രക്ഷിക്കാൻവേണ്ടി കുന്തി, അദ്ദേ ഹത്തോട് ദേവ! ഭവാന് തുല്യനായ ഒരു പുത്രനെ നൽകിയാലും എന്നു പറഞ്ഞു. ആ ദേവനായ സഹസ്രാംശു വിന്റെ പ്രസാദത്താൽ, കുന്തി ഗൂഢമായി പ്രസവിച്ചു. ദേവന്റെ അനുഗ്രഹത്താൽ അവൾ വീണ്ടും കന്യകയായി.

കുന്തി പ്രസവിച്ച ഉടനെ കവചകുണ്ഡല ധാരിയായ കുഞ്ഞിനെ ഒരു പേടകത്തിൽ വെച്ച്, വായു കടക്കും വിധം കിടത്തി, വാതിൽ വെള്ളം കടക്കാത്ത വിധത്തിൽ അടച്ച് അശ്വനി നദിയിലൂടെ ഒഴുക്കി. ഒരു സംരക്ഷകനെപ്പോലെ സൂര്യഭഗവാൻ അതെല്ലാം നോക്കിക്കൊണ്ട് നിൽക്കുന്നുണ്ടായിരുന്നു. കുഞ്ഞിനേയും കൊണ്ട് മരപ്പെട്ടി, ഗംഗ, യമുന മുതലായ മഹാനദികളിലൂടെ ഒഴുകി അംഗരാജ്യത്തിന്റെ തീരത്തെത്തി. ആ നദീ തീരത്ത് കുളിച്ചു കൊണ്ടിരുന്ന, അധിരഥൻ എന്ന സൂതൻ പെട്ടി തുറന്നു നോക്കിയപ്പോൾ, കവചകുണ്ഡലങ്ങൾ അണിഞ്ഞിരിക്കുന്ന ഒരു കുഞ്ഞിനെ കണ്ടു. കുഞ്ഞുങ്ങളില്ലാത്ത സൂതനും ഭാര്യ രാധയും ദൈവം തന്ന നിധി എന്നോർത്ത് വസുഷേണൻ എന്ന പേര് നൽകി, സൂതപുത്രനാക്കി വളർത്തി.

കുന്തി വളർന്നപ്പോൾ, പിതാവ് സ്വയംവരം നിശ്ചയിച്ചു. ഹസ്തിനപുരിയിലെ രാജാവ് പാണ്ഡുവിനെ കുന്തി വിവാഹം കഴിക്കുവാൻ തിരഞ്ഞെടുത്തു. പുത്രന്മാർ ഉണ്ടാകാത്തിനാലാവാം, പാണ്ഡു, ഭീഷ്മരുടെ ഉപദേശപ്രകാരം മദ്ര രാജാവിന്റെ മകളും ശല്യരുടെ സഹോദരിയുമായ മാദ്രിയെ വിവാഹം ചെയ്തു. കിന്ദമമഹർഷിയുടെ ശാപം കൊണ്ട് ഭാര്യമാരെ സ്പർശിക്കാൻ ആവാത്ത സ്ഥിതി വന്നു, പാണ്ഡുവിന് കുന്തിക്ക് ലഭിച്ച മന്ത്ര സിദ്ധിയെ അറിഞ്ഞ പാണ്ഡു, പുത്രോത്പാദത്തിന് ദേവന്മാരെ ആഹ്വാനം ചെയ്യുവാൻ ആവശ്യപ്പെട്ടു. ഇഷ്ടമില്ലെങ്കിലും, രാജാവിന്റെ ഉറച്ച തീരുമാനത്തിൽ നിന്നും രക്ഷപ്പെടുവാൻ സദാചാരബോധമുള്ള ഒരു സ്ത്രീക്ക്, അതനുസരിക്കയെ നിർവ്വാഹമുള്ളൂ. ധർമ്മദേവ

നിൽ നിന്ന് ധർമ്മപുത്രരും വായുവിൽ നിന്ന് ശക്തനായ ഭീമനും, ഇന്ദ്രനിൽ നിന്ന് അർജ്ജുനനും കുന്തിക്ക് പിറന്നു. മന്ത്രം മാദ്രിക്ക് നൽകി. അശ്വനീകുമാരൻമാരിൽ നിന്ന് നകുലസഹദേവൻമാർ മാദ്രിക്കും ജനിച്ചു. ശാപം മറന്ന് അതീവസുന്ദരിയായ മാദ്രിയെ പ്രാപിച്ചപ്പോൾ, പാണ്ഡു തലപൊട്ടിത്തെറിച്ച് കാലപുരിയിൽ എത്തി. മാദ്രി ചിതയിൽ ചാടി മരിച്ചു.

പിതാവായ സുതന്റെ കൂടെ, കൊട്ടാരത്തിലേയ്ക്ക് പതിവായി വരാറുള്ള വസുഷേണൻ കൗരവന്മാരോട് കൂടുതൽ അടുത്തു. ഹസ്തിനപുരിയിൽ വളർന്ന പാണ്ഡു പുത്രന്മാരേയും, കൗരവന്മാരേയും, ഗുരുകുലവിദ്യാഭ്യാസത്തിന് കുലഗുരു കൃപാചാര്യരേയും, പിന്നീട് ദ്രോണാചാര്യരേയും ചുമതലപ്പെടുത്തി. ചെറുപ്പത്തിൽ തന്നെ പാണ്ഡവരും, കൗരവരും ശത്രുക്കളെപ്പോലെയാണ് വളർന്നത്. ദുര്യോധനന്റെ അഭ്യർത്ഥനയനുസരിച്ച്, ദ്രോണാചാര്യർ വസുഷേണനെ ശിഷ്യനായി സ്വീകരിച്ച് ആയുധ വിദ്യകൾ അഭ്യസിപ്പിച്ചു. ഇവരിൽ അർജ്ജുനന്റെ പ്രകടനം, ഗുരുക്കന്മാരുടെ ശ്രദ്ധ പ്രത്യേകം ആകർഷിച്ചു. അർജ്ജുനനുമായി ഏറ്റുമുട്ടുവാൻ അർഹതയുള്ള സൂതപുത്രനെ അതിന് അനുവദിക്കാതിരുന്നത്, ഗുരുവിന് അർജ്ജുനനോടുള്ള മമത മാത്രമായിരുന്നു. ഈ ഒറ്റകാരണം കൊണ്ടാണ് വസുഷേണനെ അംഗരാജാവായി ദുര്യോധനൻ വാഴിച്ചതും പിന്തുണ ഉറപ്പിച്ചതും. ദ്രൗപതി സ്വയംവരത്തിലും സൂതപുത്രനെ വിവാഹം ചെയ്യുകയില്ലെന്ന് പറഞ്ഞ് അപമാനിച്ചു.

സൂതപുത്രനെ കർണ്ണനാക്കിയത് അയാളിലെ ദാനശീലമാണ്. അർജ്ജുനനെ രക്ഷിക്കാൻ വേണ്ടി പിതാവായ ദേവേന്ദ്രൻ മുതലെടുത്തതും ഈ ദാനശീലമാണ്. ദേവേന്ദ്രനാണ് കർണ്ണൻ എന്ന നാമകരണം ചെയ്തത്. സൂര്യദേവൻ പുത്ര സ്നേഹത്തോടെ കർണ്ണന്റെ സമീപത്ത് വന്ന്, പാണ്ഡവരുടെ ഹിതത്തിനായി കുണ്ഡലം കൈക്കലാക്കാൻ ഇന്ദ്രൻ ബ്രാഹ്മണ വേഷത്തിൽ വരുമെന്നും അത് കൊടുക്കരുതെന്നും, ഈ കുണ്ഡലങ്ങൾ നിനക്ക് വളരെ ഗുണം ചെയ്യുമെന്നും, ദാനം ചെയ്താൽ നിന്റെ ആയുസ്സ് അറ്റുപോകുമെന്നും ഉപദേശിച്ചിട്ടും, കർണ്ണൻ കുണ്ഡലങ്ങളും, കവചങ്ങളും ഇന്ദ്രന് ദാനം ചെയ്തു. യശസ്സ് നഷ്ടപ്പെടുത്തി പ്രാണനെ രക്ഷിക്കുകയെന്നത് തനിക്ക് ചേർന്നതല്ലെന്നും യശസ്വിയായി മരിക്കുകയെന്നതാണ് ലോകസമ്മതമായിട്ടുള്ളത് എന്ന് ചിന്തിക്കുന്നവനായിരുന്നു കർണ്ണൻ.

മഹാഭാരതയുദ്ധം ഒഴിവാക്കാൻ, ദൂതനായി കൃഷ്ണൻ ധൃതരാഷ്ട്രരെ സമീപിച്ചപ്പോൾ, ദുര്യോധനന്റെ പിടിവാശി മൂലം, കൃഷ്ണൻ പിൻമാറി തിരിച്ചു പോരുന്ന സമയത്ത്, കർണ്ണനെ വിളിച്ച് തേരിൽ കയറ്റി പറഞ്ഞു നീ കുന്തീ ദേവിക്ക് സൂര്യനിൽ ഉണ്ടായ പുത്രനാണെന്നും, ധർമ്മാനുസരണം ചിന്തിക്കുമ്പോൾ നീ പാണ്ഡുപുത്രനാണെന്നും, ഹസ്തിനപുരിയിലെ രാജാവായി രാജ്യത്തെ രക്ഷിക്കേണ്ടവനാണന്നും പറയുന്നു. ഇതിന് കർണ്ണൻ മറുപടി പറയുന്നതു ഇപ്രകാരമാണ്. ധൃതരാഷ്ട്ര ഗൃഹത്തിൽ പതിമൂന്ന് സംവത്സരം നിഷ്കണ്ടകനായി രാജ്യസുഖം ഭുജിച്ചു. പാണ്ഡു പുത്രന്മാരുമായി വൈരവും നേടി. വധം, ബന്ധം, ഭയം, ലോഭം എന്നിവയാൽ ധീരനായ ധൃതരാഷ്ട്രരോട് ഞാൻ നേരുകേട് ചെയ്യുന്നതല്ല. സവ്യാസുചിയോട് ഞാൻ ദ്വൈരഥം ചെയ്യുന്നതല്ലെങ്കിൽ, ഋഷികേശ, എനിക്ക് അകീർത്തിയാണു ണ്ടാകുക. ഈ രഹസ്യം ഭവാൻ മറച്ചു വെക്കണം. കുന്തിയുടെ പ്രഥമ പുത്രനാണ് ഞാൻ എന്ന് യുധിഷ്ഠിരൻ അറിഞ്ഞാൽ ജിതേന്ദ്രിയനായ ആ ധർമ്മരാജാവ് രാജ്യം കയ്യേൽക്കുകയില്ല. ഏതൊരു രാജാവിന്ന് ഋഷികേശൻ നേതാവാകുന്നുവോ, പാർത്ഥൻ യോദ്ധാവാകുന്നുവോ, ഭീമസേനൻ രഥിയാകുന്നുവോ രാഷ്ട്രവും ഭൂമിയു മൊക്കെ ആ രാജാവിനുള്ളതാണ്. ഇത്രയും പറഞ്ഞ് കൗരവസേനയെ രണത്തിനായി അയക്കുവാൻ പറഞ്ഞ് കർണ്ണൻ തിരികെ പോകുന്നു. കർണ്ണന്റെ വാക്കു കേട്ട് ശത്രുനാശനനായ കേശവൻ കുലുങ്ങി ചിരിച്ചു.

മഹാഭാരത യുദ്ധം നടക്കുമെന്ന് ഉറപ്പായപ്പോൾ കുന്തിയും കർണ്ണന്റെ അരികിൽ ചെന്ന് നീയും എന്റെ പുത്രനാണ് എന്ന് പറയുന്നുണ്ട്. പാണ്ഡവന്മാരുടെ ഗമത്തിനുവേണ്ടി യാചിക്കുന്നും ഉണ്ട്. അമ്മയുടെ ആഗ്രഹം മഹാത്മാവായ അദ്ദേഹം അനുസരിച്ചില്ല. ആയിരം ആനയുടെ ബലമുള്ളവൻ, ലോകത്തിൽ ഏറ്റവും ശ്രേഷ്ഠനും, എതിരില്ലാത്തവനുമായ മഹാരഥൻ, ധീമാൻ, ഗജേന്ദ്ര ഗമനൻ, ഘൃണി, ദാതാവ്, യതവൃതൻ, ധാർത്തരാഷ്ട്രന്മാർക്ക് ആശ്രയമായവൻ, മാനി, തീക്ഷ്ണപരാക്രമൻ, അമർഷി, നിത്യസംരംഭി, രണത്തിൽ പാണ്ഡവർക്കു ആക്ഷേപദൻ, ശീഘ്രാസ്ത്രൻ, ചിത്രയോഗി, കൃതി, അത്ഭുതവിക്രമൻ, ഇങ്ങനെയൊക്കെ സർവ്വഗുണങ്ങളും തികഞ്ഞ കർണ്ണൻ അമ്മയോട് ഇപ്രകാരം പറഞ്ഞു. ദുര്യോധനനെ വിടുവാൻ എനിക്ക് നിവൃത്തിയില്ല. അങ്ങിനെ ചെയ്താൽ ഞാൻ അനാര്യനും, കൃതഘ്നനും, നൃശംസനും ആകും. പോരിൽ അർജ്ജുനനെ ഭയപ്പെട്ട് കർണ്ണൻ പാണ്ഡവരുമായി സന്ധി ചെയ്തു എന്ന ഒരു ദുഷ്കീർത്തിയും എനിക്കുണ്ടാകും. പക്ഷെ ഒരു ഉറപ്പു കൊടുത്താണ്, തന്റെ മുമ്പിൽ വിറച്ചു നിൽക്കുന്ന അമ്മയെ കർണ്ണൻ തിരിച്ചയച്ചത്. അത് ഇപ്രകാരമായിരുന്നു. എന്റെ പിടിയിൽ കിട്ടുന്ന അവസരത്തിൽ ഞാൻ അർജ്ജുനനൊഴികെ, നാലുപേരെയും കൊല്ലാതെ വിടാം . ഭവതിക്ക് അഞ്ചു മക്കൾ എന്നും ഉണ്ടാകും! യുദ്ധത്തിൽ യുധിഷ്ഠിരൻ, ഭീമൻ, നകുലൻ സഹദേവൻ എന്നിവർ കർണ്ണന്റെ പിടിയിലായിട്ടും, അല്പം നോവിച്ച് അവരെ വിട്ടയച്ച് , കർണ്ണൻ അമ്മയ്ക്കു കൊടുത്ത വാക്ക് പാലിക്കുന്നുണ്ട്.

മഹാഭാരതത്തിലെ പ്രശസ്ത കഥാപാത്രമാണെങ്കിലും ദുരന്തങ്ങളുടെ ആവർത്തനമായിത്തീരാനായിരുന്നു കൌന്തേയനായ കർണ്ണന്റെ വിധി. ഉന്നത കുലജാതനായിട്ടും സൂതപുത്രനെന്ന നിലയിൽ പരിഹാസ്യനായി തീരാനുള്ള കർണ്ണന്റെ നിയോഗം ദുഃഖകരമാണ്. അസ്ത്രവിദ്യ പ്രകടിപ്പിക്കുന്ന അവസരത്തിൽ നിന്റെ കുലമേതാണ് എന്ന് ഗുരു ചോദിച്ചപ്പോൾ, വസുഷേണന് നിസ്സഹായനായി നിൽക്കേണ്ടി വന്നു.

ആയുധവിദ്യ പഠിക്കുന്ന കാലത്ത് രണ്ട് ഉഗ്രപാപങ്ങൾ കർണ്ണനെ തേടി എത്തുകയും അത് അവന്റെ വിധി നിശ്ചയിക്കുകയും ചെയ്തു. ഇതിനുള്ള കാരണങ്ങൾ നാരദമുനി യുധിഷ്ഠിരനോട് പറയുന്നുണ്ട്. ദ്രോണനിൽ നിന്ന് ധനുർവ്വേദം പഠിച്ചു. ഭീമന്റെ ശക്തിയും പാർത്ഥന്റെ കൈ വേഗവും അവനുണ്ടായിരുന്നു. ധർമ്മ രാജാവിന്റെ ബുദ്ധിക്കും നകുല സഹദേവന്മാരുടെ വിനയവും ചേർന്നവനായിരുന്നു കർണ്ണൻ. എന്നിട്ടും അർജ്ജുനന്റെ ഹിതത്തിന് വേണ്ടി ആചാര്യൻ ബ്രഹ്മാസ്ത്രം ബ്രാഹ്മണനും തപസ്സിയായ ക്ഷത്രിയനും മാത്രമെ ഉപദേശിക്കുവാൻ പാടുള്ളൂ എന്ന് പറഞ്ഞപ്പോൾ നിരാശനായി. കർണ്ണൻ ഗുരുകുലത്തിൽ നിന്നും മടങ്ങിപ്പോയി. നേരെ പോയത് പരശുരാമന്റെ ആശ്രമത്തിലേക്കാണ്. താൻ ഭൃഗുവംശത്തിൽപ്പെട്ട ബ്രാഹ്മണനാണ് എന്ന് വ്യാജം പറഞ്ഞ് ശിഷ്യത്വം അഭ്യർത്ഥിച്ചു. കർണ്ണന്റെ ബാഹുവീര്യം, ദമം, സ്നേഹം എന്നിവ കണ്ട്, ശിഷ്യനായി സ്വീകരിച്ച്, ബ്രഹ്മാസ്ത്രം കർണ്ണന് ഉപദേശിച്ചു. ഗുരു പിന്നീട്, കർണ്ണൻ ബ്രാഹ്മണനല്ലെന്നും ഒരു ക്ഷത്രിയനാണെന്നും തിരിച്ചറിഞ്ഞ്, അവനെ ശപിക്കുന്നു. ശാപം ഇപ്രകാരമായിരുന്നു. നീ നിന്റെ കിടയൊത്തവനുമായി പോരാടുമ്പോൾ, മരണമടുക്കുമ്പോൾ ബ്രഹ്മാസ്ത്ര പ്രയോഗം ഓർമ്മയിൽ വരാതെ പോകും. ഇതിന് മുമ്പ് മറ്റൊരു വിപ്രശാപം കർണ്ണനെ തേടി വന്നിരുന്നു. അത് ഇപ്രകാരമായിരുന്നു.........നീ ആരോട് ജയിക്കുവാൻ ഉത്സാഹിക്കുന്നുവോ, പാപീ നീ അവരുമായി ഏറ്റുമുട്ടുമ്പോൾ നിന്റെ രഥചക്രം ഭൂമി ഗ്രസിക്കട്ടെ. നിന്റെ ശത്രു ആ സമയത്ത് നിന്നെ വീഴ്ത്തട്ടെ. പത്തു ദിവസം കർണ്ണനെ യുദ്ധത്തിൽ പങ്കെടുപ്പിക്കാതെ ഭീഷ്മർ മാറ്റി നിർത്തിയിരുന്നു. ഭീഷ്മർ മുറിവേറ്റ് ശരശയ്യയിൽ കിടക്കുന്ന സമയത്ത്, കർണ്ണൻ പിതാമഹനെ കാണുവാനും, താൻ ചെയ്ത തെറ്റ് ഏറ്റു പറയുവാനും ക്ഷമ ചോദിച്ച് അനുഗ്രഹം വാങ്ങുവാനും ഭീഷ്മന്റെ അടുത്തെത്തുന്നു. ഭീഷ്മർ കർണ്ണനെ അനുഗ്രഹിക്കുന്നു. ദ്രോണൻ സർവ്വ സൈന്യാധിപനായി യുദ്ധം വീണ്ടും തുടങ്ങിയപ്പോൾ കർണ്ണൻ കൗരവപ്പടയിൽ ചേർന്നു. ദ്രോണർ വീണതിന് ശേഷം കർണ്ണൻ സർവ്വസൈന്യാധിപനായി കൗരവപ്പടയെ നയിച്ചു. അർജ്ജുനനെ കൊല്ലണമെന്ന ഉദ്ദേശത്തോടെ, കർണ്ണൻ പാണ്ഡവപ്പടയെ ചുട്ടെരിച്ചു. രോമാഞ്ചജനകമായ ഭയങ്കരയുദ്ധം പരസ്പരം ജയം കാംക്ഷിക്കുന്ന കുരുപാണ്ഡവന്മാർ തമ്മിൽ നടന്നു. കർണ്ണൻ പുകയറ്റ അഗ്നി പോലെ പോരിൽ ജ്വലിച്ചു. കോളിളക്കം കൊണ്ട കടൽ പോലെ ആർത്തിരമ്പിയെത്തുന്ന ആ വമ്പനെ അർജ്ജുനന് പോലും തടുക്കുവാൻ സാധിച്ചില്ല. ഈ സമയത്താണ് വൈരം വെച്ച് കൊണ്ടിരിക്കുന്ന ആ സർപ്പത്തെ കൊന്നു കളയുക എന്ന് കൃഷ്ണൻ പാർത്ഥനോട് പറഞ്ഞത്. ഉടനെ സർപ്പോഗ്രമായ ആറ് ശരങ്ങൾ കർണ്ണൻ, കൃഷ്ണന്റെ നേരെ അയച്ചു. ഇത് തടുക്കുവാൻ പാർത്ഥൻ, മഹേന്ദ്രന്റെ അശനിയ്ക്ക് തുല്യമായ ഘോഷത്തോടെ പായുന്ന, വിഷത്തിനും അഗ്നിക്കും തുല്യമായ മഹാശരം കർണ്ണന്റെ നേരെ അയച്ചു. വിശിഷ്ട രത്നങ്ങൾ പതിച്ചതും സ്വർണ്ണം കൊണ്ട് വിചിത്രവുമായ കർണ്ണന്റെ കിരീടവും കുണ്ഡലങ്ങളും ചട്ടയും കിരീടവും നിലത്തു വീഴ്ത്തി. കാണാത്തവനായ കാലൻ, വിപ്രന്റെ ശാപം അപ്പോൾ കാണിച്ചു. കർണ്ണന്റെ രഥത്തിന്റെ ചക്രം ഭൂമിയിൽ പൂണ്ടു പോയി. ഭൂമി അവന്റെ രഥചക്രത്തെ വിഴുങ്ങി. തന്റെ മനസ്സിൽ, ഭാർഗ്ഗവൻ നല്കിയ ബ്രഹ്മാസ്ത്രം തോന്നാതെയായി. ബലവാനായ അർജ്ജുനൻ എയ്തതും സൂര്യനെപ്പോലെ ശോഭിക്കുന്നതുമായ ഒരു ബാണം കർണ്ണന്റെ ശിരസ്സ് ഖണ്ഡിച്ചു. ശിരസ്സ് താഴെ വീണ കർണ്ണന്റെ ദേഹത്തിൽ നിന്ന് മഹത്തായ തേജസ്സ് ആകാശത്തൂടെ ഉയർന്ന് സൂര്യനിൽ ചെന്ന് ലയിച്ചു. ♦

## എറണാകുളം കരയോഗം വിമൺസ് ഫോറം ജൂൺ 2014

| തീയ്യതി | സമയം | വിഷയം | മുഖ്യപ്രഭാഷകർ |
|---|---|---|---|
| 18.6.2014 | 4.00 pm | Yoga, Health, Beauty for women<br>Going Natural | Miss. Sudakshana Thampi |
| 25.6.2014 | 4.00 pm | കുടുംബഭദ്രത | Dr. Jagadambika<br>(Clinical Psycologist Rtd) |

എല്ലാ ബുധനാഴ്ചകളിലും നാരായണീയ ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്

ചൈത്രം

● മാനസികസംഘർഷമനുഭവിക്കുന്നവർ ● ഏകാന്തതയനുഭവിക്കുന്നവർ ● ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ ● നിങ്ങളുടെ വിഷമം പങ്കുവയ്ക്കാൻ

നേരിട്ടും ഫോണിലും ബന്ധപ്പെടാം: 0484-2361161

ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്

**ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ**

# ആശാന്റെ കവിത



– റ്റി.എൻ.റ്റി. നായർ

**പ**ത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനദശകത്തിൽ മലയാള കവിതയിലെ കാൽപനിക ശാഖ മൊ ട്ടിട്ടുവെന്നു പറയാം. എ.ആർ. രാജ രാജവർമ്മയുടെ മലയവിലാസം , കെ.സി. കേശവപിള്ളയുടെ ആസന്ന മരണ ചിന്താശതകം, സി.എസ്. സുബ്രഹ്മണ്യൻ പോറ്റിയുടെ ഒരു വിലാപം തുടങ്ങിയ കൃതികൾ ഒരു പക്ഷെ കാൽപനിക പ്രസ്ഥാനത്തിന്റെ പ്രാരംഭകൃതികളായിരിക്കണം. വി.സി. ബാലകൃഷ്ണപണിക്കരുടെ ഒരു വിലാപം, വിശ്വരൂപം എന്നീ കൃതികളും, കുമാരനാശാന്റെ വീണപൂവ് എന്ന ഖണ്ഡകാവ്യവും കാൽപനികതയുടെ രൂപഭാവങ്ങൾ വെളിവാകുന്ന കവിതകളാണ്. തുടർന്ന്, ആശാന്റെയും ഉള്ളൂരിന്റെയും വള്ളത്തോളിന്റേയും കവിതകൾ കാൽപനിക കാവ്യശാഖ യുടെ ഓജസ്സുള്ള സംഭാവനകളായി. ആശാനും ഉള്ളൂരും വള്ളത്തോളും മലയാളത്തിന്റെ കവിത്രയം ആയിത്തീർന്നത് അങ്ങനെയാണ്.

അൻപത്തിയൊന്നു വർഷം മാത്രം ജീവിച്ച കുമാരാനാശന്റെ കാവ്യ ജീവിതം തുലോം ഹ്രസ്വമായിരുന്നു. ഏതാണ്ട് ഇരുപതു വർഷം. പക്ഷെ, അത്ഭുതകരമായ രചനാവൈചിത്ര്യം, ആശയപരമായ മൗലികത എന്നിവ കൊണ്ട് ആശാൻകവിത വേറിട്ടു നിൽക്കുന്നു. ആശയഗംഭീരൻ എന്ന വിളിപ്പേരുള്ള കുമാരാനാശാന്റെ കവിതകളിൽ മുഴങ്ങുന്ന സ്വാതന്ത്ര്യ വാഞ്ഛയും തെളിയുന്ന സ്നേഹദർശനവും മുത്തുപോലെ വിളങ്ങുന്ന ലോകോക്തികളും നമ്മുടെ കാവ്യാസ്വാദനത്തെ ത്വരിപ്പിക്കുന്ന ഘടകങ്ങളാണ്.

1873-ൽ തിരുവനന്തപുരത്തിനടുത്ത് കായിക്കരയിൽ ജനിച്ച കുമാരു നാട്ടുനട പ്പനുസരിച്ചുള്ള പ്രാഥമിക വിദ്യാഭ്യാസവും സംസ്കൃതപരിജ്ഞാനവും നേടി. പ്രകൃതിസ്നേഹം, ഈശ്വരഭക്തി, കാവ്യരചനാകൗതുകം എന്നിവ സ്വഭാവ വൈശിഷ്ട്യങ്ങളായിരുന്നു. 18-ാമത്തെ വയസ്സിൽ അരുവി പ്പുറത്തു വെച്ച് ശ്രീനാരായണഗുരുദേവനുമായുണ്ടായ കൂടിക്കാഴ്ച ആ യുവാവിന്റെ ജീവിതത്തിലെ ഏറ്റവും വലിയ വഴിത്തിരിവായി. ഗുരുദേവന്റെ ശിഷ്യത്വം അദ്ദേഹത്തിന്റെ അറിവിന്റെ മേഖലകളെ വിസ്തൃതമാക്കി. യോഗവിദ്യയും വേദാന്തവും പഠിച്ചു. തമിഴ്, സംസ്കൃത ഭാഷകളിൽ അസാമാന്യമായ പാ ണ്ഡിത്യം നേടി. ഭക്തികവിതാരചന യ്ക്കു പ്രേരകമായ പ്രചോദനം ഗുരുദേവനിൽ നിന്നും കിട്ടി. ഗുരുദേവൻ അസാധാരണ കവിത്വമുള്ള മഹാത്മാവിയിരുന്നുവല്ലോ. ഡോ. പൽപുവുമായുള്ള സമ്പർക്കം, തുടർന്നുള്ള വിദേശവാസം ഇവയൊക്കെ ഗുരുദേവന്റെ നിർദ്ദേശവും പ്രേരണയും കൊണ്ടു ലഭിച്ച സാഹചര്യങ്ങളാണ്. കുമാരനാശാൻ എന്ന വ്യകതിയുടെ വളർച്ചയെയും വികാസത്തെയും വളരെ തുണച്ച ഘടകങ്ങളാണിവ. സംസ്കൃതം ഇംഗ്ലീഷ്, പൗരാണികഭാരതീയ വിജ്ഞാനം ഇവയുമായി കൂടുതൽ പരിചയപ്പെടാനും, അവഗാഹം നേടാനും അദ്ദേഹത്തിന് അവസരം ലഭിച്ചു.

1900-ൽ അരുവിപ്പുറത്തു തിരിച്ചു വന്നു ശ്രീനാരായണശിഷ്യനായി ആത്മീയകാര്യങ്ങളിലും വിദ്യാഭ്യാസപ്രവർത്തനങ്ങളിലും മുഴുകി. 1903 ൽ എസ്. എൻ.ഡി. പി യോഗം സ്ഥാപിച്ച പ്പോൾ മുതൽ 1920 വരെ, ഒരു വർഷം ഒഴികെ 16 വർഷം യോഗത്തിന്റെ സെക്രട്ടറിപദം അലങ്കരിച്ചു. യോഗം മുഖപത്രമായ വിവേകോദയത്തിന്റെ പത്രാധിപരായും സേവനമനുഷ്ഠിച്ചു. അന്നത്തെ സാമൂഹ്യസാഹചര്യങ്ങളിൽ ആശാൻ നൽകിയ സാമുദായിക സേവനം നിസ്തുലമാണ്.

1907- ൽ വീണപൂവ് പ്രസിദ്ധീകൃത മായതോടെ, കുമാരാനാശാന് കവി യെന്ന നിലയിൽ അംഗീകാരം ലഭിച്ചു. 1911-ൽ നളിനി അഥവാ ഒരു സ്നേഹം എന്ന ഖണ്ഡകാവ്യം പ്രസിദ്ധീകരിച്ചു. അപ്പോൾ തന്നെ ഏറെ സഹൃദയശ്രദ്ധ നേടിയ നളിനി കുമാരാനാശാനെ കവി എന്ന നിലയിൽ കേരളമാകെ പ്രശസ്ത നാക്കി. നളിനിയിലെ സാത്വിക പ്രേമത്തിൽ നിന്നു വ്യത്വസ്തമായി വികാരവിവശമായ പ്രേമത്തിന്റെ കഥ പറയുന്ന ലീല 1913-ൽ ആണു പ്രസിദ്ധീകരിക്കപ്പെട്ടത്. ഇതോടെ, ആശാൻ ലബ്ധപ്രതിഷ്ഠനായ കവിയായി. ഇക്കാലത്തിനുള്ളിൽ നിരവധി കവിതകൾ അദ്ദേഹത്തിന്റേതായി പുറത്തു വന്നു. കേരളത്തിലെ സമുന്നത നായക കവിയായി സഹൃദയലോകം അദ്ദേഹത്തെ വാഴ്ത്തി. 1913-ൽ തന്നെ ആശാൻ ശ്രീമൂലം പ്രജാസഭയിൽ അംഗമായി നാമനിർദ്ദേശം ചെയ്യപ്പെട്ടു. 1918ൽ ആദ്ധ്യാത്മിക സരണിയിൽ നിന്നു അല്പമകന്ന്, ശ്രീനാരായണഗുരുവിന്റെ സ്വാധീനമേഖലയ്ക്കു പുറത്ത്, സ്വതന്ത്രമായ തന്റെ സ്വത്വം അദ്ദേഹത്തിനു കൈവന്നതായി കരുതാം.

45-ാം വയസ്സിൽ ഭാനുമതിയമ്മയെ വിവാഹം കഴിക്കയും സുധാകരൻ, പ്രഭാകരൻ എന്നീ പുത്രൻമാർ പിറ ക്കുകയും ചെയ്തു. തിരുവനന്തപുരം ജില്ലയിലെ തോന്നയ്ക്കൽ എന്ന സ്ഥലത്ത് ആശാൻ താമസം ആരംഭിച്ചു.

1919-ൽ ഏ.ആർ. തമ്പുരാന്റെ നിര്യാണത്തിൽ വേദനിച്ച ആശാൻ പ്രരോദനം എഴുതി. അതേ വർഷം പ്രസിദ്ധീകരിക്കപ്പെട്ട ചിന്താവിഷ്ടയായ സീത കേരളമാകെ സഹൃദയപ്രീതിയും നിരുപകശ്രദ്ധയും പിടിച്ചു പറ്റി. 1920-ൽ കുമാരനാശാൻ തിരുവിതാംകൂർ നിയമസഭയിൽ അംഗമായി നാമനിർദ്ദേശം ചെയ്യപ്പെട്ടു. എസ്.എൻ. ഡി.പി. യോഗം സെക്രട്ടറി പദം ഒഴിഞ്ഞു. ചെറായിയിൽ നിന്നു പ്രസിദ്ധീകരിച്ചു കൊണ്ടിരുന്ന പ്രതിഭ മാസികയുടെ പത്രാധിപത്യം ഈ കാലത്ത് അദ്ദേഹം ഏറ്റെടുത്തു. 1922-ൽ സാമൂഹിക വിമർശനാത്മകമായ ദുരവ സ്ഥയും, ചണ്ഡാല ഭിക്ഷുകിയും പ്രസിദ്ധീകരിക്കപ്പെട്ടു. അവസാനകൃതിയായ കരുണയിൽ ഉപഗുപ്തന്റെ കരുണാർദ്രമായ സാന്നിദ്ധ്യത്തിൽ സംശുദ്ധിനേടുന്ന വാസവദത്തയുടെ കഥ പറഞ്ഞുകൊണ്ട് ആശാൻ 1923 ൽ കാവ്യജീവിതത്തിൽ നിന്നും പിൻവാങ്ങി. 1924 ജനുവരി 16 ന് ആലപ്പുഴയ്ക്കടുത്ത് പല്ലനത്തോട്ടിലെ ബോട്ടപകടത്തിൽ മലയാളത്തിന്റെ ആ മഹാപ്രതിഭയെ വിധി

അപഹരിച്ചു. അവിടെത്തന്നെയുള്ള ആശാന്റെ ശവകുടീരം 'കുമാരകോടി' എന്ന പേരിലറിയപ്പെടുന്നു. തോന്നയ്ക്കലെ കൊച്ചുവീടുകൾ ദേശീയസ്മാരക മാക്കാൻ, പക്ഷെ, 1966 വരെ കാത്തിരിക്കേണ്ടി വന്നു.

ആശാന്റെ കവിതകളിലൂടെ ഒന്നു കണ്ണോടിക്കുന്നതിനു മുമ്പ് ചിന്തകളിൽ മഹർഷിയും, വാക്കുകളിൽ മാന്ത്രികനു മായ ആ മനുഷ്യസ്നേഹിയുടെ ജീവിതത്തെക്കുറിച്ച് വളരെ ലഘുവായെങ്കിലും പരാമർശിക്കാതെ വയ്യ. അതുകൊണ്ടാണിത്രയും കുറിച്ചത്. ഇനി, കവിതകളിലേയ്ക്ക് ഒരെത്തിനോട്ടം.

ആശാൻ കവിതകളുമായുള്ള ആദ്യസല്ലാപം മറക്കാവുന്നതല്ല.

"ചന്തമേറിയ പൂവിലും ശബളമാം ശലഭത്തിലും
സന്തതം കരതാരിയെന്നൊരു ചിത്രചാതുരി കാട്ടിയും
ഹന്ത,ചാരു കടാക്ഷമാലകളർക്ക രശ്മിയിൽ നീട്ടിയും
ചിന്തയാം മണിമന്ദിരത്തിൽ വിളങ്ങുമീശനെ വാഴ്ത്തുവിൻ"

ഈ പ്രാർത്ഥനാഗീതം ഭക്തിഭാവത്തോടൊപ്പം സുന്ദരമായ ശബ്ദസന്നിവേശം കൊണ്ടും ആരെയും ആകർഷിക്കുന്നതാണ്.

"ഈ വല്ലിയിൽ നിന്നും ചെമ്മേ-പൂക്കൾ
പോകുന്നിതാ പറന്നമ്മേ....
തെറ്റീ, നിനക്കുണ്ണി, ചൊല്ലാം - നൽപൂ-
മ്പാറ്റകളല്ലെയതെല്ലാം ?!"

'കുട്ടിയും തള്ളയുമാണു' കവിത. ശീർഷകം എങ്ങനെയിരുന്നാലും, കവിത ശിശുക്കളുടെ മനസ്സു തൊട്ടറിഞ്ഞ മഹാകവിയുടേതാണ്!

മറ്റൊന്ന് ഃ

പൂക്കുന്നിതാ മുല്ല, പൂക്കുന്നിലഞ്ഞി,
പൂക്കുന്നു തേൻമാവു, പൂക്കുന്നശോകം.
വായ്ക്കുന്നു വേലിക്കു വർണ്ണങ്ങൾ, പൂവാൽ
ചോക്കുന്നു കാ,ടന്തി മേഘങ്ങൾ പോലെ.

നിറവും മണവും നിറഞ്ഞ കവിത- 'പൂക്കാലം'! ഈ കവിതയുടെ ഊർജ്ജ സ്വലമായ താളം കുട്ടികളെയും മുതിർന്നവരെയും ആകർഷിക്കും.

പക്ഷെ, എന്റെ ബാലഭാവനയെ വളരെ സ്വാധിനിച്ച , ഇന്നും കൗതുകമുണർത്തുന്ന മിന്നാമിനുങ്ങിനെ ആശാൻ അവതരിപ്പിക്കുന്നതു നോക്കുക.

ഇതെന്തൊരാശ്ചര്യ, മി തെന്തു കൗതുകം,
സ്വതന്ത്രമായ് സുന്ദര മിപ്രഭാകണം!
ഇതാ, പറന്നെത്തിയടുത്തു, ഹാ പറ-
ന്നിതാ, തൊട്ടുമുൻപിതു വിണ്ണിലായിതേ.
....... ....... ....... .........
"ഇരിക്കൊലാ, പൊങ്ങുക വിണ്ണിലോമനേ,
ചരിക്ക നീ മിന്നി മിനുങ്ങിയങ്ങനെ!!
വരില്ലുമാം തങ്കമുരച്ച രേഖ പോ
ലിരുട്ടു കീറുന്നൊരു വജ്രസൂചിപോൽ
...... ചുടുന്നതില്ലിച്ചെറുതീയതൊന്നുമേ
കെടുന്നതില്ലീ മഴയത്തു പോലുമേ."

മിന്നാമിനുങ്ങിന്റെ മാന്ത്രികവെട്ടം കണ്ട മഹാകവിയുടെ മനസ്സിനു വയസ്സ് അഞ്ച്, അല്ലെ?! അന്നത്തെ പാഠ്യപദ്ധതി യയ്യാറാക്കിയ വിദ്യാഭ്യാസ വിചക്ഷണൻമാർ മനോധർമ്മവും ഭാഷാ പ്രേമവും മാനവികതയുമുള്ളവരായിരുന്നു. അതുകൊണ്ട് ചിന്താവിഷ്ടയായ സീതയിലെയും ചണ്ഡാല ഭിക്ഷുകിയിലെയും കരുണയിലെയും ലീലയിലെയും കാവ്യഭാഗങ്ങൾ പഠിക്കാനും ആശാൻ എന്ന മഹാകവിയുമായി സ്ഥായിയായ ആത്മബന്ധം സ്ഥാപിക്കാനും വിദ്യാർത്ഥികൾക്കു ഭാഗ്യമുണ്ടായി.

ശ്രീനാരായണ ഗുരുവുമായുള്ള ഗാഢബന്ധം കുമാരനാശാന്റെ വീക്ഷ ണത്തെയും രചനകളെയും അഗാധമായി സ്വാധീനിച്ചു. ആദ്യകാലങ്ങളിൽ ഭക്തിപ്രധാനമായ കവിതകൾ , സ്തോത്രങ്ങൾ ഇവ രചിക്കാനായിരുന്നു ആശാനു പ്രതിപത്തി. 'ബാലരാമായണം', 'ശ്രീബുദ്ധ ചരിതം', നിജാനന്ദ വിലാസം, ശാങ്കരശതകം, സുബ്രഹ്മണ്യശതകം - ഇങ്ങനെ പോകുന്നു, ആ കൃതികൾ.

മഹാകാവ്യമൊന്നും ചമയ്ക്കാതെ ആശാൻ മഹാകവിയായി. ഇംഗ്ലീഷ് ഭാഷയും മറ്റു ഭാരതീയഭാഷകളുമായുള്ള സമ്പർക്കവും പരിചയവും അദ്ദേഹത്തിന്റെ കവിതയെ ഗഹനമായി സ്വാധീനിച്ചിട്ടുണ്ട്. കൽക്കത്തയിലെ വാസം ബ്രഹ്മസമാജ കാര്യദർശി കൂടിയായിരുന്ന രവീന്ദ്രനാഥടാഗോറുമായും അദ്ദേഹത്തിനിടപഴകാൻ അവസരം നൽകി. അങ്ങനെ ഒരു കവിയെന്ന നിലയിൽ ഒരു നൂതന സാഹിത്യസംസ്കാരം സ്വായത്തമാക്കാൻ കുമാരനാശാനു സാധിച്ചുവെന്നു പ്രൊഫഃ എൻ. കൃഷ്ണപിള്ള അഭിപ്രായപ്പെട്ടിട്ടുണ്ട്. ഖണ്ഡകാവ്യങ്ങളും, ഈടുള്ള നിരവധി കവിതകളും കൊണ്ടു മഹാകവിസ്ഥാനം അർഹിക്കയും, ആർജ്ജിക്കുകയും ചെയ്തു ആശാൻ. ഗണനാർഹമായ ആദ്യത്തെ കൃതി വീണപൂവു തന്നെ. എഴുതിയത് മുപ്പത്തിയഞ്ചാമത്തെ വയസ്സിൽ. അവസാനത്തെ കൃതി 'കരുണ' പ്രസിദ്ധീകരിച്ചത് 1932 ൽ, അമ്പതാം വയസ്സിൽ. കവിതയിൽ നിന്നു പദ്യ ത്തിലേയ്ക്ക് അദ്ദേഹത്തിന്റെ രചന തരം താണില്ല എന്നതു ശ്രദ്ധേയമാണ്. ''മേഘജ്യോതിസ്സു തൻ ക്ഷണിക ജീവിതം'' പോലെ ധന്യമായിരുന്നു ഹ്രസ്വമായ ആ കാവ്യജീവിതം. 'ഗുണികളൂഴിയിൽ നീണ്ടു വാഴാ' എന്ന് വീണപൂവിൽ ആശാൻ തന്നെ നമ്മെ ഓർമ്മിപ്പിക്കുന്നുവല്ലോ. ആശാന്റെ കവിത പക്ഷെ, അനശ്വരമായി ജീവിക്കുന്നു.

'വീണപൂവ്' മലയാള കവിതയുടെ കാൽപനിക വസന്തത്തിന്റെ ആദ്യകുസുമങ്ങളിൽ ഒന്നാണ്. ഒരിക്കലും ഒളിയും മണവും മായാത്ത , വീഴാത്ത മലരാണ് ആ കവിത. വ്യക്തിജീവിതത്തിന്റെ ക്ഷണികതയും, പ്രപഞ്ച സത്തയുടെ അലംഘനീയതയും വിളംബരം ചെയ്യുന്ന അന്യാപദേശ കവിത allegorical poem ആണു 'വീണപൂവ്'. ശില്പഭദ്രത കൊണ്ടും ആശയ ചാരുതകൊണ്ടും ഇന്നും ആസ്വാദക മനസ്സു കവരുന്ന മനോഹരമായ കവിത.

അത്യുന്നതശ്രേണിയിൽ രാജ്ഞിയെപോലെ ശോഭിച്ചിരുന്ന സുന്ദരിയായ ആ പൂവ് ഇപ്പോൾ മൃതയായിരിക്കുന്നു. ആ പതനത്തെ കുറിച്ചു കവിയിലെ ദാർശനികൻ പറയുന്നു.

"ശ്രീഭൂവിലസ്ഥിര-അസംശയം- ഇന്നു നിന്റെ

യാഭൂതിയെങ്ങു?– പരമെങ്ങു കിടപ്പിതോർത്താൽ."

യുവത്വത്തിന്റെ മോഹിപ്പിക്കുന്ന സൗന്ദര്യം, പൂവിനെ പ്രതീകമാക്കി ആശാൻ വർണ്ണിക്കുന്നു.

ഈ വണ്ണമൻപൊടു വളർന്നഥ നിന്റെ യംഗ–
മാവിഷ്കരിച്ചു ചില ഭംഗികൾ, മോഹനങ്ങൾ,
ഭാവം പകർന്നു, വദനം, കവിൾ കാന്തിയാർന്നു,
പൂവേ, അതിൽ പുതിയ പുഞ്ചിരി സഞ്ചരിച്ചു .

അതിനുശേഷം,

"വൈരാഗ്യമേറിയൊരു വൈദികനാട്ടെ, യേറ്റ
വൈരിക്കു മുൻപുഴറിയോടിയ ഭീരുവാട്ടെ....."

നേരെ വിടർന്നു വിലസുന്ന രൂപ യൗവ്വനയുക്തയായ അവളെ കണ്ട് "ആരാകിലെന്തു മിഴിയുള്ളവർ നിന്നിരിക്കാം". അവളെ വരിക്കാൻ 'ചിത്രശലഭ'ങ്ങളോ അകലെ നിന്നൊരു ഭൃംഗ രാജൻ തന്നെയോ വന്നിരിക്കാം. പ്രേമഭംഗം ഭവിച്ച ഒരു യുവതിയുടെ ദുരന്തത്തിന്റെ അന്തരീക്ഷം വീണ പൂവിനെ ചൂഴ്ന്നു നില്ക്കുന്നുവെന്നും നിരൂപകാഭിപ്രായമുണ്ട്. ഇനി ജനി–മരണ–പുനർജ്ജനികളുടെ വേദാന്ത ദർശനത്തിലേയ്ക്കു കവി നമ്മെ നയിക്കുന്നു. 'ഇന്നു നീ നാളെ ഞാൻ' –ഇതാണു കവി വീണപൂവിനു നൽകുന്ന യാത്രാമൊഴിയുടെ സാരം. 'ഇന്നീ വിധം ഗതി നിനക്ക്..... പിന്നൊന്നൊന്നായ് തുടർന്നു വരുമാ വഴി ഞങ്ങളെല്ലാം.' , 'ഒന്നിന്നുമില്ല നില, ഉന്നതമായ കുന്നും എന്നല്ല, ആഴിയുമൊരിക്കൽ നശിക്കുമോർത്താൽ' –വീഴുകയില്ലെന്നു (മരണമില്ലെന്നു) വിചാരിച്ചു കഴിയുന്നവരെ കവി ശകതിയായി ഓർമ്മിപ്പിക്കുന്നു. തുടർന്ന്,

ഉൽപത്തി കർമ്മ ഗതിപോലെ വരും ജഗത്തിൽ
കൽപിച്ചിടുന്നിവിടെയിങ്ങനെ യാഗമങ്ങൾ–എന്ന്

വേദങ്ങളെ സാക്ഷ്യപ്പെടുത്തി പുനർ ജ്ജൻമരഹസ്യം വെളിവാക്കുന്നു. പൂവിനു ശ്രേഷ്ഠതരമായൊരു പുനർ ജ്ജൻമം ആശംസിക്കാനും കവിയിലെ മനുഷ്യൻ മറക്കുന്നില്ല.

"സൽപുഷ്പമേ യിവിടെ മാഞ്ഞു സുമേരുവിൻമേൽ
കൽപദ്രുമത്തിനുടെ കൊമ്പിൻ വിടർന്നിടാം നീ......"

അല്ലെങ്കിൽ ദേവർഷിമാർക്കു ബലിപുഷ്പമായി

"സ്വർല്ലോകവും സകല സംഗമവും കടന്നു
ചെല്ലാം നിനക്കു തമസഃ പരമാം പദത്തിൽ"

പക്ഷെ ആശാന്റെ കണ്ണും മനസ്സും വീണ്ടും ഭൂമിയിലേയ്ക്കു തിരിച്ചു വരുന്നു.

"എണ്ണീടുകാർക്കു മിതുതാൻ ഗതി, സാദ്ധ്യമെന്തു
കണ്ണീരിനാൽ? അവനിവാഴ്‌വു കിനാവു കഷ്ടം"

ഈ വേദാന്തപൊരുൾ ആവർത്തിച്ചു കൊണ്ടു കവി പിൻവാങ്ങുന്നു.

പിൽക്കാലത്ത് 'നളിനി' മുതൽ 'കരുണ' വരെയുള്ള മനോഹരകാവ്യങ്ങൾ രചിക്കാൻ പോന്ന കാവ്യസിദ്ധിയുടെ ആദ്യകിരണങ്ങളാണ് 'വീണപൂവി'ൽ നാം കാണുന്നത്.

(തുടരും)

### എറണാകുളം കരയോഗം എൽഡർ സിറ്റിസൺസ് ഫോറം ജൂൺ മാസം പരിപാടികൾ

| തീയതി | പ്രാർത്ഥന | ഇന്നത്തെ ചിന്താവിഷയം | മുഖ്യപ്രഭാഷണം | വിഷയം | കൃതജ്ഞത | നമ്പർ |
|---|---|---|---|---|---|---|
| 12.6.14 | രാജലക്ഷ്മി.എം | ജി. റാം മോഹൻ നായർ | പി.ജി. കൃഷ്ണൻനായർ | | പി.ഗോപാലകൃഷ്ണ മേനോൻ | 781 |
| 19.6.14 | നിർമ്മലാദേവി | രാജലക്ഷ്മി. എം | എം.പി.വേണുഗോപാലൻ നായർ | | സി.ഗോപാലകൃഷ്ണൻ നായർ | 782 |
| 26.6.14 | ബി.ജി. മേനോൻ | അഡ്വ.എസ്.എം.നായർ | ടി.എൻ.ടി .നായർ | ജി.യുടെ കവിത | ടി.എൻ.ടി .നായർ | 783 |
| 3.07.14 | സുമംഗലാദേവി | മിനിട്ട്സ് | റാം മോഹൻ നായർ | | റാം മോഹൻ നായർ | 784 |
| 10.7.14 | ചന്ദ്രികാദേവി | ടി.കെ. ശ്രീകുമാർ | എ.ആർ. പണിക്കർ | Other side of womenís empowerment | രാജൻ.എ.കെ | 785 |

## 100 വർഷം പഴക്കമുള്ള ചിത്രങ്ങൾ കൈവശമുള്ളവരുടെ ശ്രദ്ധയ്ക്ക്

എറണാകുളം കരയോഗത്തിൽ എറണാകുളത്തിന്റെ പഴയകാല ചിത്രങ്ങൾ പ്രദർശിപ്പിക്കുവാനുദ്ദേശിക്കുന്നു. 100 കൊല്ലം പഴക്കമുള്ള എറണാകുളത്തെ സ്ഥലങ്ങൾ, സ്ഥാപനങ്ങൾ, ക്ഷേത്രങ്ങൾ മുതലായവയുടെ ചിത്രങ്ങൾ കൈവശമുള്ള കരയോഗാംഗങ്ങൾ അവയുടെ പകർപ്പുകൾ ടി ആവശ്യത്തിനായി കരയോഗത്തിൽ ഏല്പിക്കുവാൻ അഭ്യർത്ഥിക്കുന്നു. ekmkgm@gmail.com എന്ന ഇമെയിൽ വിലാസത്തിലും അയക്കാവുന്നതാണ്.

ജനറൽ സെക്രട്ടറി

# ആരാണ് ഞാൻ?



– എസ്. ശ്രീകുമാർ

**ലോ**കത്തിലെമ്പാടും ഓരോരുത്തരും ഉത്തരം തേടുന്നതും, എന്നാൽ മഹാഭൂരിപക്ഷത്തിനും ഉത്തരം കിട്ടാത്തതുമായ ആ ചോദ്യം ഞാൻ എന്നോട് തന്നെ ചോദിച്ചു? ഞാനാരാണ്? Who Am I ? നമ്മുടെ ജ്ഞാന ഗുരുക്കന്മാർ അവനവനെത്തന്നെ പരീക്ഷണ വസ്തു ആക്കുകയായിരുന്നു. ഉള്ളിത്തൊലി പൊളിക്കും പോലെ ഇതളുകളടർത്തി അവസാനം ശൂന്യതയിലെത്തുക. ഒന്നുമില്ലായ്മയാണ് ഞാൻ എന്നറിയുക. ആ ഒന്നു മില്ലായ്മയിൽ നിന്നാണ് എന്റെ ശൂന്യമായ Heading തുടങ്ങിയിട്ടുള്ളത്.

ഞാൻ, വീണു കിട്ടുന്ന ഇടവേളകളിൽ എന്നോട് തന്നെ ഈ ചോദ്യം പലവുരു ചോദിച്ചു കഴിഞ്ഞതാണ്. മറുപടി ഇല്ലാത്ത ചോദ്യമാണെന്നറിഞ്ഞു കൊണ്ടു തന്നെയാണ് ചോദിക്കുന്നത്. ആ ചോദ്യം ചോദിക്കുന്നതുകൊണ്ട് വളരെയധികം ഗുണം അനുഭവപ്പെടുന്നുണ്ട്. നമുക്ക് സ്വയം ഒരു ആത്മപരിശോധന നടത്തുവാനുള്ള അസുലഭ മുഹൂർത്തമാണ് ആ ചോദ്യം സമ്മാനിക്കുന്നത്. മനുഷ്യന്റെ കൂടെപ്പിറപ്പായ അഹം എന്ന ഭാവത്തെ ഒരു പരിധിവരെ തടഞ്ഞു നിർത്താൻ നമുക്ക് സാധിക്കും. കാരണം ആ ചോദ്യം നമ്മിലേയ്ക്ക് ഇറങ്ങി ചെല്ലുമ്പോൾ നമുക്ക് വെളിപ്പെടുന്നത് നമ്മളുടെ തന്നെ നിസ്സാരതയാണ്, നിസ്സഹായതയാണ്. അനന്തമായ നീലാകാശത്തിലെ ഒരു ചെറിയ പൊട്ടു മാത്രമാണ് താനെന്ന് നമ്മൾ സ്വയം തിരിച്ചറിയാൻ തുടങ്ങും.

നമ്മൾ ഒന്നുകൂടി ആഴത്തിൽ ചിന്തിച്ചാൽ നമുക്കു തന്നെ മനസ്സിലാക്കാവുന്നതേയുള്ളു ഇത്. ഒരു വ്യക്തിക്ക് നല്ല ജീവിതസാഹചര്യങ്ങളിൽ വളരാനും നല്ല രീതിയിൽ വിദ്യാഭ്യാസം ചെയ്യുവാനും സാധിച്ചു എന്നു കരുതുക. സമൂഹത്തിൽ മാന്യമായ ഒരു പദവി ലഭിക്കുക, ഒരാളുടെ ജീവിതത്തിൽ ലഭിക്കാവുന്ന മുന്തിയ ഭൗതികസാഹ ചര്യങ്ങൾ ലഭിക്കുക, ഇങ്ങിനെ അനുഗൃഹീതമായ രിതിയിൽ ജീവിച്ച ഒരു വ്യക്തി തികച്ചും സന്തുഷ്ടനാണെന്ന് പറയാൻ പറ്റുമോ. നമ്മുടെ ആത്യന്തികമായ ജീവിത ലക്ഷ്യം ഇത്തരം അനുകൂലമായ ഭൗതിക സാഹചര്യങ്ങൾ നേടുന്നതാണോ എന്ന് ചോദിക്കുമ്പോഴാണ് അതിന്റെ പൊള്ളത്തരം മനസ്സിലാകുന്നത്. ഇത്തരം കലങ്ങിയ ചിന്തകളിൽ നിന്നാണ് ഈ Subject ഉരുത്തിരിഞ്ഞിരിക്കുന്നത്. തലമുറ കളായി ചോദിച്ചു വരുന്ന ആ ചോദ്യം ആരാണ് ഞാൻ Who Am I ?

ആരാണ് ഞാൻ? Who Am I ?

അവനവനിലേയ്ക്കുള്ള അന്വേഷണങ്ങളുടെ കഥ. മിസ്റ്റിക്കുകൾക്ക് ജൻമം നൽകിയ ഭൂമികളേയും അന്വേഷിക്കുന്നു. ശ്രീരാമകൃഷ്ണ പരമഹംസരും ശിർദ്ദിസായിയും, രമണമഹർഷിയും, ഗുരുനാനാക്കും, അരബിന്ദോയും, നാരായണഗുരുവും,എല്ലാം നടത്തിയ ആത്മാന്വേഷണങ്ങളെക്കുറിച്ചുള്ള ഒരു അന്വേഷണം.

ഇതുവരെ ഞാൻ ദൈവത്തെ കണ്ടിട്ടില്ല. ദൈവത്തെ കണ്ടവരെയും കണ്ടിട്ടില്ല. എന്റെ പിതാമഹൻമാരും, മാതാപിതാക്കളും, മതവിശ്വാസികളും ദൈവവിശ്വാസികളും ആയിരുന്നു. ഞാനവരെ പിന്തുടരുന്നു. സ്വയം തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം ലഭിക്കാത്ത അനേകരിൽ ഒരാളായിരുന്നു ഞാനും. ദൈവവിശ്വാസികളും അല്ലാത്തവരുമായ സുഹൃത്തുക്കൾ തമ്മിൽ നടക്കാറുള്ള വാഗ്വാദങ്ങൾ ശ്രദ്ധിക്കാറുണ്ട്. രണ്ടു വിഭാഗങ്ങളും അവർക്ക് ശരിയെന്ന് തോന്നുന്നത് വിശ്വസിക്കുന്നു, തർക്കിക്കുന്നു. ആരും ജയിക്കാറില്ല, തോല്ക്കാറുമില്ല. സ്നേഹബന്ധങ്ങൾ നിലനിർത്താൻ ഇതൊന്നും ബാധകമല്ല എന്നു മനസ്സിലായി. എല്ലാ വിശ്വാസത്തിനും ഇടം വേണമെന്നും മനുഷ്യൻ വിഭിന്നമായി ചിന്തിക്കുന്നവനാണെന്നും മനസ്സിലാക്കിയാൽ മതി.

മനുഷ്യാസ്തിത്വത്തെക്കുറിച്ചും ദൈവാസ്തിത്വത്തെ ക്കുറിച്ചും ചിന്തിക്കാൻ എപ്പോഴും ഒരു ഉൾപ്രേരണ ഉണ്ടാവാറുണ്ട്. ഞാൻ തന്നെയാണ് നീയാവുന്നതും നീ തന്നെയാണ് ഞാനാവുന്നതും എന്ന സൂഫികൾ പാടിപ്പുകഴ്ത്തിയ അദൃശ്യകൊളുത്ത് എത്ര തവണയാണ് രക്ഷയ്ക്ക് ˝എത്തിയിരിക്കുന്നത്!. ഒന്നിൽ നിന്നൊന്നായിവന്നതാണ് എല്ലാമെങ്കിലെന്തിനാണ് തമ്മിൽ തമ്മിൽ മാത്സര്യം ? . സമൻമാരെങ്കിലെന്തിന് അപ്രിയം?.

എന്താണ് ദൈവം എന്ന് അന്വേഷിക്കാതെയാണ് മിക്കവരും ദൈവവിശ്വാസികളാവുന്നത് എന്ന് മനസ്സിലായി. അതിന്റെ ഫലമാണ് മിക്ക മതങ്ങൾക്കും ക്ഷതം സംഭവിക്കുന്നതെന്നും. ദൈവവിശ്വാസം തികച്ചും സ്വകാര്യമാണ്. ആർക്കും എളുപ്പം അനുഭവിക്കാവുന്നതല്ല അത്. അവനവനു വേണ്ടത് അവനവൻ തന്നെ തിരഞ്ഞെടുക്കുമ്പോഴാണ് ഞാനറിഞ്ഞത് സ്വീകരിച്ചത് എന്ന് ഒരാൾക്ക് പറയാനാവുക . ഇരന്നു കിട്ടുന്ന അറിവും, വായിച്ചറിവും, കേട്ടറിവും അറിഞ്ഞറിവും ഉണ്ട്. സ്വയം കണ്ടെത്തി ജീവിക്കുന്നവരാണ് കാലത്തിനുമേൽ കാലെടുത്ത് വെയ്ക്കുന്നത്. അവർ വിരളമത്രേ. മിക്കവരും സ്വന്തമായി ഒന്നും കണ്ടെത്തുന്നില്ല. ആരോ വിളമ്പി വെച്ചത് കഴിക്കാനാണ് നമുക്ക് താല്പര്യം. എളുപ്പവും അതാണ്. സ്വയം കണ്ടെത്തുന്ന എന്തു സുഖവും സ്വസ്ഥതയും ഉള്ളനക്കവും ഉണ്ടാക്കുന്നു. പുതിയ സൃഷ്ടി നടത്തി കഴിഞ്ഞാൽ ദീർഘ നിശ്വാസമിടാത്ത ഒരെഴുത്തുകാരനോ കലാകാരനോ സംഗീതജ്ഞനോ ഭൂമിയിലില്ല. ഒരു പുതിയ കളിപ്പാട്ടം കിട്ടുമ്പോൾ ഒരു കുഞ്ഞിനുണ്ടാവുന്ന സന്തോഷം

ആസ്വദിക്കാനാണ് അച്ഛനമ്മമാർ പുതിയ കളിപ്പാട്ടങ്ങൾ വാങ്ങിക്കൊടുക്കുന്നതും അവ നിർമ്മിക്കപ്പെടുന്നതും. ഒരൊറ്റ തത്ത്വസംഹിതയുള്ള രാജ്യത്തെക്കാൾ മേൻമ പല തത്ത്വസംഹിതകളുള്ള രാജ്യത്തിനു ലഭിക്കുന്നതിനു കാരണവും ഈ വ്യത്യസ്തത തന്നെയാണ്. വൈവിധ്യം ഉണർവുണ്ടാക്കുന്നു, വളർച്ചയും.

പലരിലൂടെ നീങ്ങാൻ തുടങ്ങുമ്പോഴാണ് ഇനിയും എത്രയോ അറിയാൻ ബാക്കിയുണ്ട് എന്ന് മനസ്സിലാവുക. ഒഴുക്കാണ് ചലനമുണ്ടാക്കുന്നത്. നിശ്ചലത ദുർഗന്ധവും. എല്ലാത്തിലുമുള്ള ഒന്ന് ഉണ്ടെന്നു തോന്നി. എന്താണത് എന്നാണ് അറിയാത്തത്? ആ വിചാരത്തിന്റെ പലക പ്പടിയിലിരുന്ന് കൂടുതൽ ഹൃദയത്തിന്റെ ആഴങ്ങളിലേയ്ക്ക് ഒളിയിട്ടപ്പോളാണ് ഒരു ചോദ്യം പൊട്ടി മുളച്ചത്.

**ആരാണ് ഈ ഞാൻ?**

കൂടുതൽ കൂടുതൽ ആൾക്കാരുമായി സംവേദിച്ച് തുടങ്ങിയപ്പോൾ ഒന്നു മനസ്സിലായി. ആരാണ് ഈ ഞാൻ എന്ന ചോദ്യം എല്ലാവരും ചോദിക്കുന്നതു തന്നെയാണ് . ഒരിക്കലെങ്കിലും ഈ ചോദ്യം ചോദിക്കാത്ത ആരും തന്നെ കാണില്ല എന്നു തോന്നി.

ആദം ആണ് ആദ്യ മനുഷ്യൻ എന്നാണ് സെമിറ്റിക് മതങ്ങളുടെ വിശ്വാസം. ഭാരതീയ ദർശനവും ഡാർവിന്റെ പരിണാമ സിദ്ധാന്തവും കുറെ മനുഷ്യർ ഒന്നിച്ചുണ്ടായി എന്നും എങ്ങനെയായാലും ആദി മനുഷ്യരിൽ ആദ്യം ഉള്ളുണർന്ന ആൾ ചോദിച്ചതാണ് ഈ ചോദ്യം.

ആരാണ് ഈ ഞാൻ അതിന്നും തുടരുന്നു. മനുഷ്യജന്മ മെടുത്ത ഏതൊരാളും തന്റെ സ്വതസിദ്ധമായ ഉൾക്ക ണ്ണിന്റെയും ദർശനവേപഥുവിന്റേയും സത്യാസത്യ നടുക്കങ്ങളുടെയും ഇടയിലൊരിക്കൽ ഇത് ചോദിച്ചില്ലെങ്കിൽ പൂർണമാവാത്ത എന്തോ ഒന്ന് അയാളിൽ ബാക്കിയായി ഉണ്ട് എന്നർത്ഥം. ആരും പൂർണതിയിലെത്തുന്നില്ല എന്നത് നേരാണെങ്കിലും, എല്ലാവരും പൂർണതയ്ക്കു വേണ്ടി ശ്രമിക്കുന്നുണ്ട് എന്നത് മറ്റൊരു വലിയ നേരും ആണ്. ഒരിക്കലെങ്കിലും എന്താണ് തന്റെ ജീവിതോദ്ദേശ്യം എന്നാ ലോചിക്കാത്ത സ്വയം ആരെന്നറിയാൻ ആഗ്രഹിക്കാത്തവരില്ല എന്നാണ്. വിശ്യാസങ്ങളുടെ അടിസ്ഥാനമായി വർത്തിക്കുന്ന ഭയം ഈ ചോദ്യത്തിൽ നിന്നുള്ള ഒളിച്ചോട്ടമാണ്. ഈ ജീവിതത്തിനപ്പുറമൊരു ജീവിതമുണ്ട് എന്നും, സ്വയം അതന്വേഷിക്കണമെന്നും ഉദ്ക്കഘോഷിക്കാത്ത ഒരൊറ്റ മതതത്ത്വശാസ്ത്രവും ഇതുവരെ ഭൂമിയിലുണ്ടായിട്ടില്ല. ബുദ്ധനാണ് ഈ ചോദ്യത്തിന് തണൽ നൽകിയത്. സിദ്ധാർത്ഥന്റെ കൊട്ടാരത്തിൽ നിന്നുള്ള ഇറങ്ങിപ്പോക്ക്, സത്യം തേടിയുള്ള തീർത്ഥാടനം, ലൗകിക ജീവിത തിരസ്കാരം, നിർവാണവ സ്ഥയുടെ അഭൗമ പൂവിരിയൽ , ആത്മീയസുഗന്ധപ്പുഴയിലെ മീൻപിടുത്തം ഇവയെല്ലാമായി രുന്നു ബുദ്ധൻ നടത്തിയത്. സത്യാന്വേഷികളെ ഞെട്ടിച്ചു കളഞ്ഞ സത്യമുനി. പക്ഷേ ഭാരതത്തിൽ എന്തുകൊണ്ടോ ബുദ്ധമതം വേണ്ട രീതിയിൽ വേരു പിടിക്കാതെ പോയി. ശ്രീശങ്കരന്റെ അദ്വൈതമാണോ അതിനു കാരണമെന്ന് സംശയിക്കാവുന്നതാണ്.

ഞാൻ ആരാണ് എന്ന ചോദ്യത്തിന് ബുദ്ധൻ നൽകിയ ഉത്തരം, ജന്മജന്മാന്തര ചങ്ങലവൃത്താന്തമായിരുന്നു . നിർവാണവസ്ഥ, ശ്രീശങ്കരനത് സമാധിയാക്കി ബുദ്ധദർശന ത്തെ ഉപരോധിച്ചു. ഭാരതത്തിൽ അത് ഫലിച്ചു. പുറത്ത് ബുദ്ധദർശനം ഭംഗിയായി പടരുകയും ചെയ്തു.

എല്ലാ ഭാരതീയജ്ഞാനികളും ഋഷിമാരും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ഞാൻ ആരാണ് എന്ന് ചോദിച്ചിരുന്നു. അവരിൽ ചിലരെക്കുറിച്ചു മാത്രമെ ഇവിടെ പ്രതിപാദിക്കുന്നുള്ളു. ഇന്ത്യയ്ക്ക് പുറത്ത് ഉത്തരം ലഭിച്ച നിരവധിപേരുണ്ട്. അറബുനാടുകളിലും, യൂറോപ്പിലും, റഷ്യയിലും, ആഫ്രിക്കയിലും, പേർഷ്യയിൽ പ്രത്യേകിച്ചും സൂഫിസം ഇന്ത്യയിൽ പ്രചരിക്കപ്പെട്ടപ്പോൾ, അതിലും നിരവധി പ്രഗൽഭജ്ഞാനികളുണ്ടായി. അവരിൽ ചിലരാലും ഇന്ത്യ അറിയപ്പെട്ടു. ഹസ്റത്ത് മൗറുദ്ദിൻ ചിശ്ത്ത് കബിർദാസ്, ബാബഫരീദ്, മിർസാശാലിബ്, അമീർവസ്യ, തുടങ്ങിയവർ പരക്കെ അറിയപ്പെടുന്നവരാണ്.

ശ്രീരാമകൃഷ്ണ പരമഹംസൻ അതിലളിതമായി ഈ ചോദ്യത്തിന്റെ ഉത്തരം കണ്ടെത്തിയ ഒരു മഹാമനുഷ്യനാണ്. പൂജാരിയായിരുന്നു പരമഹംസർ, അബോധനത്തിൽ അമർന്നുറങ്ങുന്ന ചേതനയെ കുലുക്കിയുണർത്തി ഞാൻ എന്ന മായാമൃഗത്തെ തളച്ചിട്ടു. അതിനദ്ദേഹം കണ്ടെത്തിയ വഴി ഏകാന്തധ്യാനവും കാളിദേവി ഉപാസനയുമായിരുന്നു. ഉള്ളതെല്ലാം ഉള്ളിലർപ്പിക്കുക. ഞാൻ ഒഴിഞ്ഞിരിക്കുക. എന്നെ പൊതിയുന്ന ചിന്തകളെയും നിർവൃതികളെയും മാറ്റി നിർത്തി ഉള്ളിന്റെയുള്ളിലെ കിളിയെ പുറത്തേക്കയക്കുക. അതിലദ്ദേഹം പൂർണ്ണ വിജയം കൈവരിച്ചു. ഞാനാരാണെ ന്നറിഞ്ഞു. വിവേകാനന്ദൻ ഇല്ലായിരുന്നുവെങ്കിൽ പരമ ഹംസരെ പലരും അറിയുമായിരുന്നില്ല. അത്രയും ഉൾവലിഞ്ഞ മാനിയായിരുന്നു അദ്ദേഹം. പൂർണമായും ഞാൻ എടുത്തെറിയപ്പെടുമ്പോൾ ബാക്കി എന്താണുണ്ടാവുക. ആത്മാവ്, അതിനാവട്ടെ വികാരവിചാരമാത്സര്യങ്ങളോ ജാതിമത വിഭാഗീയ ചിന്തകളോ ആഡംബരവ്യഗ്രതയോ ഇല്ല. നീലാകാശചെരുവിലെ അലയുന്ന ഒരു മേഘത്തുണ്ട്. അത്ര തന്നെ. ഞാനാരെന്നറിഞ്ഞ ഒരു യഥാർത്ഥജ്ഞാനി യായിരുന്നു ശ്രീരാമകൃഷ്ണ പരമഹംസർ.

ശിർദ്ദിസായിയാവട്ടെ ഒന്നും പഠിപ്പിച്ചില്ല. ഒരു ഫലകമായി ജീവിച്ച അദ്ദേഹംമരണത്തിനപ്പുറത്തെ ഉണ്മയിൽ കാലെടുത്തു വെച്ചു. അല്ലാകരീം ആയിരുന്നു എല്ലാം. ശിഷ്യൻമാരുണ്ടായിരുന്നില്ല. പ്രത്യേക തത്വശാസ്ത്രവും. താഹീറും ഉപനിഷത്തുമായിരുന്നു ദർശനങ്ങൾ. ഒരു പുസ്തകവും എഴുതുയിട്ടില്ല. പ്രത്യേക സമുദായവും ഉണ്ടായിരുന്നില്ല. സന്ധ്യകളിൽ കത്തുന്ന ദീപനാളങ്ങൾ നോക്കി പൊട്ടിപൊളിഞ്ഞ മസ്ജിദിലിരുന്ന് ഞാൻ എന്ന സ്വത്വത്തിന്റെ പുകമറനീക്കി സ്വസ്ഥനായി. പ്രയാസങ്ങളുടെ ചങ്ങല പൊട്ടിച്ചെറിഞ്ഞു. ആവശ്യങ്ങളുടെ ആവേശമില്ലാ തിരുന്നതിനാൽ സ്വയാന്വേഷണത്തിന്റെ നെടുംപാതയിൽ നായ്ക്കൾക്കൊപ്പം അന്നം കഴിച്ചു. ആത്മീയതയുടെ

പടവുകളിറങ്ങി ഗഹനതയുടെ നീലജലത്തിൽ മുങ്ങി കുളിച്ചു. ഉള്ളം ഉണരാൻ. ഉത്തരം കിട്ടി. എന്നെ (ദൈവത്തെ) നോക്കുമ്പോൾ നിങ്ങൾ നിങ്ങളെ നോക്കുന്നു. നിങ്ങളാരെന്നറിയുന്നു. അതായിരുന്നു സന്ദേശം. അദ്ദേഹത്തിന്റെ സാമീപ്യസുഖമായിരുന്നു അതിഥികൾക്കു ലഭിച്ച ആശിർവാദം. ഇന്നും ഭക്തരെ ആകർഷിക്കുന്നത് തത്വശാസ്ത്രമല്ല, അതിരില്ലാത്ത കളങ്കരഹിതമായ ദിവ്യസ്നേഹമാണ്. ഇന്ത്യയിൽ ഏറ്റവുമധികം ഭക്തരുള്ളത് ശിർദ്ദിസായിബാബക്കാണ്.

ബുദ്ധനുശേഷം ഞാനാരാണെന്ന ചോദ്യത്തെ ഏറ്റവും അധികം ജനകീയമാക്കിയ മഹാവ്യക്തിയാണ് രമണമഹരഷി. വെങ്കിട്ടരമണഅയ്യർ എന്ന ബാലൻ അമ്മാവന്റെ വീട്ടിലെ ഒന്നാം നിലയിൽ നില്ക്കവേ അതിനുമുൻപൊരിക്കലും തോന്നാത്ത മരണഭയം അനുഭവിച്ചു. നിയന്ത്രണാതീതമായിരുന്നു അത്. അയൽപക്കത്തൊന്നും മരണം നടന്നിട്ടില്ല. മരണത്തെക്കുറിച്ച് ഒന്നും ആലോചിച്ചിട്ടുമില്ല. മരണം ശ്രദ്ധിക്കാറുണ്ടായിരുന്നില്ല. അവിചാരിതമായി വ്യക്തതയുടെ മുഖവുമായി മൃത്യു മുൻപിൽ. അദ്ദേഹത്തിന്റെ വാക്കുകൾ! “കാര്യമായ അസുഖമൊന്നും വരാറില്ലായിരുന്നു. ദീർഘമായ ഉറക്കം പതിവായിരുന്നു എന്നു മാത്രം. ഭയം ഒരിക്കലും എന്നെ ബാധിച്ചിരുന്നില്ല. പെട്ടെന്നാണ് മരണഭയം എന്നെ പിടിമുറുക്കിയത്. തിവ്രമായ ആത്മവേദന. അപ്പോഴാണ് ഒരു ചിന്തയുണ്ടായത്. മരണം എത്തി. അതെന്നെ കൊണ്ടുപോകും തീർച്ച. ആരെയാണ് കൊണ്ടു പോകുന്നത്. എന്നെ. എന്റെ ദേഹമല്ല ഞാൻ. ദേഹം നശിക്കും. ഞാനോ.” ശാന്തമൂകനായിരുന്ന വെങ്കിട്ടരാമനിൽ അത്തരമൊരു ചിന്ത വന്നപ്പോൾ ഏകാന്തത കൂടപിറപ്പായി. ഉൾപ്പൊലിമ താങ്ങായി. അദ്ദേഹം വീടു വിട്ടിറങ്ങി. അരുണാചലത്തെത്തിയപ്പോൾ വെങ്കിട്ടരമണന്റെ ബോധത്തിന്റെ ചരടറ്റു. സന്ത്രാസം അമർന്നു. അകപ്പെരുമ ദീപ്തമായി. ഒരു കൽപ്പടവിലിരുന്നു ജലം നോക്കുന്ന കുഞ്ഞാണ് സത്യാന്വേഷി. അനർഥത്തിലിരുന്ന അർഥത്തെ നോക്കുന്നവൻ. വെങ്കിട്ട രമണൻ വർഷങ്ങളുടെ താപസ മൗനത്തിലിരുന്നു. അരുണാചല മലയുടെ വെള്ളിരേഖകൾക്ക് പറയാനുള്ളത് കേട്ടു. ജ്ഞാനിക്കുള്ള തീർത്ഥം കിട്ടി. രമണമഹർഷിയായി. സഹിഷ്ണുതയുടെ പ്രസാദസ്വാദിൽ അദ്ദേഹം നിർവൃതിയുടെ പൂമാലയണിഞ്ഞു.

സത്യന്വേഷണത്വരയുമായെത്തുന്ന അർത്ഥികളോട് രമണമഹർഷി ചോദിച്ചു! ആരാണ് അന്വേഷിക്കുന്നത് ഞാൻ ആരാണ് ഇപ്പോൾ പറഞ്ഞ ഞാൻ! എനിക്കറിയണമെന്നു പറയുമ്പോൾ ! ആരാണ് അറിയാനാഗ്രഹിക്കുന്നതെന്ന് തിരിച്ച് ചോദിക്കും.

ഉത്തരം മുട്ടി പോകുന്നവൻ അർഥവുമായാണ് പോകുന്നത്, വാഗ്ദാനവുമായല്ല. ഇക്കാലത്താണ് ഗുരുക്കൻമാർ വാഗ്ദാനം നൽകാൻ തുടങ്ങിയത്. അങ്ങനെ കൊടുക്കൽ വാങ്ങൽ തുടങ്ങി. കച്ചവടമായി. ജ്ഞാനഗുരുക്കൻമാർ അങ്ങനെയായിരുന്നില്ല.

എന്റെ ജീവിതം മുകൾപരപ്പിൽ നിന്ന് കണ്ട് എഴുതാൻ ശ്രമിച്ചാൽ ആർക്കുമത് എഴുതാനാവില്ല. ബംഗാളിൽ ജനിച്ച് ലണ്ടനിൽ പഠിച്ച് ഇന്ത്യയിൽ തിരിച്ചെത്തി സ്വാതന്ത്ര പ്രസ്ഥാനത്തിലും പത്രപ്രവർത്തനത്തിലും മുഖമുദ്ര പതിപ്പിച്ച് ലോകആദ്ധ്യാത്മികതയ്ക്ക് കരുത്തു നല്കിയ അരബിന്ദോ പറഞ്ഞു, കാരണം വ്യക്തം അഗാധതയിൽ ഉറങ്ങുന്ന ദിവ്യപ്രകാശത്തിന്റെ ആഴം അളക്കുന്നതെങ്ങനെ. അളക്കപ്പെടുന്ന ആളെക്കാൾ ത്രാണിവേണം അളക്കുന്ന ആൾക്ക്. ധീഷണരുടെ തിളങ്ങുന്ന വായ്താരയും ബോധത്തിന്റെ അചഞ്ചലതയും ഹൃദയത്തിലമർത്തി ജ്ഞാനപാതയിലേക്കിറങ്ങിയ അരബിന്ദോ ജയിൽ ജീവിതപിഢനത്തിന്റെ അന്ധതയിലാണ് ഉൺമയുടെ വെളിച്ചംകണ്ടത്. ജയിലിലുണ്ടായിരുന്നവരെല്ലാം അദ്ദേഹത്തിന് വസുദേവരാണെന്നാണ് തോന്നിയത്.

കേരളത്തിന്റെ നവോത്ഥാനപ്രക്രിയയിൽ പ്രധാന പങ്കുവഹിച്ച മഹാദേഹമാണ് ശ്രീനാരായണഗുരു. (1879–1950) നമ്മുടെ മണ്ണ് നന്നായി കുഴച്ചിട്ടുപോയ പരിഷ്കർത്താവാണ്. അദ്ദേഷത്തിന്റെ സംഭാവന കേരളം എപ്പോഴും ഓർക്കുന്നു. ബോധാത്മകതയെ മേലേ തട്ടിൽ നിന്ന് താഴേക്കിറക്കി സാധാരണ മനുഷ്യന്റെ ദുഃഖം കണ്ണാടിയിൽ കാണിച്ച് ഓരോ ആളുടേയും തന്മയഭാവം പുറത്തെടുത്ത വിപ്ലവകാരി. വളരെ സമൃദ്ധമായി ഞാനെരാണെന്നതിന്റെ ഉത്തരം അദ്ദേഹമാണ് സത്യാന്വേഷിക്ക് കാണിച്ചു കൊടുത്തത്. അതിനാൽ വിവരിക്കപ്പെട്ടതുപോലെ രണ്ടാം ബുദ്ധനാണ് ശ്രീനാരായണ ഗുരു. കൂടുതലായി പഠിച്ച് നോക്കുമ്പോഴറിയാം ചേർച്ച. കേരളിയതയുടെ ലാവണ്യമഹിമ കവിതയിലൂടെ അനശ്വരമാക്കിയ കവി കൂടിയാണദ്ദേഹം. ആ പദപല്ലവിയിലെ അർഥമഹിമ ആസ്വദിച്ചാൽ ഗൂഢാവബോധമെന്തെന്നറിയും. മലയാളം എത്ര മനോഹരമെന്നും ഓം സാഹോദര്യം സർവത്ര എന്ന മന്ത്രം എത്ര സനാതനമാണെന്നറിയുമ്പോൾ ഗുരുവിനെ അറിയുകയും ചെയ്യും. ദാർശനികമായ ഉത്തരം കണ്ടെത്തുന്നതുകൊണ്ടാവാം ആൾക്കാരുമായി അദ്ദേഹം കൂടുതൽ സംവദിക്കുകയും ചെയ്തു. 8 വർഷക്കാലം ഏകാന്തവാസത്തിലായിരുന്ന ഗുരു ഞാനാരെണെന്ന് വെട്ടിതുറന്നു പറഞ്ഞ മനീഷിയും ഗുരു തന്നെ.

**ഞാൻ ആരാണ്**

വിദ്യകൃഷ്ണമൂർത്തിയും ഓഷോയും, യു.ജി. കൃഷ്ണമൂർത്തിയും തങ്ങളുടെതായ മഹത്വം വിതറി. ഈ പാതയെ ശോഭിപ്പിച്ചവരാണ് സരണി തീർത്തവർ. മുകളിൽ പരാമർശിക്കപ്പെട്ടവരെല്ലാം ഒരേ ജനുസ്സിൽപ്പെടുന്ന മിസ്റ്റിക്കുകളായിരുന്നു. ജീവിച്ചിരിക്കുന്ന പ്രഗത്ഭർ ഏത് വിഭാഗത്തിൽ പെടുമെന്നറിയില്ല. കാലത്തിന്റെ ആവശ്യമായിരിക്കാം അവരൊക്കെ നിർവ്വഹിക്കുന്നത് എന്ന് കരുതി കാത്തിരിക്കാം;

കുറച്ചുപേരെ അറിഞ്ഞു, കുറച്ചു വായിച്ചു. കുറച്ചു ചിന്തിച്ചു. ഇതവസാനിപ്പിക്കുമ്പോൾ ആ ചോദ്യം മനസ്സിൽ നിന്നുയർന്നു വരുന്നു.

ആരാണ് ഈ ഞാൻ

എന്നാണതിന് ഉത്തരം കിട്ടുക ****

# എറണാകുളം കരയോഗത്തിൻെറ തീർത്ഥയാത്ര

## 12.08.2014   19.08.2014

സുഹൃത്തെ,

എറണാകുളം കരയോഗം നേരിട്ടു നടത്തുന്ന എട്ടു ദിവസം നീണ്ടു നിൽക്കുന്ന 11 ാമത് തീർത്ഥയാത്ര 2014 ആഗസ്റ്റ് മാസം 12–ാം തീയതി കൊച്ചിയിൽ നിന്നും വിമാനത്തിൽ മുംബൈയിലേക്ക് പുറപ്പെടുന്നു. രാവിലെ മുംബൈയിൽ നിന്ന് റോഡ് മാർഗം നാസിക്കിലേക്കു തിരിക്കുന്നു. നാസിക്കിലെത്തി ഗോദാവരി, രാമകുണ്ഡം, സുന്ദരനാരായണ ക്ഷേത്രം, ബഡേ നാരായണ ക്ഷേത്രം, കാലാരാമ ക്ഷേത്രം, സീതാഗുഹ, ത്രയംബകേശ്വറിലെ സ്വയംഭൂലിംഗം, കപില തീർത്ഥം, സോമേശ്വരം, പഞ്ചവടി, തപോവൻ, ലക്ഷ്മണക്ഷേത്രം, പഞ്ചമുഖി ഹനുമാൻ, എന്നിവ കണ്ട് രാത്രി ഷിർദ്ദിയിലേക്ക് പുറപ്പെടുന്നു. രാത്രി ഷിർദ്ദിയിൽ താമസം, രാവിലെ ഷിർദ്ദി സായിബാബ മന്ദിരം, ദ്വാരകാമായി, ചാവഡി, ഗുരുസ്ഥാൻ, ലെൻഡിബാഗ്, ഖൻഡോപ, സായിമ്യൂസിയം എന്നിവ കണ്ട് നാസിക്കിലെത്തുന്നു. തുടർന്ന് രാംഘാട്ട്, സ്ഫടികശില, ജാനകികുണ്ഡ്, ഹനുമാൻ ധാര, ഗുപ്തഗോദാവരി, ശ്രീരാമജൻമഭൂമി, ഹനുമാൻ ക്ഷേത്രം, വാത്മീകി രാമായണ ഭവൻ, കനക ഭവൻ, ദശരഥ ഗദ്ധി, ഇവ ദർശിച്ച് കാശിയിൽ പിതൃകർമ്മങ്ങൾ, വിശ്വനാഥ ക്ഷേത്രം, അന്നപൂർണ്ണേശ്വരി, കാശി വിശാലാക്ഷി, ദ്വന്തി ഗണപതി, സാക്ഷി ഗണപതി ദർശനം നടത്തി19.8.2014ന് രാവിലെ വാരണാസി എയർപോർട്ടിൽ നിന്ന് കൊച്ചിയിലേക്ക് യാത്ര തിരിക്കുന്നു. മേൽപറഞ്ഞ സ്ഥലങ്ങൾ ഏതെങ്കിലും സാങ്കേതിക കാരണങ്ങളാൽ സന്ദർശിക്കാൻ സാധിക്കാതെ വന്നാൽ എറണാകുളം കരയോഗത്തിന് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ല. യാത്രക്കാരുടെ താമസം എ. സി. ഡബിൾ റൂമിൽ ആയിരിക്കും. ആദ്യം ബുക്ക് ചെയ്യുന്ന 35 പേർക്ക് മാത്രമായിരിക്കും ഈ യാത്രയിൽ അവസരം ലഭിയ്ക്കുകയുള്ളൂ എന്ന് പ്രത്യേകം അറിയിക്കുന്നു. വിമാനത്തിൽ ടിക്കറ്റ് ബുക്ക് ചെയ്യുന്നതുകൊണ്ട് എത്രയും പെട്ടെന്ന് സീറ്റ് റിസർവ് ചെയ്യുവാൻ താല്പര്യപ്പെടുന്നു.

ട്രെയിൻ/ ഫ്ളൈറ്റ് യാ(ത്രയിൽ ഭക്ഷണത്തിനുള്ള ചിലവ് ഒഴികെ ഭക്ഷണം, താമസം, ബസ്/ ട്രെയിൻ യാത്ര ചിലവ് എന്നിവ ഉൾപ്പെടെ 27,000 രൂപയാണ് മൊത്തം ചിലവ് പ്രതീക്ഷിക്കുന്നത്. പുണ്യസ്ഥലങ്ങൾ ദർശിക്കുമ്പോൾ അവിടുത്തെ ടിക്കറ്റ് ചാർജ്, ടോൾ, എൻട്രി ഫീ, റോപ് വേ, എന്നിവയ്ക്കുള്ള അധികചിലവ് തീർത്ഥാടകർ വഹിക്കേണ്ടതും ആയതിലേക്ക് മുൻകൂറായി 4000 രൂപ യാത്രപോവുന്ന ദിവസം കൺവീനറെ ഏൽപ്പിക്കേണ്ടതുമാണ്. തീർത്ഥയാത്രയ്ക്ക് വരുന്നവർ 2014 ജൂൺ 20ം തീയതിക്ക് മുൻപായി വിമാനടിക്കറ്റും മറ്റും ബുക്കു ചെയ്യുന്നതിലേക്കായി 15, 000 രൂപ മുൻകൂറായി കരയോഗത്തിൽ അടച്ച് സീറ്റ് ഉറപ്പുവരുത്തുവാൻ അഭ്യർത്ഥിക്കുന്നു. ബാക്കി 12,000 രൂപ ജൂലായ് 31 ന് മുൻപ് നൽകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് കരയോഗം വൈസ് പ്രസിഡൻറും ടൂർ കോർഡിനേറ്ററുമായ ശ്രീ. എ. മുരളീധരനെയോ, (9447060693), കരയോഗം പ്രസിഡണ്ട് കെ.പി.കെ. മേനോനെയോ (0484 2361160) ബന്ധപ്പെടുക.

## എറണാകുളം കരയോഗം വിമൺസ് ഫോറം

എല്ലാ മാസവും രണ്ടാം ബുധനാഴ്ചയും നാലാം ബുധനാഴ്ചയും ഉച്ചയ്ക്ക് മൂന്നു മണിക്ക് വിമൻസ് ഫോറത്തിന്റെ യോഗം ഉണ്ടായിരിക്കും. പ്രസ്തുത യോഗത്തിൽ, പ്രഗത്ഭരായ അഭിഭാഷകർ, സാമൂഹ്യ പ്രവർത്തകർ, ഡോക്ടർമാർ തുടങ്ങിയവർ സാമൂഹ്യ പ്രതിബന്ധതയുള്ള വിഷയങ്ങളെ അധികരിച്ച് സംസാരിക്കുന്നതാണ്. കരയോഗാംഗങ്ങളായ എല്ലാ സഹോദരിമാരും യോഗത്തിൽ പങ്കെടുക്ക ണമെന്ന് അഭ്യർത്ഥിക്കുന്നു.

## വായനക്കാരുടെ ശ്രദ്ധയ്ക്ക്

എറണാകുളം കരയോഗത്തിന്റെ മുഖപത്രമായ **"കരയോഗസൗഹൃദം"** എല്ലാ മാസവും 10–ാം തീയതി കരയോഗത്തിൽ നിന്നും തപാൽ മാർഗ്ഗം അയച്ചു വരുന്നു. എന്നാൽ പല വരിക്കാർക്കും യഥാസമയം സൗഹൃദം ലഭിക്കുന്നില്ല എന്ന് കരയോഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരയോഗത്തെ സംബന്ധിച്ച് പോസ്റ്റൽ നിമയപ്രകാരം എല്ലാ മാസവും 10–ാം തീയതി രാവിലെ 10 മണിക്ക് എറണാകുളം പാക്കറ്റ് സോട്ടിങ്ങ് ഓഫീസ്, കൊച്ചി – 35 എന്ന പോസ്റ്റോഫീസിൽ പോസ്റ്റ് ചെയ്തു വരുന്നുണ്ട്. ഏതെങ്കിലും സാങ്കേതിക കാരണങ്ങളാൽ കരയോഗ സൗഹൃദം ലഭ്യമാകാതെ വന്നാൽ അതിന് എറണാകുളം കരയോഗം യാതൊരു കാരണ വശാലും ഉത്തരവാദിയല്ല എന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന് ജനറൽ സെക്രട്ടറി

1189-ാംമാണ്ട് മിഥുന മാസം 1 മുതൽ 31 വരെ
2014-ാംമാണ്ട് ജൂൺ 15 മുതൽ ജൂലായ് 14 വരെ

ഫോൺ : 2361160

# മാസഫലം



**മേടക്കൂറ്** (അശ്വതി, ഭരണി, കാർത്തിക കാൽ) വ്യാഴം മൂന്നാം ഭാവത്തിലും രാഹു ഏഴിലും കേതു ജൻമത്തിലും ശനി ഏഴിലും സഞ്ചരിക്കുന്ന കാലമാണ്. കണ്ഠകശനി തുടരുന്നു. തൊഴിൽ രംഗത്ത് നേട്ടം. ഭാഗ്യനുഭവങ്ങൾ ഉണ്ടാകും. കൃഷി വ്യവസായ മേഖലകളിൽ പ്രവർത്തിക്കുന്നവർക്ക് വിജയം. കലാരംഗത്ത് നേട്ടം. മംഗളകർമ്മങ്ങളിൽ പങ്കെടുക്കും. വിദ്യാർത്ഥികൾക്ക് ഉന്നത വിജയം, ദൂരയാത്ര, സാമ്പത്തികച്ചിലവ്, മനസുഖക്കുറവ് . ദാമ്പത്യ പ്രതിസന്ധികൾ പരിഹരിക്കും. ദോഷശാന്തിക്കായി ഗണപതി ക്ഷേത്രദർശനം, കറുകമാല, ഒറ്റ അപ്പം, ശാസ്താക്ഷേത്രത്തിൽ നീരാജ്ഞനം, മഹാവിഷ്ണുവിന് പാൽപായസം എന്നിവ കഴിക്കുക.




**ഇടവക്കൂറ്** (കാർത്തിക മുക്കാൽ, രോഹിണി, മകയിരം പകുതി) രണ്ടാം ഭാവത്തിൽ വ്യാഴവും, ആറിൽ ശനിയും, കേതു പന്ത്രണ്ടിലും, രാഹു ആറിലും സഞ്ചരിക്കുന്നു. ഔദ്യോഗിക കാര്യങ്ങളിൽ അടുക്കും ചിട്ടയും ഉണ്ടാകും. ശത്രുക്കൾ ശല്യപ്പെടുത്തും. ഗൃഹനിർമ്മാണം ആരംഭിക്കുന്നതിന് നല്ല സമയമാണ്. പ്രമോഷന് സാധ്യത. ദോഷശാന്തിക്കായി നാഗരാജക്ഷേത്ര ദർശനം, ദേവിക്ക് കുങ്കുമാർച്ചന. ഹനുമാൻ സ്വാമിക്ക് വെറ്റിലമാല, ശിവന് വിളക്ക്, ധാര.



**മിഥുനക്കൂറ്** (മകയിരം പകുതി, തിരുവാതിര, പുണർതം മുക്കാൽ) ശനി അഞ്ചാം ഭാവത്തിലും, വ്യാഴം ജന്മത്തിലും രാഹു അഞ്ചിലും കേതു പതിനൊന്നിലും സഞ്ചരിക്കുന്നു. ധനാഗമനത്തിൽ അനുകൂലമായ മാറ്റം പ്രതീക്ഷിക്കാം. ആരോഗ്യനില അനുകൂലമായി തുടരുന്നതാണ്. ആഗ്രഹിക്കുന്ന കാര്യങ്ങൾ ഫലപ്രാപ്തിയിൽ എത്തിച്ചേരും. . വിദ്യാർത്ഥികൾക്ക് അനുകൂലമായ സമയമല്ല. വിവാദങ്ങളിൽ ചെന്നു ചാടാതെ സൂക്ഷിക്കുക. തൊഴിൽ സംബന്ധമായ കഷ്ടതകൾ ഉണ്ടാകുമെങ്കിലും അവയെ ദൈവാനുഗ്രഹത്താൽ തരണം ചെയ്യുവാൻ സാധിക്കും. ദോഷ പരിഹാരാർത്ഥം ഗണപതിക്ക് കൂട്ടപ്പം കറുകമാല, ശാസ്ത്രാക്ഷേത്രത്തിൽ നീരാജ്ഞനം അടനിവേദ്യം എന്നിവ നടത്തുക, മഹാവിഷ്ണുവിന് പുരുഷസൂക്തം കൊണ്ട് അർച്ചന നടത്തുക, പാൽ പായസം നിവേദിക്കുക.



**കർക്കിടകക്കൂറ്** (പുണർതം കാൽ, പൂയം, ആയില്യം) പന്ത്രണ്ടിൽ വ്യാഴവും ശനിയും, രാഹു നാലിലും, കേതു പത്തിലും. കണ്ടകശനി തുടരുന്നു. ഉദ്ദിഷ്ടകാര്യ സിദ്ധി. ദൂരദേശത്ത് മേന്മയുള്ള ജോലി സാധ്യത. കർമ്മപുരോഗതി,. അധികാരം കൂട്ടു കുടുംബത്തിൽ സ്വത്ത്, തർക്കം, കളത്ര ദുരിതം ഇവ ഉണ്ടാകാം. സാമ്പത്തിക സ്ഥിതി കൂടുതൽ മോശമാകും. കൃഷി വ്യാപര മേഖലകളിൽ അഭിവൃദ്ധി ഉണ്ടാകാൻ സാധ്യത. പൊതു പ്രവർത്തകർക്ക് കാലം അനുകൂലമല്ല. വിദ്യാർത്ഥികൾക്ക് കാമ്പസ് ഇന്റർവ്യൂകളിൽ തൊഴിൽ സാധ്യത. ദോഷപരിഹാരം മഹാഗണപതി ക്ഷേത്രത്തിൽ ഒറ്റ അപ്പം, മോദകം നിവേദിക്കുക. ശനിയാഴ്ചകളിൽ ശാസ്താക്ഷേത്രത്തിൽ നീരാജ്ഞനം, ശിവക്ഷേത്രത്തിൽ വിളക്ക്, മാല, ധാര,



**ചിങ്ങക്കൂറ്** (മകം, പൂരം, ഉത്രം കാൽ) മൂന്നാം ഭാവത്തിൽ ശനിയും രാഹുവും, കേതു ഒൻപതിലും വ്യാഴം പതിനൊന്നാം ഭാവത്തിലും സഞ്ചരിക്കുന്നു. ദൂരദേശ യാത്ര, വാഹനലാഭം ഇവ പ്രതീക്ഷിക്കാം. കർമ്മ രംഗത്ത് പുതിയ സംരംഭം, ധനധാന്യ സമൃദ്ധിയും ഉണ്ടാകും. പരമ്പരാഗതമായ തൊഴിൽ വിപുലീകരിക്കും. സ്ത്രീകൾ മംഗളകർമ്മങ്ങളിൽ പങ്കെടുക്കും. അന്യദേശത്തു നിന്ന് സാമ്പത്തിക സഹായം. മംഗല്യയോഗം, വിദ്യാർത്ഥികൾക്ക് പരീക്ഷാ വിജയം, മെച്ചപ്പെട്ട ജോലി. ദോഷ ശാന്തിക്കായി ശ്രീകൃഷ്ണ ക്ഷേത്രത്തിൽ വെണ്ണ, പഴം, പാൽ പായസം ഇവ നിവേദിക്കുക. ശിവക്ഷേത്രത്തിൽ വിളക്ക്, ധാര, മാല, മൃത്യുഞ്ജയാർച്ചന ഇവ ചെയ്യുക.



**കന്നിക്കൂറ്** (ഉത്രം മുക്കാൽ, അത്തം, ചിത്തിര പകുതി)വ്യാഴ ജന്മത്തിലും കേതു എട്ടിലും സഞ്ചരിക്കുന്നു. ഏഴരശനി തുടരുന്നു. പുണ്യക്ഷേത്ര ദർശനയോഗം തൊഴിൽ പരമായി ഉയർച്ച അവിവാഹിതർക്ക് വിവാഹ തടസ്സങ്ങൾ നീങ്ങി വിവാഹം നടക്കാൻ സാധ്യത. സ്ഥിരജോലി, പുത്തൻ ധനാഗമ മാർഗ്ഗം സാമ്പത്തിക മേന്മ, സ്ത്രീകൾക്ക് കലാരംഗത്ത് അന്തർദ്ദേശീയ പുരസ്കാരം. സാമ്പത്തിക കാര്യങ്ങളിൽ ശ്രദ്ധിക്കുക. ചതിയിൽ പെടാനിടയുണ്ട്. സംഘടനാ തലത്തിൽ അംഗീകാരം. ദോഷ പരിഹാരം മഹാഗണപതി ക്ഷേത്രത്തിൽ നീരാജ്ഞനം, ദേവീ ക്ഷേത്രത്തിൽ കടും പായസം നിവേദിക്കുക. ലളിതാ സഹസ്രനാമം ജപിക്കുക.



**തുലാക്കൂറ്** (ചിത്തിര പകുതി ചോതി, വിശാഖം മുക്കാൽ) ശനിയും രാഹുവും ജന്മത്തിലും കേതു ഏഴിലും വ്യാഴം ഒമ്പതിലും സഞ്ചരിക്കുന്നു. ഏഴരശനി തുടരുന്നു. ഉദ്യോഗസ്ഥർക്ക് കർമ്മമണ്ഡലത്തിൽ ഉയർച്ച സ്ഥാനലബ്ധി എന്നിവ പ്രതീക്ഷിക്കാം. ശരീരസുഖം കുറയും, വിവാഹ ബന്ധങ്ങളിൽ ചില അപസ്വരങ്ങൾ ഉണ്ടാകാം. കലാ രംഗങ്ങളിൽ പ്രവർത്തിക്കുന്നവർ ചില വിവാദങ്ങളിൽ ചെന്നുപെടുവാൻ ഇടയുണ്ട്. സന്താന ദുഃഖത്തിന് ഇടയുണ്ട്. ദോഷശമനത്തിനായി ശാസ്താ ക്ഷേത്ര ദർശനം, നീരാജ്ഞനം, ഹനുമാനു വടമാല ഇവ നടത്തുക. വിഷ്ണുസഹസ്ര നാമം ജപിക്കുക. നവഗ്രഹക്ഷേത്രത്തിൽ അർച്ചന നടത്തുക.



**വൃശ്ചികക്കൂറ്** (വിശാഖം കാൽ, അനിഴം, തൃക്കേട്ട) വ്യാഴം എട്ടാം ഭാവത്തിലും ശനിയും രാഹുവും പന്ത്രണ്ടാം ഭാവത്തിലും കേതു ആറിലും സഞ്ചരിക്കുന്നു. ഏഴര ശനി തുടരുന്നു. ധനപരമായ പ്രയാസങ്ങൾ ഉണ്ടാകും. ഭൂമി വാഹനം ഇവയിൽ നിന്ന് സാമ്പത്തിക നഷ്ടങ്ങൾ ഉണ്ടാകാം. രോഗങ്ങൾ അലട്ടും, ഗൃഹം സ്വന്തമാക്കുന്നതിനുള്ള അവസരം വന്നു ചേരും. കൃഷി, വ്യവസായ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് ഉയർച്ച. സ്ത്രീകൾക്ക് സ്ഥാന ലബ്ധിയും വിജയവും ഉണ്ടാകും. പുതിയ പ്രവർത്തനങ്ങൾ തുടങ്ങും. ദോഷശാന്തിക്കായി നവഗ്രഹക്ഷേത്രത്തിൽ അർച്ചന. ശാസ്താവിന്റെ അഷ്ടോത്തര നാമം, ഭാഗവത പാരായണം ലളിത സഹസ്രനാമം ഇവ പതിവായി വായിക്കുക.



**ധനുക്കൂറ്** (മൂലം, പൂരാടം, ഉത്രാടം കാൽ)വ്യാഴം ഏഴിലും ശനിയും രാഹുവും പതിനൊന്നാം ഭാവത്തിലും കേതു അഞ്ചിലും സഞ്ചരിക്കുന്നു. സാമ്പത്തിക സ്ഥിതി മെച്ചപ്പെടും പൊതു പ്രവർത്തകർക്കും, കലാസാഹിത്യ മേഖലകളിൽ പ്രവർത്തിക്കുന്നവർക്കും യശസ്, കർമ്മപുഷ്ടി അംഗീകാരം ഇവ ലഭിക്കും.ശാരീരികമായ അസ്വസ്ഥതകൾ ആരോഗ്യനിലയെ ബാധിക്കാനിടയുണ്ട്. സ്ത്രീകൾക്ക് കർമ്മരംഗത്തും കുടുംബ പ്രശ്നങ്ങളിലും ഭാഗ്യാനുഭവങ്ങൾ ഉണ്ടാകും. ദോഷപരിഹാരം നവഗ്രഹ ക്ഷേത്രത്തിൽ ശനീശ്വരന് പ്രത്യേക പൂജ നടത്തുക. വിഷ്ണു ക്ഷേത്രത്തിൽ ദർശനം നടത്തുക. പാൽ പായസ നിവേദ്യം നടത്തുക. വിഷ്ണു സഹസ്രനാമം ജപിക്കുക.



**മകരക്കൂറ്** (ഉത്രാടം, മുക്കാൽ, തിരുവോണം ,അവിട്ടം പകുതി) വ്യാഴം ആറിലും ശനിയും രാഹുവും പത്താം ഭാവത്തിലും സഞ്ചരിക്കുന്നു. കണ്ടകശനി തുടരുന്നു. പല പ്രതിസന്ധികളെയും നേരിടേണ്ടി വരും. തൊഴിൽ രംഗത്തെ തെറ്റായ തീരുമാനങ്ങൾ മനക്ലേശത്തിന് ഇട വരാം. കുടുംബ സുഖക്കുറവ്, സ്വജനകലഹം ഇവ ഉണ്ടാകും. ശാരീരികമായ ചില അസ്വസ്തതകൾ മനസുഖം കുറക്കും. . വിദ്യാർത്ഥികൾക്ക് മികച്ച വിജയം ദോഷ പരിഹാരാർത്ഥം വിഷ്ണു സഹസ്രനാമം ജപിക്കുക. ഹനുമാൻ സ്വാമിക്ക് യഥാശക്തി വഴിപാടായി നടത്തുക. കുടുംബ പരദേവതാ ക്ഷേത്രത്തിൽ പട്ടും താലിയും സമർപ്പിക്കുക.



